# കവന കലാസരണി

പയ്യംപെള്ളിൽ ഗോപാലപിള്ള

വിദ്യാർത്ഥിമിത്രം പ്രസ്സ് & ബുക്കുഡിപ്പോ
കോട്ടയം

# കവനകലാസരണി

ഗ്രന്ഥകർത്താ,

പയ്യംപെള്ളിൽ ഗോപാലപിള്ള

1228

MUNAVVIRUL ISLAM HIGH SCHOOL
Date 5106
ERNAKULAM

വില 1—50

വിദ്യാർത്ഥിമിത്രം ബുക്കഡിപ്പോ,

ബേക്കർ റോഡ് :: കോട്ടയം.

KAVANAKALA SARANI

BY PAYYAMPELLIL GOPALA PILLAI

First Edition
April 1964

Price Rs. 1-50

*Copy right reserved by the Publishers.*

Published by

THE VIDYARTHI MITHRAM PRESS & BOOK DEPOT.
KOTTAYAM, KERALA STATE.

Printed at

THE VIDYARTHI MITHRAM PRESS,
KOTTAYAM.

*O. N. 928 * 1000*

5106

MUNAWIRUL ISLAM HIGH S
Date
ERNAKULAM

## ഒരു വാക്ക്

കവന കലാസരണിക്ക്, കവിതയുടെ പ്രഭാവം, കവിതയെഴുതുന്ന രീതി, ശബ്ദാലങ്കാരം, തർജ്ജമ ഇങ്ങനെ നാലു വിഭാഗങ്ങൾ ഞാൻ സങ്കല്പിച്ചു. കവിതയെഴുതുന്ന രീതിക്ക് ഒരു 'സ്റ്റഡിക്ലാസ്സ്" എന്ന മട്ടിൽ പ്രാധാന്യം നല്കി. ഓരോന്നിനും വിശദീകരണവും ഉണ്ട്. അവ കുററവും കുറവും അററതെന്നോ സമ്പൂർണ്ണങ്ങളെന്നോ എനിക്ക് അഭിപ്രായമില്ല. എങ്കിലും ജിജ്ഞാസുക്കൾക്ക് നിരാശപ്പെടവരികയില്ലെന്നു വിശ്വസിക്കയും സഹൃദയരായ മഹാജനങ്ങളുടെ ആശീർവാദത്തിനായി അഭ്യർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

MUNAWIRUL ISLAM HIGH
Date
ERNA

5106

# കവനകലാസരണി

'കവിതാശാഖയേറി, ശ്രീ-
രാമരാമേതി മോഹനം
പാടുന്ന ദിവ്യവാല്മീകി-
കോകിലത്തെത്തൊഴുന്നു ഞാൻ.'

## അദ്ധ്യായം 1
## കവിതാപ്രഭാവം

സഹൃദയന്മാരെ രസിപ്പിച്ച് ആനന്ദമരുളുന്നതാണ് സാഹിത്യം. വിദ്വാന്മാരുടെ വിശുദ്ധ ഹൃദയതലമാണ് അതിന്റെ ഉറവിടം. മനുഷ്യജീവിതത്തിന്റെ പരുപരുത്ത ഭാഗങ്ങൾ, മൃദുലസുന്ദരമാക്കുവാൻ അതിന് വലിയ കഴിവുണ്ട്. ആ സാഹിത്യത്തിന് ഗദ്യം, പദ്യം എന്ന് വിഭാഗങ്ങൾ പറയാം. അതിൽ പദ്യത്തിന്റെ — കവിതയുടെ — അവതാരകൻ, അതിന്റെ മേന്മ കാണാനും ആശംസിക്കാനും കഴിവുള്ള ഒരു പൂജ്യപാദരാണ്. അതായത് വാല്മീകി മഹർഷി.

അദ്ദേഹത്തിന്റെ സാന്നിദ്ധ്യംകൊണ്ട് പുണ്യമേറിയ ഒരു വനത്തിൽ, ഒരു വേടൻ കാമലീലാലോലുപരായ ക്രൗഞ്ചമിഥുനത്തിലൊന്നിനെ അമ്പെയ്ത് വധിച്ചു. താപസൻ അതു കണ്ടു. ഹൃദയതലം ദയാർദ്രമായി. തൽക്ഷണം ഒരനുഷ്ടുപ്പ് അവതീർണ്ണമായി; ഇപ്രകാരമത് വെളിയിൽ വന്നു.

"മാനിഷാദ! പ്രതിഷ്ഠാം ത്വ-
മഗമശ്ശാശ്വതീ:സമാ:
യൽക്രൗഞ്ചമിഥുനാദേക-
മവധീ:കാമമോഹിതം."

'ഹേ! നിഷാദ! ക്രൗഞ്ചമിഥുനാൽ കാമമോഹിതം ഏക-കം യൽ അവധീ: (തൽ) ത്വം ശാശ്വതീ: സമാ: പ്രതി-ഷ്ഠാം മാ അഗമ:' എന്നു് അന്വയം.

അല്ലയോ കാട്ടാള! (കാമമോഹിതം എന്ന വിശേഷണം ഏകം എന്ന പദത്തിലന്വയിക്കുന്നതാണു്.) ക്രൗഞ്ചപക്ഷികളിൽനിന്നു് കാമമോഹിതമായ ഒന്നിനെ വധിക്കുകയാൽ നീ വളരെക്കാലം ജീവിച്ചിരിക്കാതെ പോകട്ടെ. (മരിച്ചുപോകട്ടെ) എന്നു് അൎത്ഥം. കാട്ടാളൻ തൽക്ഷണം മരിച്ചുവീണു.

ഈ പദ്യത്തിനു് മറെറാരൎത്ഥംകൂടെ ഉൾക്കൊണ്ടിരിക്കുന്നു. അന്വയപരിഗണനയിൽ 'മാ' എന്നപദം നിഷാദ! എന്നതിൻെറ ഇടത്തുവശത്തു ചേൎക്കുമ്പോൾ അതു് വ്യക്തം. 'അല്ലയോ ശ്രീരാമ! അങ്ങു രാവണനെ കൊല്ലുകയാൽ വളരെക്കാലം ജീവിച്ചിരുന്നാലും.' എന്നു് ആശംസാപരമായ ഒരാശയം കൂടെ.

ദേവന്മാരുടെ പ്രോത്സാഹനം മൂലം വാല്മീകി, രാമായണം കഥ എഴുതി. ക്രമേണ മററു പലരും അതിനെ പിൻതുടൎന്നു. ആ മഹാത്മാവു് നട്ട കവിതാകല്പലത, വിവിധ ശാഖോപശാഖയായി വളൎന്നു് പുഷ്പിച്ചു് ഫലിച്ചു് ഇതാ സകലൎക്കും ആസ്വാദിക്കുവാൻ തക്ക നിലയിൽ പ്രശോഭിച്ചരുളുന്നു.

സാധാരണ സംസാരിക്കുന്നതാണു് ഗദ്യം. പദ്യത്തിനു് വൃത്തബന്ധാദികളുണ്ടു്. അതു് എല്ലാവൎക്കും പ്രാപ്യമല്ല. പരമാൎത്ഥം അപ്രകാരമിരിക്കെ ഗദ്യംകൊണ്ടുതന്നെ സാഹിത്യകാൎയ്യങ്ങൾ നിൎവ്വഹിച്ചുകൂടെ? എന്തിനു പദ്യത്തെ ആശ്രയിക്കുന്നു? എന്നൊരു പ്രശ്നമുളവാകാം. അതിനെപ്പററി അല്പം ചിന്തിക്കണം.

"മഹീപതേ! ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാ—
മർത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ട്."

ഈ പദ്യം സുപ്രസിദ്ധമാണു്. ഒരു ദരിദ്ര കവി ഇതെഴുതി ഒരു രാജാവിനു കാഴ്ചവച്ചു. രസികശിരോമണിയായ നൃപോത്തമൻ, ഒരു എട്ടുകെട്ടു പണിയിച്ചുകൊടുത്തതുകൂടാതെ വേണ്ട സമ്പത്തും കൊടുത്തു് കവിയെ ബഹുമാനിച്ചു.

'അല്ലയോ രാജാവേ! എൻെറ ഭവനവും ഭാഗവതവും ഒരുപോലെയാണു്. രണ്ടും മഹാ'പുരാണം.' നോക്കുന്നവർക്കു് 'വിരക്തി ഉടനെയുണ്ടാകും. അർത്ഥങ്ങളില്ലെന്നുമാത്രം ഒരു ഭേദം കാണുമാനുണ്ടു്.' ഏതാണ്ടിപ്രകാരമാണു് മേലെഴുതിയ പദ്യത്തിലെ ആശയം. ഇതു് ഗദ്യത്തിലെഴുതി കാഴ്ചവച്ചിരുന്നെങ്കിൽ!!?

## കണ്ണപ്പവ്വരീതി (അന്നനട)

"പരധനമാരും കൊതിക്കരുതെന്നു
പര, മഗാധമാ മുപനിഷദാകും
കിടങ്ങാകുന്നു നാമനീതികൊണ്ടുകൈ—
യടക്കിയമുതലതുപോലെ നിൽക്കാൻ.
പുതിയ കൊള്ളക്കാരക്കതിന്മേൽ തീക്കുന്നു
ചതിപ്പാലമതുവലിക്കാം സ്വേച്ഛപോൽ."

(മഹാകവി, ജീ. ശങ്കരക്കുറുപ്പു്.)

മനുഷ്യൻെറ മൃഗീയത മൂത്തസ്വാത്ഥതയുടെഘോരാകാരം തെളിച്ചുകാട്ടി, അവനെ മനുഷ്യത്വത്തിലേക്കു, പോരാ ദേവത്വത്തിലേക്കുയർത്താൻ ശ്രമിക്കുന്ന ഈ കവിഭാവനാപ്രഭാവം, ഒരു ഗദ്യരൂപത്തിൽ കൂടെ കാണിച്ചു് താരതമ്യവിവേചനം ചെയ്യാൻ പോലും എൻെറ പേന തയ്യാറാകുന്നില്ല. മറെറാന്നു നോക്കുക.

കർഷകൻെറ പരിസരങ്ങളിൽ നെൽക്കുനകൾ അങ്ങിങ്ങു കിടക്കുന്നു. അയൽക്കാരിയായ കവിപത്നി കർഷകപത്നിയുടെ അടുക്കൽചെന്നു് നാലഞ്ചുപറ നെല്ലു കടം ചോദിക്കുന്നു. അതിൻെറ മറുപടിയറിയേണ്ടേ?

കേക.

"വല്ലതും കഥയില്ലാതോത്തുകൊണ്ടുറങ്ങും നിൻ-
വല്ലഭന്നൊരു ചില്ലിക്കാശിന്നില്ലല്ലോ മാർഗ്ഗം.
അറിവുണ്ടെയാൾക്കെന്നു ലോകമോതുന്നുകഷ്ടം!
വെറുതേ മനോരാജ്യമാളികതീക്കാൻ മാത്രം.
തിരിയെത്തരാംപോലും! നന്നായി! തീർന്നുപെട്ടെ-
ന്നിരുവാ,ക്കതോമ്മിച്ചു നൽകുവാൻ നെല്ലില്ലല്ലോ."

ഇതു വായിച്ചുതീരുമ്പോൾ അവളെ സമീപമെങ്ങാനും കണ്ടാൽ കരണക്കുററി തീത്തു് രണ്ടടി കൊടുക്കാൻ സാധാരണ ക്ഷമയുള്ള സഹൃദയന്മാർ കൈയുയത്താതിരിക്കയില്ല. അത്രമാത്രം വികാരക്ഷുഭിതരാക്കുവാൻ കൂടുതൽ കഴിവു് ഉത്തമകവിതയ്ക്കല്ലാതെ ഉണ്ടാകുമോയെന്നു് സാദരം ചോദിക്കുന്നു.

"പുറം കഠോരം പരിശുഷ്ക്കമേററ-
മുള്ളോമൃദുസ്വാദുരസാന്ദ്രവിദ്ധാം
നാടൻ കൃഷിക്കാരൊരുനാളികേര-
പാകത്തിലാണിങ്ങനെ മിക്കപേരും."

(കുററിപ്പുറത്തു കേശവൻനായർ)

നാടൻ കൃഷിക്കാർ നാളികേരപാകത്തിലാണു്. ഇരുകൂട്ടരുടേയും 'പുറം കഠോരവും ശുഷ്ക്ക'വുമത്രേ. എന്നാൽ 'ഉള്ളോ? മൃദുസ്വാദുരസാന്ദ്രവിദ്ധ'മാകുന്നു. ഇവിടെ ശ്ലേഷംകൊണ്ടു് കവി വ്യഞ്ജിപ്പിച്ചിട്ടുള്ള ആശയവിശേഷം ഒന്നു ശ്രദ്ധിക്കുക. അപ്പോൾ കാണാം; ബാഹ്യമോടികൊണ്ടു് ഭ്രമിപ്പിച്ചു് വൻചതി പെരുമാറുന്ന ഇന്നത്തെ പരിഷ്കൃതജനതയും ആഡംബരരഹിതമെന്നു തോന്നിയാലും ഉള്ളിലെ മൃദുസ്വാദുരസാദികൾകൊണ്ടു് മിന്നിത്തിളങ്ങുന്ന കൃഷിക്കാരും തമ്മിലുള്ള അന്തരം എത്ര

മനോമോഹനമായി ചിത്രീകരിച്ചിരിക്കുന്നുവെന്ന്. ഇതു് ഗദ്യരൂപത്തിലെഴുതി ഒന്നു പരിശോധിച്ചുനോക്കുന്നതുകൊള്ളാം.

"മയ്യണ്ണിമാർക്കുമിഹമർത്ത്യജാതികൾക്കു-
മൊക്കും സ്വഭാവ,മതിനില്ലവികല്പമേതും
ചെൽക്കൊണ്ടകായ്കനികൾതിന്നുരസിച്ചിരിക്കെ
കയ്ക്കുന്നകാഞ്ഞിരവുമൊന്നുകടിച്ചുനോക്കും."

ഈ പദ്യം വായിക്കുമ്പോൾ ചിന്താശീലരുടെ ഹൃദയതലത്തിൽനിന്നു് ഉയരുന്ന ഒരു മധുര മന്ദസ്വരം, 'സ്ത്രീകളുടേയും കുരങ്ങന്മാരുടേയും പ്രകൃതം ഒരുപോലെയാണു്. രണ്ടുകൂട്ടരും നല്ല കായ്കനികൾ തിന്നുരസിച്ചിരിക്കുമ്പോൾതന്നെ കയ്ക്കുന്ന കാഞ്ഞിരവും കടിച്ചുനോക്കും' എന്നു് ഗദ്യത്തിൽ പറഞ്ഞാലുണ്ടാകുമോയെന്നു് സ്വാനുഭവത്തോടു ചോദിച്ചുനോക്കുന്നതുകൊള്ളാം.

"കുളിർമതിവദനം വിളർത്തുപുത്തൻ
തളിരൊളിചെഞ്ചൊടിമോടിപോയ്മറഞ്ഞു.
ഗളതലമബലം തളർന്നുചാഞ്ഞ-
ക്കളമൃദുഭാഷിണി തോളിടിഞ്ഞുനിന്നാൾ."

(വിദ്വാൻ ഗോപാലഗണകൻ)

ഉഷയുടെ ദയനീയസ്ഥിതി, ഹൃദ്യമായും പരിമോഹനമായും വർണ്ണിച്ചു് വായനക്കാരൻെറ ഹൃദയതലം വെണ്ണനെയ്യാക്കി മാററാൻ ചാരുകവിതയ്ക്കേ കഴികയുള്ളുവെന്നു് സഹൃദയന്മാർ സമ്മതിക്കുകതന്നെ ചെയ്യും.

"ഗദകബളിതമെൻെറ കണ്ണുയുഗ്മം
വദന വിഭൂഷണമാത്രമായ് ചമഞ്ഞു.
കദനമിതൊഴിവാക്കുകംബികേ! നിൻ-
പദസരസീരുഹദാസനല്ലയോഞാൻ."

(മഹാകവി വള്ളത്തോൾ)

ഇതു വായിച്ചുകഴിയുമ്പോൾ എൻെറ ദേവീ! മഹാകവിക്കു് കണ്ണുരോഗശാന്തി ഉടനെ അരുളണേയെന്നു് ഹൃദയശുദ്ധന്മാർ

പോലും പ്രാർത്ഥിച്ചുപോകും. അവിടവും കവിഞ്ഞു്, അപ്രകാരം ചെയ്യാത്ത ദേവിയുടെ നിർദ്ദയത്വത്തിന്റെ നേരേ പരിഭവക്കല്ലു് വാരിയെറിയുന്നവരും കുറവായിരിക്കയില്ല.

'ഹേ! ദേവീ! രോഗബാധിതമായ എന്റെ ചെവികൾ ഇപ്പോൾ മുഖത്തിനു ഒരലങ്കാരം മാത്രമാണു്. ഞാൻ നിന്റെ ദാസനല്ലേ? ഈ സങ്കടം ഒന്നൊഴിവാക്കിത്തരണമേ!' എന്നു ഗദ്യത്തിൽ പറഞ്ഞാലുള്ള വ്യത്യാസം ഒന്നു ഗണിച്ചുനോക്കുന്നതു് നന്നായിരിക്കും.

വിയോഗവിധുരയായ രാധ ഒരു വണ്ടിനോടു ചോദിക്കുകയാണു്:-

"കണ്ടോ,? മൽക്കൊണ്ടൽവർണ്ണൻ തിരുമുഖകമലം,
പ്രേമമാധുര്യസാരം
കൊണ്ടാടും ബാലകൃഷ്ണൻ തിരുമുഖകമലം,
മൽമനോദർപ്പണത്തിൽ
കണ്ടീടും ദിവ്യമാമത്തിരുമുഖകമലം
തേൻകണം തെണ്ടിമണ്ടും
വണ്ടേ!, കണ്ടില,കണ്ടാലിതരസുമ രസം
തെണ്ടുമോ മണ്ടുമോ? നീ"

(സുഭാഷിണി, പി. കെ. ഗോവിന്ദപ്പിള്ള)

ഒരിക്കലും മങ്ങിമായാത്ത കവിതയുടെ മനോഹാരിതത്വത്തിന്റെ മാററു് ഈ പദ്യം വേണ്ടുവോളം തെളിച്ചു കാണിക്കുന്നുണ്ടു്.

കുറച്ചുകാലം മുൻപു് ഒരു വിദുഷിയും ഒരു സരസകവിയും കൂടി സംസാരിച്ചുകൊണ്ടിരിക്കവേ സമീപമുള്ള മാവിൽനിന്നു് ഒരു മാമ്പഴം താഴെ വീണു. കവി അതെടുക്കുവാൻ ഓടി: ഉടനെ 'അരുതു്, ഒരു പദ്യം ചൊല്ലിയശേഷമേ മാമ്പഴമെടുക്കാവൂ' എന്നൊരാജ്ഞ വിദുഷി പുറപ്പെടുവിച്ചു. തൽക്ഷണം കവി ചൊല്ലിയ സംസ്കൃതപദ്യത്തിന്റെ തർജ്ജമ അടിയിൽ കുറിക്കാം.

"മാധുര്യമേറെയധരത്തൊടു ചേക്കവേ; സം-
ഭോഗതാവിനേകമതിസാദമൊടൊത്തുറക്കം

നൻമാർദ്ദവം പുറമെയുണ്ടകമോകഠോര—
മീമാമ്പഴം കമനിപോൽകമനീയമല്ലീ?"

"ഈ കവിതചൊല്ലിക്കഴിഞ്ഞയുടനെ ആ സരസദ്രുതകവിയുടെ മൃദുസ്മേരമോഹനമായ മുഖകമലത്തിൽ, സ്വയംവശ്യയായ ആ കവിതാകാമിനിതന്നെ കൊഞ്ചിക്കുഴഞ്ഞുകൊണ്ടു് ഏതാനും ചുംബനമുദ്രകൾ അർപ്പിച്ചിരിക്കുമെന്നുള്ളതിനു് സംശയമില്ല.

ഗദ്യത്തിനു് പല മേന്മകളുണ്ടു്. അതിനെ കവിയുന്ന കഴിവു് പദ്യത്തിനുണ്ടെന്നു് ഇനിയും മാതൃകകാണിക്കുവാൻ ഒരുങ്ങുന്ന പക്ഷം അതുതന്നെ ഏതാനും പുസ്തകരൂപം കൈക്കൊള്ളേണ്ടതായി വരും.

'നല്ല പാട്ടു കേൾക്കുന്ന ബഹുശതം ജനങ്ങൾ തദ്രസത്തിലാറാടുന്നു. നീറിപ്പിടഞ്ഞുകരയുന്ന ശിശുക്കളെ അമ്മമാർ മടിയിൽ-തൊട്ടിയിൽ-കിടത്തിക്കൊണ്ടു് 'ആരിരോരാരിരാരോ! ഉറങ്ങുറങ്ങാരിരാരാരിരാരോ!' ഇത്യാദി താരാട്ടുകൾ പാടിവളരെനേരം ഉറക്കുന്നു. പാമ്പാട്ടിയുടെ ഓടക്കുഴൽ നാദത്തിൽ ലയിച്ചു് ഘോരസർപ്പം ഫണം വിരിച്ചു് ആടുന്നതു് പലരും കണ്ടിരിക്കും. ഗ്രാമഫോൺ പാട്ടുകൊണ്ടു് മനംമയക്കി ചില കള്ളിപ്പശുക്കളുടെ പാൽ മുഴുവനോടെ കറന്നെടുത്തുവരുന്നതായി പത്രവാർത്തയുണ്ടു്. ഇവയെല്ലാം കവിതയുടെ നിസ്തുല്യമായ സാരസ്യത്തിനും സ്വാരസ്യത്തിനും ദൃഷ്ടാന്തങ്ങളാണല്ലോ.

ഇനി കവിയുടെ പ്രഭാവം വെളിവാക്കുന്ന ഏതാനും ഉദാഹരണങ്ങൾകൂടി എടുത്തു കാണിക്കാം.

ഒരു ഗൗരിയമ്മ ഭർത്താവിൻെറ സ്വത്തുമുഴുവൻ സ്വന്തകൈവശമായിക്കഴിഞ്ഞപ്പോൾ ആകപ്പാടെ മട്ടൊന്നുമാറി. സാധു, പുരുഷൻ കുഴപ്പത്തിലുമായി. ഒരു കവിയതുകണ്ടു. തൽഭാവന ഒരു ചെറിയ കവിതയായിരൂപമെടുത്തു.

"ഉടൽ പാതിപകുത്തുനൽകിയിട്ടും
'മടിയാണോ'ശരിയായിരിക്കുവാനായ്
മടവാർമണിയായ ഗൗരിയമ്മേ!
'മുടിയാറായവ'നോടിതൊക്കെയൊക്കും."

പാർവ്വതീപക്ഷത്തുകൂടി അർത്ഥം യോജിക്കുന്ന ഈ സരസപദ്യം ആ കുടുംബകലഹം അവസാനിക്കുവാൻ കാരണമായിത്തീർന്നു.

പണ്ടു് ഒരു മഹാരാജാവു്, വിദുഷിയായ തൻെറ ഭാഗിനേയിക്കു് വിവാഹകാര്യം തീരുമാനിച്ചു. വരൻ സുന്ദരൻ, ധനികൻ, യുവാവു്. എന്നിട്ടും രാജകുമാരി സപ്രതിഷേധം പ്രകടമാക്കി. കുമാരിയുടെ ഗുരുനാഥൻ ആ അനുസരണക്കേടിനെ പഴിച്ചു. ഉടനെ ആ വിദുഷീമണി ഒരു ചെറിയ കവിത ഗുരുസമക്ഷം സമർപ്പിച്ചു.

"യസ്യഷഷ്ഠീ ചതുർത്ഥീ ച
വിഹസ്യ ച വിഹായ ച
അഹംകഥം ദ്വിതീയാസ്യാൽ
ദ്വിതീയാസ്യാമഹംകഥം?"

യാതൊരുത്തന്നു് വിഹസ്യ, വിഹായ ഇവ ഷഷ്ഠിയും ചതുർത്ഥിയുമായിട്ടും (രണ്ടും അവ്യയങ്ങളാണു്) അഹം, കഥം ഇവ ദ്വിതീയയായിട്ടും (അഹം അസ്മച്ഛബ്ദം ഏകവചനവും കഥം അവ്യയവുമാണു്) ഭവിക്കും, അപ്രകാരമുള്ളയാളിൻെറ ദ്വിതീയ(പത്നി) യായിട്ടു് ഞാൻ എങ്ങിനെ കഴിഞ്ഞുകൂടും.

ഈ പദ്യം സകല പരിഭവങ്ങളേയും അകററി ആശാനുകൂലമായ ദാമ്പത്യജീവിതം ആ കവയത്രിക്കു് ഉണ്ടാക്കിക്കൊടുത്തതായിട്ടാണറിവു്.

ഒരു കവിയായ പോലീസുകാരനെ മററൊരാളിൻെറ ഏഷണിനിമിത്തം മേലധികാരി, ഉദ്യോഗത്തിൽനിന്നു പിരിച്ചയച്ചു. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട ആ കവിയുടെ ഹൃദയസന്താപം ഒരു കവിതാരൂപം കൈക്കൊണ്ടു.

"നേരിന്നാരറിയുന്നു ദൈവമൊഴികെ,പ്പാരിങ്കൽവൈരംകലർ-
ന്നോരോ ദൂഷണമേഷണിക്കവീരുതന്മാർ കെട്ടിയുണ്ടാക്കിലും
കാര്യത്തിൻെറ നിജംതിരക്കിയറിയാതീമട്ടു ശിക്ഷിക്കുവാ-
നാരോ കാരണ, മായവൻെറ തലയിൽ വീഴട്ടിടിത്തീ
ജ്വാൽ."

താമസംവിനാ ആ ഏഷണിക്കാരന്റെ വീട് അഗ്നിക്കിരയായിയെന്നും കവിയുടെ ഉദ്യോഗം തിരിച്ചുകിട്ടിയെന്നും ആണ് കേൾവി.

ഏതാണ്ട് നാല്പതുവർഷങ്ങൾക്കു മുൻപ് ഏഴാംക്ലാസ്സു പരീക്ഷയിൽ ജയിച്ച ഒരു സാധുയുവാവ് എത്ര ശ്രമിച്ചിട്ടും ഒരുദ്യോഗലാഭമുണ്ടായില്ല. അയാൾ ഏതാനും പദ്യങ്ങൾ എഴുതി, അന്നു ദിവാൻജിയായിരുന്ന മന്നത്തു് കൃഷ്ണൻനായരുടെ സന്നിധിയിൽ സമർപ്പിച്ചു. അതിനു പ്രേരണനൾകിയതു് ഞാൻ കൂടെയാണ്. ആ പദ്യങ്ങളിൽ ചിലതു് അടിയിലെഴുതാം.

"ഒട്ടേറെയാളുകൾ കനിഞ്ഞതുകൊണ്ടൊ 'രേട്ട-
കെട്ടെ'ന്ന തുച്ഛതരമായ പരീക്ഷതന്നിൽ
ശിഷ്ടാഗ്ര്യ! ഞാൻ പരമുയന്നു ജയിച്ചു പിന്നീ-
ടഷ്ടിക്കുവേണ്ടവഴി തെണ്ടിനടന്നിടുന്നു.
ഉദ്യോഗമോടുപലദിക്കിലുഴന്നു ഞാനൊ-
രുദ്യോഗസിദ്ധിയതിനായ് പലവാതിൽകാത്തു
മദ്യോഗശക്തിയുടെ ദുഷ്പരിപാകമൂല-
മദ്യാപിയാതൊരുവരും തുണചെയ്തതില്ല.

അങ്ങേകനാണിനിയെനി ക്കവലംബ,മെന്നു-
മങ്ങാണിവന്റെ കുലദൈവതമാര്യമൗലേ!
അങ്ങാണിവന്റെ സകലാഭ്യുദയപ്രദാതാ-
വങ്ങുന്നൊഴിക്കിലിവനുള്ളൊരു ഭാവിയെന്തോ?"

കവിത വാങ്ങി വായിച്ചയുടനെ ആ മഹാനുഭാവൻ അഭയാർത്ഥിയുടെ ഉദ്യോഗലാഭത്തിനു് ഉചിതമായ ഏർപ്പാടുചെയ്തു. ആ ആൾ കവിതാപ്രസ്ഥാനത്തിൽനിന്നു് പിന്തിരിഞ്ഞുവെങ്കിലും മാന്യമായ നിലയിൽ ഇന്നും ജീവിച്ചിരിപ്പുണ്ടു്.

വിശ്രുതനായ കുഞ്ചൻനമ്പ്യാർ മഹാരാജാവിനു കാഴ്ചവച്ച ഒരു പദ്യം സുപ്രസിദ്ധമാണ്.

"'പൂജ്യ'സ്ത്വം സുജനൈരഹം ചവിട്ടിഭി-
ശ്ശത്രുക്കളാലന്വഹം
കേറാൻ 'വാരണ'മുണ്ടുതേ മമതഥാ
കൊട്ടാരവാതുക്കലും

...IRVL ISLAM HIGH S... ERNAKULAM

ഒട്ടംത്'ന്നരി'യില്ലതേ മമതഥാ
പുഷ്ടിക്കകപ്പാട്ടില്യം
സേവിച്ചിട്ടടിയൻ ചിരേണ നൃപതേ!
തത്തുല്യനായീടിനേൻ."

ഈ പദ്യത്തിലെ ആശയം ഗദ്യത്തിലെഴുതി കാഴ്ചവച്ചാൽ രാജാവിനെ അധിക്ഷേപിച്ച കുററത്തിന് നാടുകടത്താൻ ശിക്ഷയായിരിക്കും ലഭിക്കുക. പക്ഷേ കവിയുടെ-കവിതയുടെ-പ്രഭാവം, അതിലുൾക്കൊണ്ടിരുന്ന സങ്കടങ്ങൾക്കു ഉടൻ പരിഹാരമരുളുന്ന തീരുമാനം ചെയ്യുവാൻ രാജാവിനു പ്രേരണനൽകുകയാണുണ്ടായത്.

ദാരിദ്ര്യ സുദയാലുതാം
കിംബ്രവീമി മഹീപതേ.
ആത്മനാശമനാദൃത്യ
ഭവന്തം, മാമദർശയൽ."

ഒരു ദരിദ്രകവി, അന്നു നാടുവാണിരുന്ന രാജാവിൻെറ സന്നിധിയിൽ സമർപ്പിച്ച പദ്യമാണിത്.

'അല്ലയോ രാജശ്രേഷ്ഠ! ദാരിദ്ര്യത്തിൻെറ ദയാശീലത്തെപ്പററി എന്താണ് പറയേണ്ടത്. തനിക്കു നാശംവരുമെന്നതിനെ അവഗണിച്ചുപോലും അത് (ദാരിദ്ര്യം) എന്നെ തള്ളിക്കൊണ്ടുവന്ന് അങ്ങയെ കാണിച്ചു.'

പ്രസ്തുത പദ്യത്തിലെ ആശയം എത്ര വിപുലമെന്ന് ശ്രദ്ധിച്ചുനോക്കുമ്പോൾ കാണാം. അതു മനസ്സിലാക്കുവാൻ കഴിവുണ്ടായിരുന്ന സഹൃദയനായ നൃപോത്തമൻ ധാരാളം ധനം കൊടുത്ത് കവിയുടെ ദാരിദ്ര്യസങ്കടം യഥാവിധി പരിഹരിച്ചുപോൽ!

ഒരു പ്രൗഢകവിയെ മരണത്തിൽനിന്നും അന്തസ്സോടെ രക്ഷിച്ച ഫലിതം പൂശിയ ഒരു പദ്യം അടിയിൽ എഴുതാം. കവിയുടെ പേര് 'ഭൂക്കണ്ഡൻ'എന്നാണ്.

"ഭട്ടിർന്നഷ്ടോ ഭാരവിശ്ചാപിനഷ്ടോ
ഭിക്ഷുർന്നഷ്ടോ ഭീമസേനോപിനഷ്ട:
ഭൂക്കണ്ഡോഹം ഭൂപതേ! ത്വംഹി,രാജൻ
ഭബ്ഭാവല്ല്യാമന്തകസ്സന്നിവിഷ്ട:,

നിരപരാധിയായ ഭൂക്കണ്ഡകവിയെ, ചിലരുടെ ദുഷ്പ്രേരണകൾക്ക വശംവദനായ രാജാവു് തൂക്കിക്കൊല്ലുവാൻ വിധികല്പിച്ചു. കവി തൂക്കമരത്തിലേക്ക ആനീതനായി. അന്ത്യമായ ആശവല്ലതുമുണ്ടോയെന്നു് അധികാരി ചോദിച്ചു. രാജാവിനെ ഒന്നു കാണണമെന്നായിരുന്നു മറുപടി. അതനുസരിച്ചു് പുരോഭാഗത്തെത്തിയ രാജാവിനു് കവി നൽകിയ 'നോട്ടീസ്' ആണു് മുകളിലുദ്ധരിച്ച പ്രൗഢമോഹനപദ്യം.

ഹേ! രാജാവേ! കാലൻ ആളൊന്നു മാറി. അപരാധികളെ, അഥവാ ആയുസ്സൊടുങ്ങിയവരെ കൊല്ലുകയെന്ന പതിവിൽ ഭേദഗതി വരുത്തി. 'ഭ ഭാവല്ല്യാ–മന്തകസ്സന്നിവിഷ്ട:, ഭ ഭാവലിയിൽ– ഭ, ഭാ, ഭി, ഭീ, ഭു എന്നീ ക്രമത്തിൽ കൊലതുടങ്ങിയിരിക്കയാണു്. അതിൻപ്രകാരം ഭട്ടിമരിച്ചു. ഭാരവി മരിച്ചു. ഭിക്ഷുവും ഭീമസേനനും മരണമടഞ്ഞു. ഭൂക്കണ്ഡനായ എന്റെ പേരിലും അയാൾ പ്രവേശിച്ചിരിക്കുന്നു. അതുകഴിഞ്ഞാൽ 'ഭൂപതേ! ത്വംഹിരാജൻ!' ഭൂപതിയെ തീർച്ചയായും പിടികൂടുകയായി കരുതിക്കോളൂ!.

രാജാവു് ഭൂക്കണ്ഡനെ വെറുതെ വിടുകയും സൽക്കരിക്കയും ചെയ്തു. അയാൾ നിരപരാധിയെന്നറിഞ്ഞിട്ടോ കവിയുടെ ശാപത്തെ ഭയന്നോ എന്തോ!

മഹാകവി കാളിദാസൻ ഭോജസന്നിധിയിൽ നാലു പദ്യം ചൊല്ലി. അവകേട്ടു് യഥാക്രമം കിഴക്കു്, പടിഞ്ഞാറു്, തെക്കു്, വടക്കു് ഇങ്ങനെ നാലു ദേശങ്ങൾ ഒഴിഞ്ഞുകൊടുത്തതായി പറയപ്പെടുന്നു. അവ സുപ്രസിദ്ധങ്ങളാണു്. വിസ്താരഭയത്താൽ ഇവിടെ ചേർക്കുന്നില്ല. എങ്കിലും ആ കവിസാർവ്വഭൗമൻ പ്രഭാവം അല്പമെങ്കിലും കാണിക്കാതെ ഇരിക്കുന്നതു് ഉചിതമല്ലെന്നു കരുതി മറെറാരു പദ്യം ഇവിടെ എഴുതാം.

ഭോജരാജാവിൻെറ സ്യാലൻ–ഭാര്യാസോദരൻ–പലപ്പോഴും ഒരു കുതിരപ്പുറത്തുകയറി സമീപസ്ഥരെ ചാട്ടകൊണ്ടു് പ്രഹരിച്ചുപോവുക പതിവായിരുന്നു. ഒരുദിവസം കാളിദാസൻ ഇതു കണ്ടു. ഉടനെ ആ കവി സവ്യസാചി മൂർച്ചയേറിയ ഒരു പദ്യപാശുപതാസ്ത്രം തൊട്ടുതയ്യുകയും ചെയ്തു.

"ചതുരം തുരഗം പരിവർത്തയതേ
പഥിപാന്ഥജനാൻ പരിമർദ്ദയതേ.
തദിദംതവ ബാഹുബലംന സഖേ!
* ഭഗിനി 'മുഖ'ഭാഗ്യഭവോ വിഭവഃ" എന്നു്.

'ഇതാ ഒരാൾ കുതിരസ്സവാരി ചെയ്തുകൊണ്ടു് വഴിയിൽ കാണുന്നവരെ മർദ്ദിക്കുന്നു. ഹേ! സഖേ! നിൻെറ കരബലമല്ല ഇതിനടിസ്ഥാനം. പിന്നയോ? നിൻെറ ഭഗിനിയുടെ (രാജപത്നിയുടെ) മുഖഭാഗ്യത്തിൽനിന്നുളവായ വിഭവമൊന്നുമാത്രം.,

അതു് ചുട്ടുപഴുപ്പിച്ച കുന്തം ഹൃദയത്തിലേല്പുന്നതിലധികം വേദനാകരമായി രാജസ്യാലനു തോന്നി. അന്നു നിർത്തി അയാൾ ആ ദ്രോഹവ്യവസായം.

ഇനി ശ്രീകൃഷ്ണനെ നേരെ മുൻപിൽ പ്രത്യക്ഷമാക്കാൻ കഴിഞ്ഞ പൂന്താനത്തിൻെറ കവിതാപ്രഭാവംകൂടി കാണിക്കേണ്ടതു അവശ്യമായിരിക്കുന്നു.

ഒരു കാട്ടിൽവച്ചു് ഏതാനും അക്രമികൾ പൂന്താനത്തിനെ വളഞ്ഞു് കൊല്ലുവാനായി വാളൂയർത്തി. ഉടനെ ആ ഭക്തകവി,

"യാ ത്വരാ ദ്രൗപദീത്രാണെ
യാ ത്വരാ ഗജരക്ഷണേ
മയ്യാർത്തേ കരുണാ സിന്ധോ!
സാ ത്വരാ ക്വ ഗതാ ഹരേ!"

(ഹേ! കൃഷ്ണ! പാഞ്ചാലിയെ രക്ഷിക്കാൻ അങ്ങു വലിയ 'ധിറുതി' കാണിച്ചു. ഗജരക്ഷണത്തിലും ആ ധിറുതി തെളി

---

* അശ്ലീലതമാറുവാൻ. ഈ പാഠ ഭേദവും കേട്ടിട്ടുണ്ടു്.

ഞ്ഞുകണ്ടു. ഞാൻ അപകടത്തിൽപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ ആ ധിറുതി (ഭക്തപാലനവ്യഗ്രത) എവിടെപ്പോയി ഭഗവാനെ!)

എന്നു് ആവലാതിപ്പെട്ടു. ആ നിമിഷത്തിൽ അവിടെ പ്രത്യക്ഷപ്പെട്ട ഒരുഗ്രസേനാപതിയുടെ ഖഡ്ഗപാതമേററു് അക്രമികരം ഓടിമറഞ്ഞു. ഭക്തപരിപാലനംചെയ്തതു് ഭഗവാൻതന്നെയെന്നതു് സംശയരഹിതമാണല്ലോ.

ഇപ്രകാരം ത്രുഷ്ടകാര്യംമുതൽ ഈശ്വരദർശനം അവരെ സാധിക്കാൻ കവിപ്രഭാവത്തിനു കഴിയുമെന്നതിൽ സംശയത്തിനു സംഗതിയില്ല. ശ്രീമന്നാരായണീയമെഴുതി 'ആയുരാരോഗ്യസൗഖ്യം' വളരെവേഗം നേടിയ മേല്പത്തൂരിൻെറ ദിവ്യചരിത്രവും മററും നമ്മുടെ മുൻപിലുണ്ടല്ലോ.

ഇനി 'കവിയാരു്?' എന്ന ചോദ്യത്തിനുകൂടി ഒരു മാതൃക കാണിച്ചുകൊണ്ടു് ഈ അദ്ധ്യായം ഉപസംഹരിക്കാം.

മഹാകവി മാഘൻ വാർദ്ധക്യകാലത്തു് അല്പം ദരിദ്രനായിത്തീർന്നു. ഒരുദിവസം പട്ടിണിയായിക്കഴിഞ്ഞുകൂടി. കവിയാകട്ടെ, ഒരു പദ്യമെഴുതിക്കൊടുത്തു് ഭാര്യയെ രാജസന്നിധിയിലേക്കയച്ചു. കവിപത്നി ആജ്ഞാനുസാരം കൃത്യം നിർവ്വഹിച്ചു. സന്തുഷ്ടനായ രാജാവു് ഇരുകൈകളും നിറയെ സ്വർണ്ണനാണയം വാരിക്കൊടുത്തു. ആ സാധ്വി സ്വവസതിയിലേക്കു പുറപ്പെട്ടു. വഴിയിൽ അനവധി പാവങ്ങൾ കൈനീട്ടി. ആ ദയാശീല, അവക്കെല്ലാം ഓരോ നാണയം കൊടുത്തു. ഒടുവിൽ ഒന്നുമാത്രം ശേഷിച്ചു. അതുംകൊണ്ടു് അല്പം സങ്കോചത്തോടെ ഭർത്തൃസന്നിധിയിലെത്തി ഉണ്ടായ വസ്തുതയെല്ലാം ധരിപ്പിച്ചു. ഉടനെ സംതൃപ്തമന്ദഹാസത്തോടുകൂടി കവി ചോദിക്കയാണു്, ഈ ഒന്നുകൂടി എന്തുകൊണ്ടു് കൊടുത്തില്ല? എന്നു്.

ഉത്തമസാഹിത്യകാരൻ-സൽക്കവി-ത്യാഗമൂർത്തിയാണു്. സ്നേഹസമ്പന്നനാണു്. പുണ്യംപുരണ്ട ആത്മാവാണു് അചൈതന്യരാശിയുടേതു്. മോക്ഷപദം കവിയെ മാടിവിളിയ്ക്കും.

ഭൗതിക ദേഹംനശിച്ചാലും കീർത്തിസ്വരൂപനായി ആ ചന്ദ്ര താരം ശോഭിച്ചരുളുകയും ചെയ്യും.

സൽക്കവിത വിശ്വമോഹനമാണു്. കവിപ്രഭാവത്തിനു് കഴിയാത്തതൊന്നുമില്ല. കവി സർവ്വജനാദരണീയനാണു്. കവിയാകുവാൻ, കവിയശസ്സു നേടുവാൻ ആരാണാഗ്രഹിക്കാത്തതു്?

# അദ്ധ്യായം 2

## ഭാഗം 1.

## കവിതാരചന

കവിതയെഴുതുവാനുള്ള വിധം ഈ അദ്ധ്യായത്തിൽ വിവരിക്കാം. നല്ല–വലിയ–ഒരു സംഗതിക്കാണു് നമ്മുടെ ഒരുക്കം. ഇഷ്ടമുണ്ടെങ്കിൽ—വിശ്വാസമുണ്ടെങ്കിൽ—ഈശ്വരനെ ആദ്യമായി, പ്രാർത്ഥിക്കുക, വന്ദിക്കുക. തുടർന്നു ഗുരുവിനേയും മാതാപിതാക്കന്മാരേയും. പണ്ടുള്ളവർ അപ്രകാരം ചെയ്തിരുന്നു.

“തുമ്പീ! തുമ്പീ! പോവരുതേ!
വാലേലൊന്നു പിടിച്ചോട്ടെ.”

ഈ പാട്ടു നിങ്ങൾ കേട്ടുകാണും, പല പ്രാവശ്യം ഇതു വായിക്കുക. അതിൻെറ രീതി ഒപ്പിച്ചു് അനേകം തവണ വായിക്കണം. അതിൻെറ ഛായ—രീതി—മനസ്സിൽ പതിയണമെന്നുള്ളതാണു് ആവശ്യം.

ഇനി മേൽപ്പറഞ്ഞ വരികളിൽ ഒരക്ഷരം നമുക്കൊന്നു മാററാം.

‘തുമ്പീ! തുമ്പീ! പോവരുതേ!
കാലേലൊന്നു പിടിച്ചോട്ടെ.’

അല്പം കൂടെ വ്യത്യാസം വരുത്താം.

'കുഞ്ഞേ! കുഞ്ഞേ! പോവരുതേ
കാലേലൊന്നു പിടിച്ചോട്ടെ.'

ഇനി മുഴുവൻ വേറെ എഴുതാം.

1. 'കുട്ടാ! കുട്ടാ! വന്നാട്ടെ
ബഞ്ചേലൊന്നു പിടിച്ചാട്ടെ.'

* * * *

2. കാളീ! കാളീ! നീ വരുമോ?
നാളെപ്പന്തു കളിക്കാനായ്

ഈ പാട്ടിൽ ഒരു വരിയിൽ ഏഴെട്ട് അക്ഷരങ്ങളേയുള്ളു. ഏതെങ്കിലും ഒരു ചെറിയ സംഗതി ഉദ്ദേശിച്ച്, മുകളിൽ കാണിച്ച രീതിയിൽ എഴുതുക. പിന്നീട് വായിച്ചു നോക്കുക, രീതി—ഈണം—ശരിയായിരിക്കുന്നോയെന്ന്. കാര്യങ്ങൾ അധികം ഉണ്ടെങ്കിൽ വരികളുടെ എണ്ണം വർദ്ധിപ്പിക്കാം.

1. സാറേ! സാറേ! തല്ലരുതേ!
പാഠം ചൊല്ലി കേൾപ്പിക്കാം.

* * * *

2. അമ്മേ! മണിയേ,ഴായല്ലോ
കാപ്പികുടിക്കാറായില്ലേ?

* * * *

3. ഓണക്കാലം വന്നല്ലോ
ഓണപ്പൂക്കൾ വിരിഞ്ഞല്ലോ!
പന്തുകളിക്കാം ചങ്ങാതീ
വട്ടുകളിക്കാമല്ലെങ്കിൽ.

* * * *

അടിയിൽ പറയുന്ന സംഭവം ശ്രദ്ധിക്കുക. 'ചേട്ടാ! ഇന്നാൾ ഞാൻ ഒരു കാട്ടിൽക്കൂടെ പോയി. ഒരു കടുവ എന്റെ നേരേ വന്നു. ഒരു മരത്തിൽ ഞാൻ ചാടിക്കയറിയിരുന്നു.

ചില വേട്ടക്കാർ അതിലെ വന്നതിനാൽ രക്ഷപ്പെടാൻ സാധിച്ചു.' ഈ ആശയം മേലെഴുതിയ രീതിയിൽ നമുക്കെഴുതാം.

'കേട്ടോ ചേട്ടാ! ഞാനിന്നാൾ
കാട്ടിൽക്കൂടെപ്പോകുമ്പോൾ
ഘോരൻ കടുവായൊന്നെന്റെ
നേരേ കണ്ണു മിഴിച്ചെത്തി
വേഗം ഞാനൊരു വൃക്ഷത്തിൽ
ചാടിക്കയറിയിരിപ്പായി
വേട്ടക്കാർ ചിലർവന്നതിനാൽ
തിട്ടം ഞാനിവിടെത്തി.

മേലെഴുതിയ സംഭവം ചിലഭേദഗതികളോടെ നിങ്ങൾ തന്നെ എഴുതുന്നതു നന്നായിരിക്കും.

1 "കാക്കേ! കാക്കേ! കൂടെവിടെ
2. കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ?
[illegible]
[illegible]
3. കുഞ്ഞേ! കുഞ്ഞേ! നീ തരുമോ
4. നിന്നുടെ കയ്യിലെ നെയ്യപ്പം
5. ഇല്ലതരില്ലീനെയ്യപ്പം
6. അയ്യോ കാക്കേ പററിച്ചോ?"

മേൽ വിവരിച്ച ആറു വരികൾ നിങ്ങൾ കേട്ടിട്ടുള്ളവയാണ്. ഒന്നാം വരിയിൽ എട്ടും രണ്ടാം വരിയിൽ ഒൻപതും മൂന്നും നാലും അഞ്ചും വരികളിൽ എട്ടും ആറാം വരിയിൽ ഏഴും അക്ഷരങ്ങൾ വീതമുണ്ട്. അപ്പോൾ ഈ ഗാനത്തിൽ—(ഇതുപോലെ പല ഗാനങ്ങളിലും) അക്ഷരങ്ങൾക്ക് ക്ലിപ്തിയില്ല. 'മാത്ര'കൾക്കാണ് പ്രാധാന്യം. രീതിയും ശരിപ്പെട്ടിരിക്കണം. 'മാത്രയെക്കുറിച്ചു പറയേണ്ടിവന്നതിനാൽ അടിയിൽ പ്രസ്താവിക്കുന്നവ ശ്രദ്ധിക്കണം.

കവികൾ വൃത്തശാസ്ത്രമറിഞ്ഞിരിക്കണമെന്ന് നിർബന്ധമുണ്ട്. ആ ശാസ്ത്രം പഠിക്കാതെയും കവിതയെഴുതാം. അങ്ങിനെ എഴുതുന്നവരുമുണ്ട്. എന്നാൽ ആ നിയമങ്ങൾ മനസ്സിലാക്കിയിരുന്നാൽ കവിതയിലെ തെററ്—വൃത്തഭംഗം മുതലായവ—കണ്ടുപിടിക്കാൻ എളുപ്പമുണ്ട്. അതുകൊണ്ട് അതിലെ ആദ്യ ഭാഗം ഇവിടെ വിവരിക്കാം.

വൃത്തശാസ്ത്രപ്രകാരം ഭാഷയിലെ സകല അക്ഷരങ്ങളേയും ലഘു, ഗുരു എന്ന് രണ്ടായി തിരിച്ചിരിക്കുന്നു. ഹ്രസ്വാക്ഷരങ്ങളെല്ലാം 'ലഘു'ക്കളെന്നും ദീർഘാക്ഷരങ്ങളെല്ലാം 'ഗുരു'ക്കൾ എന്നും ആദ്യമായി മനസ്സിലാക്കുക.

അതായത്:—

അ, ഇ, ഉ, എ, ഒ, ക, ച, ട, ത, പ, ങ, ഞ, ണ, ന, മ. ഇത്യാദിയെല്ലാം **ലഘുക്കൾ**

ആ, ഈ, ഊ, ഏ, ഓ. കാ, ചാ, ടാ, താ, പാ, ങാ, ഞാ, ണാ, നാ, മാ, ഇത്യാദികൾ **ഗുരുക്കൾ**

ഹ്രസ്വാക്ഷരങ്ങളെല്ലാം ലഘുക്കൾ എന്നു മുകളിൽ പറഞ്ഞു. ഈ ലഘുക്കൾ, ഗുരുക്കളായി മാറും. അതെങ്ങിനെയെന്ന് വിവരിക്കാം.

'അനുസ്വാരം വിസർഗ്ഗംതാൻ
തീവ്രയത്നമുരച്ചീടും
ചില്ലുകൂട്ടക്ഷരം താനോ
പിൻവന്നാൽ ഹ്രസ്വവും ഗുരു.'

(വൃത്തമഞ്ജരി)

സ്വതേ ലഘുവായ ഒരക്ഷരത്തിന്റെ വലത്തു വശത്ത് അനുസ്വാരമോ വിസർഗ്ഗമോ, തീവ്രയത്നമുരച്ചിടും ചില്ലോ (ശക്തിയായി ഉച്ചരിക്കുന്ന ചില്ലോ) കൂട്ടക്ഷരമോ വന്നാൽ ആ ലഘു ഗുരുവായിത്തീരും.

**അനുസ്വാരം (ം)**

**വിസർഗ്ഗം (ഃ)**

**ചില്ലുകാം** 'ൻ, ൽ, ർ, ൾ, ൺ' (ഈ ചില്ലുകളെ അക്ഷരങ്ങളായി കണക്കു കൂട്ടാറില്ല)

**കൂട്ടക്ഷരങ്ങാം** ക്ക, ങ്ങ, ഞ്ച, ട്ട ആദിയായവ.

ഉദാഹരണം:– മരം, ഗുണം, ധനം, ഈ വാക്കുകളിലെ ര, ണ, ന ഇവകാം, വലത്തുവശത്ത് 'ം' എന്ന അനുസ്വാരം വന്നതിനാൽ ലഘുവല്ല ഗുരുവാണ്. മേൽപറഞ്ഞ വാക്കുകളിലെ ആദ്യക്ഷരങ്ങാംക്കു ഈ ഭേദമില്ല. അവ ലഘുക്കാം തന്നെ.

മനഃക്ലേശം, ദുഃഖം ഇവയിലെ ന, ദു ഇവ വിസർഗ്ഗം പിൻവന്നതിനാൽ ഗുരുക്കളാകുന്നു.

അവൻ, അവർ, അവൽ മൺ ഇത്യാദി വാക്കുകളിലെ രണ്ടാമത്തെ അക്ഷരങ്ങളെല്ലാം ഗുരുക്കളാകുന്നു.

(ചില്ലക്ഷരങ്ങാംക്കു 'തീവ്രയത്ന'മുണ്ടെങ്കിൽ അതായത് അവ ശക്തിയായി ഉച്ചരിക്കുന്നെങ്കിൽ മാത്രമെ അവയ്ക്കുപിൻപു നിൽക്കുന്ന ലഘു ഗുരുവാകയുള്ളു. ഉദാ: **മലർമാല** ഇതിലെ 'ർ' കൊണ്ടു് ഇടത്തുവശത്തെ 'ല' ഗുരുവാകയില്ല.

ഇനി ലഘുക്കാംക്കു മുമ്പ് കൂട്ടക്ഷരം വന്നാലും ആ ലഘുക്കാം ഗുരുക്കളാകും.

ഉദാ:– ചക്രം, കിട്ടു, സമ്മതി ഈ വാക്കുകളിലെ ആദ്യക്ഷരങ്ങാം; പിൻപു കൂട്ടക്ഷരം വന്നതിനാൽ ഗുരുക്കളാകുന്നു.

ഇനി മേൽപ്പറഞ്ഞവ വച്ചുകൊണ്ടു് ഏതാനും വാക്കുകളെ നമുക്കു് പരിശോധിക്കാം. തടിച്ച അക്ഷരത്തിലുള്ളവ ഗുരുക്കളും അല്ലാത്തവ ലഘുക്കളുമെന്നു് സങ്കല്പിക്കുക.

**ധാരാളം** എല്ലാം ഗുരു.

**കല്ല്യാ**ണി ആദ്യം രണ്ടു ഗുരു.

**തൻ മുഖം** ചില്ലക്ഷരം വന്നതിനാൽ 'ത' എന്ന ലഘുവും അനുസ്വാരം മൂലം 'ഖ' എന്ന ലഘുവും ഗുർവ്വക്ഷരങ്ങളായി പരിഗണിക്കപ്പെടുന്നു. ഇനി ഒരു പദ്യം പരിശോധിക്കാം.

**"ഓമനക്കുട്ടൻ ഗോവിന്ദൻ ബല-**
**രാമനേക്കൂടെക്കൂടാതേ**
**കാമിനീമണിയമ്മതന്നങ്ക-**
**സീമനീചെന്നു കേറിനാൻ"**

മേൽപ്പറഞ്ഞവ പരിശോധിച്ച് മനസ്സിലാക്കുക.

**തുമ്പീ! തുമ്പീ! പോവരുതേ**
**വാലേലൊന്നു പിടിച്ചോട്ടേ**

ഇപ്രകാരം വേറെ ഏതാനും വാക്കുകളും പദ്യങ്ങളും എടുത്ത് അവയിലെ, ലഘു, ഗുരുക്കൾ അടയാളമിട്ട് പരിശോധിക്കുക.

കവിതയിലെ ലഘു, ഗുരു, എന്ന് രണ്ട് വിഭാഗങ്ങളെപ്പററി മാത്രമേ ഇവിടെ പ്രസ്താവിച്ചുള്ളു. വേറെ പലതും പഠിക്കാനുണ്ട്. അവ പിന്നാലെയാവാം. ലഘുക്കൾക്കെല്ലാം ഒരു 'മാത്ര'യെന്നും ഗുരുക്കൾക്ക് 'രണ്ടു' മാത്രയെന്നും വ്യവഹരിക്കപ്പെട്ടു പോരുന്നു.

## ഭാഗം 2

അടുത്തതായി നമുക്ക് മറെറാരു വൃത്തം എടുക്കാം.

'ഓമനക്കുട്ടൻ ഗോവിന്ദൻ ബല-
രാമനേക്കൂടെക്കൂടാതെ
കാമിനീമണിയമ്മ തന്നങ്ക-
സീമനിചെന്നു കേറിനാൻ.'

ഈ പദ്യം നിങ്ങളിൽ പലരും കേട്ടുകാണും. അക്ഷരമെണ്ണുക. രണ്ടു വരികൾ പ്രത്യേകം എണ്ണിനോക്കണം. ഒന്നാമത്തെ വരിയിൽ അക്ഷരം 10. രണ്ടാമത്തേതിൽ 8. ഈ വൃത്തത്തിൽ അക്ഷരസംഖ്യ എപ്പോഴും ഇപ്രകാരംതന്നെയായിരിക്കും. ഇനി,

ഓമന–ക്കുട്ടൻ ഗോവിന്ദൻ–ബല-
രാമനേക്കൂടെ–ക്കൂടാതെ.

കാമിനീ–മണിയമ്മത–ന്നങ്ക–
സീമനീചെന്നു–കേറിനാൻ.

വരയിട്ട ഭാഗങ്ങളിൽ അല്പം നിർത്തി, ഇതിന്റെ രീതി തെളിയുംവിധം പല പ്രാവശ്യം വായിക്കുക. അപ്പോൾ ആ രീതി നിങ്ങളുടെ മനസ്സിൽ പതിയും.

അടുത്തതായി അല്പം വ്യത്യാസം വരുത്താം.

ഓമനക്കുട്ടി ജാനകി നിജ–
സോദരിയൊടുകൂടവേ
കാമിനീമണി യമ്മതൻ മുൻപിൽ
സാദരംചെന്നു നിന്നിതേ.

ഇനി കുറേക്കൂടി വ്യത്യാസപ്പെടുത്താം.

ഓമനക്കുട്ടി ജാനകീ നിജ
സോദരിയൊടു കൂടവേ
പാടിയും നൃത്തമാടിയും വിള–
യാടിനാൾ മുററത്താദരാൽ.

വ്യത്യാസം വരുത്തിയതു് നല്ലതുപോലെ ശ്രദ്ധിക്കണം. അടുത്തതു് ഒരു സ്തവമാകട്ടെ.

'ഈശ്വരാ! കരുണാകരാ ജഗ–
ദീശ്വരാ പരിപാഹിമാം.
അച്ഛനമ്മെൻറയമ്മയും മററു–
സോദരങ്ങൾക്കുമിച്ഛപോൽ
ആയുരാരോഗ്യസൗഖ്യഭാഗ്യങ്ങ–
ളേകുവാൻ ദയ തോന്നണേ!'

ബോർഡാകട്ടെ അടുത്ത കവിതാവിഷയം.

ഇക്കറുകറുത്തുള്ളൊരുബോർഡിൽ
ചോക്കുകൊണ്ടെഴുതീടുമ്പോൾ
കാറണിവാനിൽ തൂവൊളിമിന്ന–
ലെന്നപോലതുമോഹനം.

ഇനി നിങ്ങൾ ചില ആശയങ്ങൾവച്ചുകൊണ്ടു് ഈ രീതിയിലെഴുതി പരിശോധിക്കുക.

## ഭാഗം 3.

# പാന (ദ്രുതകാകളി)

"രണ്ടുനാലുദിനം കൊണ്ടൊരുത്തനെ
തണ്ടിലേററിനടത്തുന്നതും ഭവാൻ
മാളികമുകളേറിയ മന്നൻെറ
തോളിൽ മാറാപ്പുകേററുന്നതും ഭവാൻ."

മുൻ ചൊന്നതുപോലെ ഈ കവിതാഭാഗം കാണാതെ പഠിക്കുക. വീണ്ടുംവീണ്ടും വായിച്ച് അതിൻെറ രീതി മനസ്സിൽ പതിയട്ടെ.

ഇതിലെ ഓരോ വരിയിലും പതിനൊന്ന് അക്ഷരങ്ങൾ വീതമാണുള്ളതെന്നും ധരിക്കണം. അടുത്തതായി ഗുരുലഘുക്കളായി തരംതിരിക്കുക.

**രണ്ടുനാലുദിനം കൊണ്ടൊരുത്തനേ**
**തണ്ടിലേററി നടത്തുന്നതും ഭവാൻ**
**മാളികാമുകളേറിയ മന്നൻെറ**
**തോളിൽ മാറാപ്പുകേററുന്നതും ഭവാൻ**

ഈ പരിശോധനയിൽ എല്ലാ വരികളിലും ലഘുഗുരുക്കളുടെ നില ഒരുപോലെയല്ല. എന്നാൽ ആദ്യക്ഷരം എപ്പോഴും ഗുരുവായിരിക്കും. മററുള്ളവയ്ക്ക് അല്പാല്പം ഭേദഗതി വരാം. വൃത്തത്തെ സംബന്ധിച്ചിടത്തോളം അക്ഷരം പതിനൊന്നേ വരാവൂ. ചൊല്ലുമ്പോൾ രീതി ശരിപ്പെട്ടിരിക്കണം. ഇത്രയും നിർബന്ധമായി മനസ്സിലാക്കുക.

ഇനി, മേൽപ്പറഞ്ഞ വരികളിൽ അല്പം ഭേദഗതികൾ നമുക്കു വരുത്താം.

'രണ്ടുനാലണ കണ്ടാലുടൻതന്നെ
തണ്ടുകേറിഞെളിയുന്നിതു ചിലർ'
'മാളികമേൽ വസിക്കുന്നവൻ തൻെറ
തോളിൽ മാറാപ്പുതൂങ്ങിയെന്നുംവരാം'

അടുത്തതായി ഒരു സ്വതന്ത്രകവിത നമുക്ക് എഴുതാം.

'ഞാൻ ഇന്നലെ 4 മണിക്ക് വടക്കേവീട്ടിലേക്കു ചെന്നു. ഒരു പട്ടി കുരച്ചുകൊണ്ടു് വന്നു. കയ്യിലിരുന്ന വടികൊണ്ടു് രണ്ടടി കൊടുത്തു. പട്ടി മോങ്ങിക്കൊണ്ടോടി.'

ഈ ആശയം നമുക്ക് പദ്യമായി മാററണം. 'രണ്ടുനാലു ദിനം കൊണ്ടൊരുത്തനെ' എന്ന വരികൾ അതിൻെറ രീതിക്ക്—ഈണത്തിനു്—അനുസരിച്ചു് ചൊല്ലുക. അനന്തരം ശ്രദ്ധയോടെ എഴുതുക.

'ഇന്നലെ മണി നാലായനേരത്തു
ചെന്നുമന്ദം വടക്കേതിലേക്കു ഞാൻ
പട്ടിയൊന്നു കുരച്ചുകൊണ്ടെന്നടെ
നേക്കുവന്നു, ഭയംകരമാംവിധം.
എൻെറ കയ്യിലിരുന്ന വടികൊണ്ടു
രണ്ടു നല്ലടിവേഗമേല്പിച്ചുഞാൻ
മോങ്ങിക്കൊണ്ടവൻ പമ്പകടന്നിതു
ധൈര്യമുണ്ടെങ്കിലാപത്തൊഴിഞ്ഞുപോം.'

ഇനി നിങ്ങൾ ഏതെങ്കിലും ഒരാശയം പദ്യത്തിലാക്കുക. അപ്രകാരം മുറയ്ക്കെഴുതുക. ഏതെങ്കിലും ഒരു കവിയെ സമീപിച്ചു് പരിശോധിപ്പിക്കാൻ കഴിയുമെങ്കിൽ വളരെ നന്നായിരിക്കും.

N. B. കവിതയ്ക്കു് ശബ്ദാലങ്കാരം (പ്രാസം) വളരെ മേന്മ വർദ്ധിപ്പിക്കും. പ്രാസം പല ഭാഷകൾക്കും പലവിധമാണു്. ദ്വിതീയാക്ഷരപ്രാസം (രണ്ടാമത്തെ അക്ഷരം ഒരുപോലെ വരുന്നതു്.) മലയാളത്തിൻെറ പ്രത്യേക സ്വത്തു് എന്നാണു് പണ്ടേയുള്ള വയ്പ്പു്.

'ശങ്കരാ! വേലചെയ്യാതെ ദാരിദ്ര്യ—
സങ്കടം തീരുമെന്നു കരുതൊലാ.'

ഇതിൽ ദ്വിതീയാക്ഷരപ്രാസമുണ്ടു്.

'സങ്കടം പലതുണ്ടെന്നിരിക്കിലും
തങ്കടമ നിറവേററണം നരൻ.'

ഇതിൽ ദ്വിതീയാക്ഷരപ്രാസത്തിനുപുറമെ തൃതീയാക്ഷരപ്രാസവുമുണ്ട്.

മറുഭാഷകൾക്കെന്നപോലെ, അന്ത്യപ്രാസവും പരിമോഹനമാണ്.

'ദുഷ്ടത മർത്ത്യനേറുക കാരണം
കഷ്ടതയിന്നുസർവ്വസാധാരണം
വേഗമായതിനുള്ള നിവാരണം
കാണുവാനുള്ള ചിന്തയുയരണം'

ആദിപ്രാസവും സ്വീകാര്യമത്രേ.

'കാലദോഷങ്ങൾ തീർത്തു രക്ഷിക്കണേ!
കാലിണന്താണുകൈതൊഴാം ദൈവമേ!'

ഇത്യാദി.

കവിതയെഴുതുമ്പോൾ ഏതെങ്കിലും ഒരു പ്രാസഭംഗി വരുത്തുവാൻ ശ്രമിക്കുന്നതു നന്ന്. അതിനുവേണ്ടി അർത്ഥം ബലികഴിക്കരുത് എന്ന വിചാരംകൂടി ഉണ്ടായിരിക്കണം. പ്രാസത്തെപ്പററി സവിസ്തരം പിന്നാലെ പ്രതിപാദിക്കുന്നതാണ്.

## ഭാഗം 4

"കമലാകാന്തന്റെ കാരുണ്യശീലന്റെ
കമനീയാംഗന്റെ കാമസമാനന്റെ
ഗമനസന്നാഹംകേട്ട വിഷാദിച്ചു
കമനി പാഞ്ചാലി, ദേവനാരായണാ!"

(പതിന്നാലുവൃത്തം)

"കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻപരാജയം"

(ശ്രീ ചങ്ങമ്പുഴ)

'വികടലോകത്തിൽ വിഡ്ഢിത്തമോതുവാൻ
വിരുതുനേടിയതാണെൻ മഹാജയം'

(ഒരു സരസൻ)

മൂന്നാംവൃത്തത്തിൽ നിങ്ങാം കണ്ട പാനയും മേലെഴുതിയതും തമ്മിൽ വലിയ അന്തരമില്ല. പാനയിലേക്കാാം ഒരക്ഷരം മാത്രം ഇതിൽ കൂടുതലുണ്ട്. പാനയിലെ ആദ്യഗുരു രണ്ടു ലഘു വായിയെന്നതാണ് പരമാൎത്ഥം.

മേൽപറഞ്ഞവയിൽ ഏതെങ്കിലും നാലുവരി കാണാതെ പഠിച്ച്, പലപ്രാവശ്യം വായിച്ച് 'രീതി' ഹൃദിസ്ഥമാക്കുക.

മേൽ കണ്ടരീതിയിൽ നമുക്കൊരു കവിതയെഴുതാം.

'കഠിനമാംവെയിലേററൊരു യാചകൻ
വഴിയിലൂടെ നടപ്പൂ വിവശനായ്
തരണേ! വല്ലതുമെന്നവൻ കെഞ്ചുന്നു
കരുണകാണികൾക്കില്ലെന്തു ചെയ്തിടാം'

ഇനി മറെറാന്നാകട്ടെ.

'വരിക കൂട്ടരെ! നമ്മൾക്കു നല്ലൊരു
കവിതയിപ്പോൾ ശ്രമിച്ചെഴുതീടണം
'കവിയശസ്സ്' ലഭിക്കയെന്നുള്ളതു
ചെറിയകാര്യമല്ലെന്നുമോൎമ്മിക്കണം.'

അടിയിൽ പറയുന്ന ഒരാശയം മനസ്സിൽ സങ്കല്പിക്കുക.

നദികളിൽ ധാരാളം ജലമുണ്ട്. തുള്ളിയും അവ കുടിക്കുന്നില്ല. വൃക്ഷങ്ങളിൽ പഴനിര ശോഭിക്കുന്നു. ആ പഴങ്ങളിലൊന്നും വൃക്ഷങ്ങൾ തിന്നാറില്ല. നല്ലവരുടെ പ്രവൎത്തനമെല്ലാം പരോപകാരത്തിനു വേണ്ടിയാകുന്നു

ഇനി ഈ ആശയം പദ്യത്തിലാക്കാം.

"പുഴകൾ വെള്ളം കുടിപ്പീലശേഷവും
പഴനിരയേ ഭുജിപ്പീലമാമരം
സകലമന്യോപകാരത്തിനായ് തന്നേ
സുകൃതികൾ പെരുമാറുന്നു ഭൂമിയിൽ."

നിങ്ങൾ സ്വയം ചില ആശയങ്ങൾ ചിന്തിച്ച് അവയെ പദ്യത്തിലാക്കുക.

ചോദ്യം 1. ഒരു കാക്ക ഒരു മാമ്പഴം കൊത്തിക്കൊണ്ടു ഒരു മരക്കൊമ്പിൽ പോയിരുന്നു. ഒരു കുറുക്കൻ അതുകണ്ടു താഴെ

ചെന്നുനിന്നുകൊണ്ടു് കാക്കയെ പുകഴ്ത്താൻ തുടങ്ങി. ഹേ! നല്ല വെള്ളനിറക്കാരനായ കാക്കേശ്ശ! ഗായകപ്രമാണിയായ നിങ്ങളുടെ പാട്ടുകേൾക്കാൻ എത്രകാലമായി ഞാനാഗ്രഹിക്കുന്നു. ഒന്നു പാടുക. പൊങ്ങച്ചനായ കാക്ക ചുണ്ടുവിടൎത്തി പാടുവാൻ തുടങ്ങി. മാമ്പഴം താഴെ വീണു. കുറുക്കൻ അതുതട്ടിക്കൊണ്ടും പോയി. ചതിയന്മാരുടെ സ്തുതി വിശ്വസിക്കരുതു്.

ഈ ചെറിയ കഥ മേൽവിവരിച്ച വൃത്തത്തിൽ പദ്യത്തിലാക്കുക. ഞാൻ ഇക്കഥ പദ്യമായി അടിയിൽ എഴുതുന്നുണ്ടു്. അതുനോക്കാതെ വേണം നിങ്ങൾ എഴുതുവാൻ. എഴുതിക്കഴിഞ്ഞശേഷം ഒത്തു നോക്കുന്നതിൽ തരക്കേടില്ല.

'ഒരു ദിനമൊരു കാക്ക, തൻചുണ്ടിൽന-
ല്ലിനയമാമ്പഴംകൊത്തിപ്രമോദവാൻ
ചെറുമരക്കൊമ്പിലെത്തിയിരിപ്പതു
കുറുനരികണ്ടടുത്തുചെന്നോതിനാൻ.
വെളുവെളുനിറമുള്ള കാക്കേശ്ശ! ഹേ!
വിലയെഴും ചാരുഗായകരത്നമേ!
വളരെനാളായി നിൻപാട്ടുകേൾക്കുവാ-
നിഹ,തപം ചെയ്തുവാഴുകയാണുഞാൻ
സുമുഖ! പാടുക,യെന്ന പുകഴ്ച്ചകേട്ടാ-
വലിയ പൊങ്ങശ്ശാർ ചുണ്ടുവിടൎത്തിനാൻ.
ഉടനെ മാമ്പഴം വീണിതു താഴെയാ-
ക്കുടിലനാംനരി ശാപ്പിട്ടുഭംഗിയായ്.
ചതിയർചെയ്യും മുഖസ്തുതി കേൾക്കിലോ
ഗതിയിതാണെന്നറിയണം സത്തുകൾ.'

## ഭാഗം 5

"അമ്പിളിയമ്മാവാ! തിരിഞ്ഞുനി-
ന്നൻപിനോടൊന്നു ചൊല്ലു്.
എങ്ങുപോകുന്നിവണ്ണം തനിച്ചുനീ-
യങ്ങു ഞാനുംവരട്ടോ?"

നിങ്ങാം കേട്ടിട്ടുള്ള ഒരു പദ്യഭാഗമാണിതു്. ഓരോ വരിയിലുമുള്ള അക്ഷരങ്ങാം എണ്ണിനോക്കുമ്പോാം, അക്ഷരസംഖ്യയല്ല, 'മാത്ര'യ്ക്കു് അഥവാ 'രീതി'ക്കു് ആണു് പ്രാധാന്യമെന്നു കാണാം.

ഇതും പല പ്രാവശ്യം വായിച്ചു് രീതി മനസ്സിൽ പതിയട്ടെ. അനന്തരം അല്പം ഭേദഗതി വരുത്തുക.

'അമ്പിളിക്കൊച്ചുചേട്ടാ! തിരിഞ്ഞുനി-
ന്നൻപിലിങ്ങോട്ടുനോക്കൂ!
എങ്ങോട്ടുയാത്രയിപ്പോാം; ഞാനുംവരാ-
മങ്ങേയ്ക്കുതിഷ്ടമെങ്കിൽ.'

ഇനി മറെറാരാശയം എഴുതാം.

തോമ്പിലെക്കൊച്ചുകുട്ടാ! തിരിഞ്ഞൊന്നു-
സാമ്പ്രതംനോക്കിയാലും
ഇങ്ങോട്ടുകേറിവന്നാൽ പല നല്ല-
സംഗതിയുണ്ടുചൊൽവാൻ.
കപ്പപുഴുങ്ങിയതും വെറും കട്ടൻ-
കാപ്പിയുമാഹരിക്കാം.
പോവാൻ തിടുക്കമെങ്കിൽ, നടന്നാട്ടെ
നാളെ നമ്മാംക്കു കാണാം.'

### ഭാഗം 6.

## താരാട്ടു്

"ഓമനത്തിങ്കാംക്കിടാവോ-നല്ല
കോമളത്താമരപ്പൂവോ?
പൂവിൽനിറഞ്ഞ മധുവോ—പരി-
പൂർണ്ണേന്ദു തന്റെ നിലാവോ?"

ഈ വൃത്തത്തിൽ ഒന്നാമത്തെ വരിയിൽ (വരയ്ക്കപ്പുറമുള്ള രണ്ടക്ഷരമൊഴികെ) എട്ടും രണ്ടാമത്തെ വരിയിൽ എട്ടും വീതം അക്ഷരങ്ങാം കാണും. ഒന്നും എട്ടും അക്ഷരങ്ങാം 'ഗുരു'ക്കാം

ആയിരിക്കും. ബാക്കി അക്ഷരങ്ങൾക്ക് ചിലപ്പോൾ ഗുരുലഘുഭേദം വരാം. അന്ത്യപ്രാസം ഇതിനു ഭംഗിവൎദ്ധിപ്പിക്കുമെന്നും അറിഞ്ഞിരിക്കുന്നതുകൊള്ളാം.

മറ്റു വൃത്തങ്ങൾപോലെ ഇതും കാണാതെ പഠിച്ച്, പല പ്രാവശ്യം വായിച്ച് 'രീതി' മനസ്സിൽ ഉറപ്പിക്കുക.

'ഓമനത്താമരപ്പൂവിൽ–കാണാം
കോമളഭാവപ്രഭാവം.
പൂക്കളിൽ വണ്ടുകളെത്തും–നറും
തേനിലെ പ്രേമം പുലത്തും.'

ഇപ്രകാരം–അഥവാ ഓരോരുത്തരുടേയും മനോധൎമ്മംപോലെ–ചിലഭേദഗതികൾ വരുത്തണം.

ഇനി മറെറാരു കവിതയെഴുതാം.

'ഞാനിന്നുഷസ്സിൽ കുളിച്ചു–കാപ്പി
കൗതുകത്തോടേ കുടിച്ചു.
വീട്ടുകാര്യം നിർവഹിച്ചു–മണി–
യൊൻപതന്നേരമടിച്ചു.
പാഠാലയത്തിൽ ഗമിച്ചു–വേണ്ട
പാഠങ്ങളെല്ലാം പഠിച്ചു.
കൂട്ടുകാരെല്ലാരും വാഴ്ത്തി–ഗുരു–
ശ്രേഷ്ഠരുമെന്നെപ്പുകഴ്ത്തി.

ചോദ്യം. താഴെ കുറിക്കുന്ന ആശയം പദ്യത്തിലാക്കുക.

'മാധവൻ ചന്തയിൽ പോയി. അവിടെ തന്റെ സാധനങ്ങളെല്ലാം നിരത്തിവച്ചു. ആളുകൾ ധാരാളം വന്നു. വില ചോദിച്ചു. ചിലർ സന്തോഷത്തോടെ വാങ്ങിച്ചു. അവൻ വീട്ടിലേക്കും മടങ്ങി.'

പദ്യത്തിലാക്കുമ്പോൾ ചില പദങ്ങൾ അഥവാ വിശേഷണങ്ങൾ ചേർക്കേണ്ടിവന്നേക്കാം. അടിയിൽ ഞാനെഴുതുന്നതു് നോക്കിയാലും. നിങ്ങൾ തനിയെ ഇതു് ഒന്നെഴുതുന്നതു് നന്നായിരിക്കും.

മാധവൻ ചന്തയിലെത്തി—തൻെറ
സാധനമെല്ലാം നിരത്തി.
ആളുകൾ ധാരാളംവന്നു—വില
യായവരോടവൻ ചൊന്നു.
ഇഷ്ടമുള്ളോരവവാങ്ങി—അവൻ
സന്തുഷ്ടിയോടേ മടങ്ങി.

**N. B.** പലവൃത്തങ്ങൾ—രീതികൾ—ഒരേസമയം എടുത്തു് പ്രാരംഭകാലത്തു് കവിതയെഴുതുവാൻ ശ്രമിക്കരുതു്.

## ഭാഗം 7.

## അന്നനട കർണ്ണപർവ്വരീതി

"പരാ പരാ പരാ, പരമപാഹിമാം
പരമാനന്ദമെ,ന്നതേ പറയാവൂ.,,
..................................................
..................................................
"ദിനംതോറുമെച്ചിൽകൊടുത്തൊരുവൈശ്യാ—
തനയന്മാരായ കുമാരന്മാർ മൂന്നും.
വളർത്താരെന്നതു നിമിത്തമായ് കാകൻ
പുളച്ചഹംകരിച്ചരയന്നങ്ങളെ,"
..................................................
.................................................. (ഭാരതം)

ഈ വൃത്തത്തിനു് ഓരോ വരിയിലും 12 അക്ഷരങ്ങൾ ഉണ്ടു്. ആറക്ഷരം കഴിയുമ്പോൾ 'യതി' അഥവാ ഒരു ചെറിയ നിൎത്തു് ആവശ്യമാണു്. ആദ്യക്ഷരം 'ലഘു'വായിരിക്കണമെന്നു് നിർബന്ധമത്രേ.

പലപ്രാവശ്യം വായിച്ചു്, രീതി മനസ്സിൽ ഉറപ്പിച്ചുകൊണ്ടു് മേൽപ്പറഞ്ഞ വരികളിൽ കുറെ ഭേദഗതി വരുത്താം!

പര! പരാൽപര!–പരമപൂരുഷാ!
പരമാനന്ദമേ–കണ്ണേ! വണങ്ങുന്നേൻ.
.................................................
.................................................
'ദിനംതോറുമെച്ചിൽ–ഭുജിച്ചുഹോട്ടലിൻ–
പരിസരങ്ങളിൽ–വളരും ബാലന്മാർ.
പരമഗതികൾ;–അവരുടെ നില
നിരൂപിക്കാൻപോലും–പ്രയാസമീശ്വരാ!
ജനയുഗമിതിൽ–ഭരണകോവിദ
രിതിൻനിവാരണ–മുടനെ കാണണം.'

വിദ്യാർത്ഥികൾ തങ്ങളുടെ പാഠപുസ്തകത്തിലെ ഏതെങ്കിലും ഭാഗം പദ്യത്തിലാക്കിയെഴുതാൻ പരിശീലിക്കുന്നതു് നന്നായിരിക്കും. ഒരു ഉദാഹരണം കാണിക്കാം.

## തിരുവിതാംകൂറിലെ നദികൾ.

'വടക്കുനോക്കുക 'പെരിയാറു,' തന്നോ–
ടടുത്തു'മൂവാററുപുഴ,' കിടക്കുന്നു.
മുറയ്ക്കു് മീനച്ചിൽ,' 'മണിമല,' 'പമ്പാ,'
'കുളക്കട,'യിവനിരന്നുകണ്ടിടും.
ധരിക്ക 'കല്ലട,'യ്ക്കുടുത്തിത്തിക്കര,'–
യുടനെ'യാററുംഗൽനദി,'യും 'കിള്ളിയാർ,'
'കരമന,' നെയ്യാർ,' കഴിഞ്ഞു 'കോതയാർ,'
പരിചിൽ'താമ്രവർണ്ണി,'യും പഴയാ'റും,
തിരുവിതാംകൂറിൽ നദികളിങ്ങനെ
പ്രധാനമായിട്ടു പതിനഞ്ചുകാണാം'

ചോദ്യം. 4.

ഒരു കൊലയാനയോടു പറയുന്നതായി, നിങ്ങളുടെ ഭാവനയുപയോഗിച്ചു് ഏതാനും വരികൾ എഴുതുക.

ഞാൻ എൻെറ ഭാവന ഇപ്രകാരം കുറിക്കാം.

'എടാ! പരംമദോൽ–ക്കട! കൊലയാനേ!
വലിപ്പം ഭാവിച്ചു തലകുലുക്കുന്നോ!
'വിലയുമുന്നത്'നില'യുമേററവും
'ബല'വുമുണ്ടെന്നായഹംകരിച്ചു നീ.
എളിയോരേയെല്ലാം 'ചവുട്ടിത്തേക്ക'ന്ന
പതിവിനി വേഗം മതിയാക്കീടണം.
ഒരു രഹസ്യം ഞാൻ തുറന്നുചൊല്ലിടാം
കരളിലായതുകടക്കിൽ ഭാഗ്യമായ്.
ഒരു ചെറിയ 'ക–ട്ടുറുമ്പ്'പോരും നിൻ–
ഗരിമപോക്കീട്ടു തുരത്തിയോടിപ്പാൻ!,

## ഭാഗം 8.

## ഗാഥാരീതി (മഞ്ജരി)

"ആററിലേക്കച്യുതാ! ചാടൊല്ലേ ചാടൊല്ലേ
കാട്ടിലേപ്പൊയ്കയിൽ–പോയിനീന്താം
കാളക്രൂടോല്ബണ–കാകോളമാളുന്ന
കാളിയൻ പാർപ്പുണ്ടി–ക്കാളിന്ദിയിൽ"–

വള്ളത്തോൾ

ഈ കവിതയിൽ ഈരണ്ടു വരികൾ യോജിച്ചു നിൽക്കും. ആദ്യവരിയിൽ പന്ത്രണ്ടും രണ്ടാമത്തേതിൽ പത്തും അക്ഷരങ്ങൾ വ്യത്യാസംകൂടാതെ കാണും. ആദ്യക്ഷരം എപ്പോഴും ഗുരു. മററുള്ളവയ്ക്കു ചില ഭേദങ്ങൾ ഉണ്ടായെന്നുവരാം.

മേൽ എഴുതിയ വരികൾ സാവകാശത്തിൽ നീട്ടിച്ചൊല്ലി അതിന്റെ 'രീതി' ഹൃദിസ്ഥമാക്കുക. പിന്നീടു ചില ഭേദഗതികൾ ചെയ്യുക.

കാട്ടിലേക്കെന്നിഷ്ടാ! പോകൊല്ലേ പോകൊല്ലേ!
വീട്ടിലേക്കങ്ങു തിരിച്ചുപോകാം.
കാട്ടാന, ഘോരൻ കരടി, കരിമ്പുലി,
കാട്ടുപോത്തെന്നിവയുണ്ടവിടെ.'

ഇനി ഈ രീതിയിൽ ശ്രീവള്ളത്തോളിൻെറ മറെറാരു കവിതയെടുക്കാം

"അല്ല! പ്രമാദം! ഭവാൻെറ കാൽമുട്ടുകൾ
തെല്ലും മടങ്ങാതെ നില്പതെന്തേ!
ഏഴെട്ടു കാശിൻെറയുന്മാദത്തള്ളലേ!
പാഴററ നിൻ തലതാഴില്ലെന്നോ?"

കൂടുതൽ ബോധ്യപ്പെടുവാൻവേണ്ടി ഈ വരികളിലും ചില മാററങ്ങൾ വരുത്താം.

അല്ല! നീർക്കെട്ടിനാൽ നിൻെറ കാൽമുട്ടുകൾ
തെല്ലും മടങ്ങാത്ത മട്ടിലായോ
ഏഴെട്ടുകാശു കൊടുക്കാൻ മടിച്ചിട്ടു
പാഴ്മരുന്നിന്നിപ്പുരട്ടുകെന്നോ

ഇനി മറെറാരാശയം എഴുതാം.

'ലക്ഷക്കണക്കിനു പദ്യം പഠിച്ചെന്നോ-
ത്തക്ഷരശ്ലോകത്തിനെന്നോടേററാൽ
തോല്പിച്ചു തൊപ്പിയിടീക്കും ഞാനാരേയും,
മൽഗുരുനാഥൻെറ കാരുണ്യത്താൽ.'

ഒരു കുഞ്ഞിനെയും തള്ളയേയും സംബന്ധിച്ചാകട്ടെ അടുത്ത കവിതാരചന.

'മഞ്ജുമൃദുഹാസസംതൃകീർത്തന്നോമന-
ക്കുഞ്ഞതരികത്തിലണഞ്ഞിടുമ്പോൾ
അമ്മിഞ്ഞപ്പാൽചുരന്നമ്മയാൾ ചെന്നെടു
ത്തമ്മുഖത്തുമ്മകൊടുത്തിടുന്നു.!

ചോദ്യം 5 ഒരു കഥ

ഒരു മറയൻ ഒരോലക്കുടയും എടുത്തുകൊണ്ടു് വഴിയേ നടന്നു. വെള്ളംനിറഞ്ഞൊഴുകുന്ന ഒരു ചെറു നദിയും അതിനക്കരെ നല്ല തുടലിൽ പൂട്ടിയിട്ടിരിക്കുന്ന ഒരു പട്ടിയും അയാളുടെ ദൃഷ്ടിക്കു വിഷയമായി. പട്ടി 'ബൗ ബൗ' എന്നു കുരച്ചു. ഭീതനായ അവൻ ഓലതട്ടിക്കളഞ്ഞു കുടക്കാലുമോങ്ങിക്കൊണ്ടു് ആലോച

നയായി. ഈ നദിവററിയും തുടൽ അററും പോയാൽ കടി പ
ററാതെ സൂക്ഷിക്കണമല്ലോ?

ഈ കഥ മേല്പറഞ്ഞ മഞ്ജരിവൃത്തത്തിൽ നിങ്ങൾ എഴുതുക. അനന്തരം ഞാൻ അടിയിലെഴുതുന്നതു് വായിക്കുക. തനിയെ എഴുതുവാൻ ചിലർ വിഷമിക്കുന്നപക്ഷം അടിയിലെ മഞ്ജരിയിൽ ഏതാനും(മിക്കവാറും) വ്യത്യാസംവരുത്തി വേറൊന്നു് എഴുതുക.

'പാന്ഥനൊരുവൻ മറയ,നോലക്കുട-
യേന്തി തനിയെ നടന്നിടുമ്പോൾ
ഊക്കനൊഴുക്കെഴു മാററിനെതിക്കരെ
ശൃംഖലാബദ്ധനായ് നിന്നമന്ദം
പട്ടി 'ബൌ' 'ബൌ' വെന്നയൻറ കുരപ്പതു
കേട്ടയാൾ ഞെട്ടിവിറച്ചുവേഗം
ഓലകളഞ്ഞ കുടക്കാലുമോങ്ങിക്കൊ-
ണ്ടാ'ലോചനാപൂർവ്വം' നോക്കിനിന്നാൻ
'ഇന്നദി വററിത്തുടലററു നായിങ്ങു
വന്നെതിർത്താലൊരു രക്ഷവേണ്ടേ?'

ചോദ്യം 6 ഒരു തുപ്പുകാരി.

മുററത്തു മുററുമാ വൃത്തികേടൊക്കെയും
മാററിത്തളിക്കുമിത്തുപ്പുകാരി
കുററംപറഞ്ഞുകുലുങ്ങിച്ചിരിച്ചുഴ-
കുററ സുമോഹനസാരിചുററി
മാറേറലും ഭൂഷകൾ ചാർത്തിയാപ്പൗഢരി-
നേററം സഹായിയാം പൊട്ടുംതൊട്ടു്
നാട്ടാകെരാഷ്ട്രീയം പാടിനടക്കുന്ന
നാരീമണികളെ നാണിപ്പിക്കും
.........................................
.........................................

(മണിപ്പുഴ വാസുദേവൻ നായർ)

N. B. നിങ്ങളുടെ ഭാവനാശക്തിയനുസരിച്ചു് ഏതാനും വരികൾ ചേർത്തു് പൂരിപ്പിക്കുക.

## ഭാഗം 9

# തിരുവാതിരപ്പാട്ടരീതി

"പാഞ്ചാലിയൊരുദിനം ചാഞ്ചല്യം കലർന്നുടൻ
പൂഞ്ചായലഴിക്കുന്ന സമയത്തുങ്കൽ
ചാഞ്ചാടിയാടിവന്ന പൂഞ്ചോലതന്നിൽ മുന്നിൽ
തേഞ്ചൊരിഞ്ഞൊരുപുഷ്പം വന്നുവീണു."

ഈ വൃത്തത്തിൽ ഒന്നാമത്തെ വരിയിൽ പതിന്നാലക്ഷരം കാണും. രണ്ടാം വരിയിൽ ലഘുഗുരുക്കളുടെ ഭേദമനുസരിച്ച് പതിനൊന്നോ പന്ത്രണ്ടോ അക്ഷരം കണ്ടുവെന്നു വരാം. ആദ്യക്ഷരം ഗുരുവായിരിക്കുമെന്ന് നിശ്ചയം. ഇതിന്റെ 'ഈണ'മനുസരിച്ച് പലപ്രാവശ്യം ചൊല്ലി 'രീതി' മനസ്സിൽ ഉറപ്പിക്കുക. അനന്തരം അല്പം വ്യത്യാസം വരുത്തുക.

'പാഞ്ചാലിയൊരുദിനം–ചാഞ്ചല്യം കലരാതെ
പഞ്ചപാണ്ഡവന്മാർതൻ മുൻപിൽ ചെന്നു.
പഞ്ചാരവാണിവന–സഞ്ചാരവിഷാദിനി
തഞ്ചാരുപ്രിയന്മാരൊ–ടേവമോതി'.

ഇനി വേറെ ഏതാനും ആശയങ്ങൾ ഈ രീതിയിലെഴുതാം.

1. 'ജാനകിക്കുട്ടി! നിന്റെ–ഗാനവൈശിഷ്ട്യമേതു–
മാനുഷനേയുമൊട്ടു–രസിപ്പിച്ചീടും.'

..........................................

2. 'ഇന്നലെയൊരു 'കഥ'–തന്നിലെ വിചാരത്താൽ
വന്നീലെനിക്കുറക്കം–കടുവോളവും.'

......................................

3. നാളെയവധി, യതി–നാളെ ഞാൻ സരസമായ്
നാലഞ്ചു കവിതക–ളെഴുതും നൂനം.
നല്ലപത്രത്തിനതെ–ന്നാശപോൽ ഞാനയച്ചു–
മാത്രുഭശീലരതു–പരസ്യം ചെയ്യും.

നാട്ടുകാർ ചിലർ വായി-ച്ചോട്ടേറെപ്പുകഴ്ത്തീടും
ശ്രേഷ്ഠതകിട്ടിത്താനും-കവിയായീടും,'

.......................................

.................................

4. 'കള്ളമല്ലൊരാൾ സദ്യ-യ്ക്കുള്ളൊരുൾഭമം മൂലം
പള്ളാത്തുരുത്തിച്ചാററി-ലെടുത്തു ചാടി.
നക്രമൊരുവനതി-വിക്രമനതു കണ്ടു.
ശീഘ്രമവനെ വെട്ടി-വയററിലാക്കി.
നല്ലപോലാലോചിക്കാ-തുള്ള കർമ്മങ്ങൾ മൂല-
മല്ലലുണ്ടാകുമെന്നു നിനപ്പിനാരും.

.....................................

.........................................

5. 'മോഷണം' മർത്യനതി-ഭീഷണകരമായ
ഭൂഷണമെന്നറിഞ്ഞാൽ ജയിച്ചു കാര്യം
ഭൂഷണം സത്യഗുണ-ഘോഷണമെന്നുമാരും
ഭാഷണം ചെയ്തിടുവാൻ മടിച്ചിടേണ്ട.

നിങ്ങൾ ഏതാനും വിഷയങ്ങൾ തിരഞ്ഞെടുത്തു് എഴുതി പരിശോധിക്കുക.

6. 'ദുഷ്ടരെക്കാണൊലാ, കണ്ടാൽ
കൂട്ടുകൂടി നടക്കൊലാ
നടന്നാൽ മിണ്ടൊലാ, മിണ്ടി-
യെന്നാൽ യോജിച്ചു ചൊല്ലണം'

ഈ പദ്യം നിങ്ങളിൽ ചിലർ കേട്ടുകാണും. 'ചീത്തയാളുകളെ കാണരുതു്. കണ്ടാൽ കൂട്ടുകൂടി നടക്കരുതു്. യദൃച്ഛയാ നടക്കാനിടയായാൽ സംസാരിക്കരുതു്. സംസാരിക്കേണ്ടി വന്നാലോ അവരുടെ അഭിപ്രായത്തോടു യോജിച്ചേക്കുകയാണു് നന്നെന്നു് മനസ്സിലാക്കണം.' ഇതാണു് പദ്യത്തിലെ ആശയം.

നാം എഴുതിപ്പോരുന്ന പദ്യത്തിലെ ഏതാനും വരികൾ വീണ്ടും വായിച്ചു് ആ രീതിയിൽ മേല്പറഞ്ഞ ഭാഗം എഴുതുക.

അതിനുശേഷം ഞാൻ അടിയിലെഴുതുന്നതു് വായിച്ചുനോക്കുക.

'ദുഷ്ടരെക്കാണരുതെൻ—കൂട്ടരേ!, കണ്ടുപോയാൽ
കൂട്ടുകൂടിനടക്കാൻ നിനയ്ക്കരുതേ!
ഒത്തുചേൎന്നുനടക്കാൻ—ദുസ്ഥിതി വന്നുപോയാൽ
വൎത്തമാനങ്ങളൊന്നും പറയരുതേ!
എന്നാലും പറയുവാൻ—വന്നുപോയിട,യെങ്കിൽ
ചേൎന്നുചൊല്ലണ,മതാ—ണുചിതമാൎഗ്ഗം.,

ചോദ്യം 7. അടിയിൽ എഴുതുന്നവയോടു്, നിങ്ങളുടെ ഭാവനാശക്തിയുപയോഗിച്ചു് ഏതാനും വരികൾ എഴുതി ചേൎത്തു, പൂരിപ്പിക്കുക.

'പാലൊളിപ്പൂനിലാവിൽ—തൂമണിമേടതന്നി—
ലാ, ലളിതാംഗിയൊത്തുരസിക്കുവോരേ!
പാ, ലടപ്രഥമനോ—ചേലൊടിറച്ചിച്ചാറോ
നാലിടങ്ങഴിവീതം ചെലുത്തുവോരെ!
കാലി,ണ്ണ തപ്പോടിയാൽ—പോലുമപ്പാവങ്ങൾക്കു്
കാ,ലണകൊടുക്കാത്ത—കഠിനന്മാരേ!'

.............................................

—.............................. .......................

ചോദ്യം 8. ഏതെങ്കിലുമൊരു ചെറുകഥയെഴുതി, കവികളേയോ കൂട്ടുകാരേയോ കാണിച്ചു് പരിശോധിപ്പിക്കുക.

## ഭാഗം 10

## വഞ്ചിപ്പാട്ടു് (നതോന്നത)

"ആഴിമകളുമൊരുമി— ച്ചൊരുകട്ടിന്മേലന്നേര—
മേഴാംമാളികമുകളിലിരുന്നരുളും
ഏഴുരണ്ടുലകുവാഴിയായ തമ്പുരാനെത്രയും
താഴെത്തന്റെ വയസ്യനെ ദൂരത്തുകണ്ടു."

(രാമപുരത്തുവാരൃർ)

ഈ വൃത്തത്തിന്ന് ആദ്യവരിയിൽ 16 അക്ഷരവും രണ്ടാം വരിയിൽ 13 അക്ഷരവും വേണം. ആദ്യക്ഷരം മിക്കവാറും ഗുരുവായിരിക്കും. ചിലപ്പോൾ 'ലഘു'വായും വരാറുണ്ട്. മുൻവൃത്തങ്ങളെപ്പോലെ രീതിക്കാണ് ഇവിടെയും പ്രാധാന്യം. പല തവണ വായിച്ചു പഠിച്ച് രീതി മനസ്സിൽ പതിഞ്ഞുകഴിഞ്ഞാൽ എഴുതാൻ ശ്രമിക്കുക. ഇതു് രണ്ടുമൂന്നുവിധത്തിൽ ചൊല്ലുവാൻ കഴിയും.

മേൽപ്പറഞ്ഞ വരികളിൽ അല്പഭേദം വരുത്തി ആദ്യമേ എഴുതാം.

'ആഴിമകളോടുകൂടി ചേലെഴുംപാലാഴിതന്നിൽ
വാഴുംപരാൽപര! വിഷ്ണോ! കരുണാസിന്ധോ!
ഏഴുരണ്ടുലകുനാഥനങ്ങു, പാരമുഴലുന്നോ-
രേഴകളെക്കൂടിയൊന്നു കരുതേണമേ!'

അടുത്തതായി മററൊന്ന്.

"അഞ്ചാറുനാഴികപ്പകലുള്ളപ്പോഴാദിത്യബിംബ-
മഞ്ചാതെ തൃച്ചക്രം കൊണ്ടുമറച്ചുകൃഷ്ണൻ."

ഇതിലും അല്പം വ്യത്യാസം വരുത്താം.

'അഞ്ചാറുനാഴികപ്പകലുള്ളപ്പോഴാദിത്യദേവ-
നഞ്ചാതെയാമരത്തിനുമറഞ്ഞുനിന്നു.'

ഇനി സ്വന്തമായി ഏതാനും കാര്യങ്ങൾ ഈ വൃത്തത്തിൽ എഴുതാം.

1. 'അമ്മ, രോഗിണി പറഞ്ഞി—തെന്മകനേ കുഴങ്ങുന്നേൻ
നൽമരുന്നു കുറേവാങ്ങിത്തരേണം വേഗം
തൻമുഖം കോട്ടിക്കൊണ്ടവനരുളിനാൻ, പന്തുകളി
കാണ്മാൻപോകേണമെനിക്കുസമയമില്ല.
നൂറുനൂറുനോവുദിനംതോറുംതിന്നമമ്മയുടെ
ക്രൂരമക്കളെറിയുമോ? കലികാലത്തിൽ.'

*        *        *        *        *

2. തൻെറ മക്കൾ കേൾക്കുവാനായ് വൃദ്ധചൊന്നാള
തൃച്ചത്തി–
ലെൻെറ 'കാലാ!' വന്നെന്നെയുംകൊണ്ടു പൊയ്ക്കോളു.
പിന്നെയവർരഹസ്യമായ് കെഞ്ചി,'യെന്നും
ചൊല്ലിക്കാലാ!
വന്നേക്കരുതിങ്ങോട്ടെങ്ങുംപൊയ്ക്കോളൂരെ!'

*　　*　　*　　*　　*

3. 'ബാല്യകാലം' ജീവിതത്തിന്നനർഘമോഹനരത്ന–
മാല്യ,മെന്നു ഗുരുജനം പുകർത്തിടുമ്പോൾ
'ശല്യമിതെ'ന്നു ശപിച്ചു, യൗവനവനത്തിലെത്തി
കല്ലുംമുള്ളുമേല്പാൻ കൊതി ബാലകക്കുള്ളിൽ.

*　　*　　*　　*　　*

4. നല്ലാവ്യാലംകാരാദികൾ ധരിച്ചു പുണ്യരൂപനെ
യക്കവിതാ മനോഹരിവരിപ്പുതാനേ
തക്വ്യാകരണാദിയിൽ കളിച്ചൊരുങ്ങിനിന്നാലും
ധിക്കരിച്ചാരസജ്ഞയാളാട്ടിയോടിക്കും
സുന്ദരകലാവിലാസാ–ഡംബരഭാസുരന്മാരി–
ലിന്ദിരാദേവിയുംതൃക്കൺകോണെറിഞ്ഞീടും

*　　*　　*　　*　　*

ചോദ്യം 9. 'ഭാരതമാതാവിൻനാട്'' എന്ന ശീർഷകത്തിൽ ഒരു വഞ്ചിപ്പാട്ടു തയാറാക്കുക.

ഏതാനും വരികൾ ഞാൻ അടിയിൽ എഴുതുന്നു. അതു നോക്കാതെ നിങ്ങൾ എഴുതുകയാണു് വേണ്ടതു്. അഥവാ നോക്കിയാലും നിങ്ങളുടേതു് എന്നവകാശപ്പെടത്തക്ക പുതുമ അതിലുണ്ടായിരിക്കണം.

'ചാരുതയുമതുപോലെ ധീരതയും കളിയാടും
ഭാരതമാംബേ! ദേവി! സൗമ്യേ! വിഭവരമ്യേ!
പാരതന്ത്ര്യക്കറനീങ്ങിപാരിലെല്ലാംകീർത്തിതിങ്ങി
സൈരതരം നീ വിളങ്ങീ–ടുന്നു രമ്യാംഗി!

'പണ്ഡിത്ജി തുടങ്ങിയോ—രുന്നതമഹാമതിമാ—
രിന്നിതാ നിന്നെ ലാളിച്ചു പരിരക്ഷിപ്പൂ.
ഇന്നിമേലുമെല്ലായ്പോഴും മന്നിനുകെടാവിളക്കായ്
പുണ്യവതിയവിടുന്നു ലാലസിച്ചാലും.'

*　　*　　*　　*　　*

ചോദ്യം 10. മണ്ണാങ്കട്ടയും കരിയിലയുംകൂടി കാശിക്കുപോയ കഥ — അഥവാ ഏതെങ്കിലുമൊരു ചെറുകഥ — വഞ്ചിപ്പാട്ടിന്റെ രീതിയിലെഴുതുക.

## ഭാഗം 11.

## കുറത്തി

"പൂന്നിയെട്ടു—ത്തുടൻവടി—മീതെയങ്ങു—ചേർത്തു
ചെപ്പടിക—ളിക്കളൊരു—പൊക്കണവു—മേന്തി
തിന്തിനത്തി—നാതിനെന്ന—പാട്ടുമവൾ—പാടി
.... .... ... .... .... .... .... ... ....
കേളിയേറും—വഞ്ചിനാട്ടി—ലെത്തിയക്കു—റത്തി."

ഈ വൃത്തത്തിനു് 14 അക്ഷരങ്ങൾ ഓരോ വരിയിലുമുണ്ടു്. ആദ്യക്ഷരം ഗുരുവായിരിക്കണമെന്നു് നിർബന്ധമാണു്. മേലെഴുതിയ വരികളിൽ വരയിട്ടിട്ടുള്ളിടത്തു് അല്പാല്പം നീട്ടി രാഗവും താളവും അനുസരിച്ചു് ചൊല്ലി 'രീതി' മനസ്സിൽ ഉറപ്പിക്കുക. അനന്തരം ചില ഭാഗങ്ങൾ അല്പാല്പം ഭേദപ്പെടുത്തുക. (ഇതിനു് ഒരു ഇരട്ടിയുള്ളതു് പിന്നാലെ പ്രതിപാദിക്കാം.)

'പെട്ടിതുറ—ന്നുടനൊരു—ബഞ്ചിലങ്ങു—വച്ചു
ചെപ്പടിക—ളിക്കളൊരു—സാധനംനി—രത്തി.
ജാലവിദ്യ—ക്കാരനയാൾ—'ഡാവു്'കുറെ—ക്കാട്ടി
കേളിയേറും—കൊച്ചുവീട്ടി—ലക്കളിതു—ടങ്ങി.'

*　　*　　*　　*　　*

ജാലവിദ്യയെപ്പററി ഏതാനും വരികൾ തുടന്നെഴുതാം-

ചെണ്ടയെടുത്താമനുഷ്യനൊട്ടനേരംകൊട്ടി.
പിന്നെ നൽവിഭൂതികൊണ്ടുപൊട്ടമൊന്നുതൊട്ടു.
ഒട്ടുമണൽപഞ്ചസാരയാക്കി നാക്കിലിട്ടു.
ചെമ്പുതുട്ടൊരെട്ടുപത്തുറുപ്പയാക്കിക്കാട്ടി.
അല്പനേരമിപ്രകാരമാക്കളിതുടന്നു
കാശുകുറേക്കിട്ടി,യയാൾമെല്ലവേ നടന്നു.

* * * * *

ഇനി വേറേ ചിലതു് എഴുതാം.

1. കുഞ്ഞുലക്ഷ്മി നല്ല കുട്ടിയന്തിയടുത്തപ്പോൾ
തുഞ്ഞതളിച്ചാവിളക്കു സാദരം കൊളുത്തി
കൊച്ചനുജനോടു കൂടീട്ടീശ്വരനെ വാഴ്ത്തി.
നല്ലശീലമുള്ളോരവൾ നന്മയാർന്നവാണു.

* * * * *

2. ഹേ! ധനികാ! നിൻെറ ചാരുഭാവി നീ കൊതിക്കിൽ
സാധുജനപ്രീതിയതു നേടിടേണം കാലെ
വെള്ളമൊഴകിക്കഴിഞ്ഞു നല്ല ചിറയിട്ടാ–
ലെന്തുഫലമായതൊന്നു ചിന്തചെയ്തു നോക്കു.

* * * * *

3 കുറത്തിയുടെ കൈനോട്ടം.

അക്ഷയമഹിമചേരും തമ്പുരാട്ടിക്കു്
സൂക്ഷ്മമായി നോക്കിനോക്കിലക്ഷണങ്ങൾചൊല്ലാം.
ഭാഗ്യരേഖ പലതരം യോഗ്യമായിക്കാണ്മൂ.
ശ്ലാഘ്യകരമായ ഭാവി തമ്പുരാട്ടിക്കുണ്ടു്.
നാഴിയരിക്കേതുകൊണ്ടും മുട്ടുവരികയില്ല
രണ്ടു നാഴിനെല്ലുകയ്യൽ വേണമെന്നു മാത്രം
മക്കളൊരുമിക്കരത്തിൽ കാണുവതില്ലിപ്പോൾ
വേല ചെയ്‌വാൻ ദൂരെയെങ്ങാൻ പോയിരിക്കയാവാം.

മത്സ്യരേഖയുണ്ടു കയ്യി-ലൊന്നു മണപ്പിച്ചാൽ
സത്യമത്രേ ഞാൻ പറഞ്ഞതെന്നറിയാമാക്കും
ചാകുവോളം ജീവിതമുണ്ടെൻറ തമ്പുരാട്ടി.
നന്മ ചെയ്താൽ കീർത്തിയോടെ ദീർഘകാലം വാഴാം.

ചോദ്യം 11. നിങ്ങളും കൈ നോക്കി ലക്ഷണം പറയുക.

ചോദ്യം 12. ഏതെങ്കിലുമൊരു ചെറുകഥ ഈ രീതിയിലെഴുതുക.

## ഭാഗം 12

കുറത്തിപ്പാട്ടിൻെറ ഇരട്ടി മനസ്സിലാക്കുവാനാണ് ഈ ഭാഗത്തിൽ ശ്രമിക്കുന്നതു്. നാലു വരി മുൻ എഴുതിയ രീതിയിൽ. അതു് കഴിഞ്ഞു് നാലു വരി ഇരട്ടി അതു് ശ്രദ്ധിച്ചു മനസ്സിലാക്കണം.

'കുഞ്ഞു ലക്ഷ്മി നല്ലകുട്ടി-
യന്തിയടുത്തപ്പോൾ
തുത്തുതളിച്ചാവിളക്കു
സാദരം കൊളുത്തി.

അന്തർജനോട്ടക്രു-ടവിടിരുന്നവ-
ളഖിലനാഥനെ-വാഴ്ത്തി
ഗുണവതിയവൾ-ഗൃഹമതിനൊരു
മണിപ്രദീപമായ്-വാണു.'

രണ്ടാമത്തെ നാലുവരി നല്ലതുപോലെ കാണാതെപഠിച്ച് പല പ്രാവശ്യം ചൊല്ലി രീതി മനസ്സിൽ ഉറപ്പിക്കുക. ആ രീതിയിൽ തന്നെ ധാരാളം വരികൾ എഴുതുക. ഉദ്ദേശിക്കുന്ന വൈഷമ്യം ഇതിനില്ലെന്നു് അല്പം കഴിയുമ്പോൾ അനുഭവപ്പെടും

ഇരട്ടി മാത്രമാണ് അടിയിൽ എഴുതുന്നതു്.

1. 'വരികകൂട്ടരെ! നമുക്കൊരുമിച്ചു
കുറച്ചു ചായകുടിക്കാം.

അതു കഴിഞ്ഞിട്ടു ചൊടിയൊടുകൂടി
മുറയ്ക്കു പാഠം പഠിക്കാം.
മൂഷിയുന്ന നേരം കടൽപ്പുറം വരെ
വെടി പറഞ്ഞു നടക്കാം.
രവി മറവതും ശശിയുദിപ്പതും
ശരിക്കു കണ്ടു രസിക്കാം.'

* * * *

2. കഠിന ദാരിദ്ര്യക്കടലിലാറാടി-
യൊരു കുചേലനെ വേഗം
കനകക്കുന്നിന്മേൽ മണിമാളികമേൽ
കയററി ലാളിച്ച കൃഷ്ണ!
അടിയിന്നകൃപ്പമടിയനേയുമ-
പ്പടിതിരുവടി വേഗം
കെട്ടതികരം തീർത്തു ഝട്ടതിപാലിച്ചു
പട്ടതനരംകണേ! നാഥാ!,

ഇനി കുറത്തിയുടെ കൈനോട്ടം ഇരട്ടി കൂട്ടിച്ചേർത്ത്
എഴുതാം.

അക്ഷയമഹിമചേരും
തമ്പുരാട്ടിക്കയ്യ്
ഇക്ഷണം ഞാൻ നോക്കിനോക്കി
ലക്ഷണങ്ങൾ ചൊല്ലാം.

പല പല യോഗനിലയെഴും രേഖ
വിലസുന്നു തമ്പുരാട്ടി!
അവിടന്നു ബഹുഭവികരാശിയായ്
പരിലസിച്ചീടും നീന്നാൾ.

പത്തുമക്കൾക്കുള്ള യോഗം
കൈത്തലത്തിലുണ്ട്.
മൂന്നു, നഷ്ടം വന്നുപോയാൽ
ഖിന്നതവേണ്ടൊട്ടും.

ഒരു മകനതിൽ വരതരപദം
വരിച്ചു മന്ത്രിയായിട്ടും.
മകളൊരുത്തിയും പുകഠംപരത്തിയീ-
ഗൃഹമുയർത്തിടും ദേവി.

പാവങ്ങഠം വന്നാവലാതി
കേവലം കഥിക്കെ
വാരിവാരിക്കൊടുക്കുന്ന
ശീലമുണ്ടിവിടെ.

അടിയനു നല്ലൊ-രടിതോൽ, കൊട്ടുക്കൽ
കിടക്കും കുട്ടികഠംക്കായി
അരി വാങ്ങിക്കുവാൻ കുറച്ചു രൂപയും
തരണമേ തമ്പുരാട്ടീ!

ചോദ്യം 13. ഈ രീതിയിൽ ഏതെങ്കിലുമൊരു ചെറുകഥ എഴുതുക.

## ഭാഗം 18.

"മാവേലി നാടുവാ-ണീടും കാലം
മാനുഷരെല്ലാരു-മൊന്നുപോലെ
..................................
കള്ളവുമില്ല ച-തിവുമില്ല.
എള്ളോളമില്ലപൊ-ളിവചനം."

ഈ വൃത്തത്തിനു് ഓരോ വരിയിലും പത്തു് അക്ഷരങ്ങഠം വീതമുണ്ടു്. ആദ്യക്ഷരം ഗുരുവായിരിക്കും.

മേലെഴുതിയ വരികഠം പലപ്രാവശ്യം വായിച്ചു് രീതി മനസ്സിലുറപ്പിക്കുക. അതിൽ ചില ഭേദഗതികഠംവരുത്തുക.

'മാവേലിൽ വാണിടും കൊച്ചുകുഞ്ഞേ!
ഈ വേലിയെന്തിനിവിടെക്കെട്ടി.

കണ്ണന രാത്രിയിൽ ജോലി നോക്കാൻ
തെല്ലു വിഷമം വരികയില്ലേ.'

ഇനിവേറെ ചില ആശയങ്ങൾ എഴുതുക.

1. റോട്ടിലിറങ്ങിയാൽ പൊട്ടരെന്ന
മട്ടിൽ നടക്കുന്ന കുട്ടികളെ!
ലോറിയും കാറും സദാസമയ-
മോടുന്ന കാലമാണോർമ്മ വേണം.
ലക്കം ലഗാന്തമില്ലാതവ തൻ
പോക്കു കുഴപ്പം വരുത്തീടുമേ!
മുന്നുപിന്നെപ്പോഴും നോക്കിടാതേ
റോഡുവിലങ്ങിക്കടക്കരുതേ!

* * * *

2. കാളപെററന്നു പറഞ്ഞു കേട്ടാൽ
വേഗം കയറെടുത്തീടുവോരേ!
കാളക്രൂരത്തിനു മേമ്പടിക്കായ്
തേനിനു തെണ്ടി നടക്കുവോരേ!
കാഞ്ഞിരക്കായുടെ കയ്പുമാററാൻ
പാലിലിടുന്ന വിരുതന്മാരെ!
കാലനെ സ്വാലനായ് സ്വീകരിപ്പാൻ
മാലയന്വേഷിച്ചു പോകുവോരേ!
നിങ്ങൾക്കുമുണ്ടൊരു മൂത്തചേട്ടൻ
ലുബ്ധനെസ്സേവിച്ചു വാണിടുന്നോൻ

* * * * * *

ചോദ്യം 14. 'ചൊക്കൻ (കുരങ്ങൻ) അപ്പം പിടുങ്ങിയ കഥ' നിങ്ങൾ കേട്ടു കാണും. അതു മേല്പറഞ്ഞ വൃത്തത്തിലെഴുതുക. എന്റെ കവിത ആരും നിങ്ങൾ വായിക്കയില്ലെന്നു വിശ്വസിക്കയാണു; ശർക്കരക്കുടത്തിൽ കൈയിട്ടു മിടുക്കനെപ്പററിയെന്ന പോലെ.

'പണ്ടൊരു വാളൻ, പകുതിഭാഗം
മാത്രമറുത്ത തടിയിലൊന്നിൽ
ആഴ്ത്തീട്ടയാരാപ്പിനടുക്കലായി
ചെന്നിരുന്നാനൊരു മർക്കടത്താൻ
'ആപ്പ്'തുവേഗം പിടിച്ചിളക്കാ—
നപ്പൊഴുതാശയവനു വന്നു.
ആരയാണെങ്കിലൊ ഗർഭിണിയു—
മാസ്സനമിക്കുന്നതായിരുന്നു.
'വാലൊ'വിടവിന്നിടയിലാണെ—
ന്നാലോചിയാതെ പണി തുടങ്ങി.
ആകെ വിയർത്തു കുഴഞ്ഞു വിദ്വാ—
നേറെനേരം പ്രയത്നിച്ചശേഷം
സാധിച്ചിതേ കാര്യം! എന്തതെന്നോ?
വാലില്ല,തു നഷ്ട, മെന്നുമാത്രം.
ചൊക്കൻ സ്വയം കൃതാനർത്ഥമതാ—
ജ്ജീവിതാന്ത്യം വരെയോർത്തുപോന്നു.
അവശ്യമില്ലാത്ത കാര്യങ്ങളിൽ
കൈവയ്ക്കിലുണ്ടാം ഫലമിവണ്ണം.

## ഭാഗം 14.

## കേക. (കിളിപ്പാട്ട്)

"ശ്രീരാമനാമം പാടി,വന്ന പൈങ്കിളിപ്പെണ്ണേ!
ശ്രീരാമ,ചരിതംനീ, ചൊല്ലീട്ട, മടിയാതെ.
ശാരികപ്പൈതൽതാനും വന്ദിച്ചുവന്ദ്യന്മാരെ
ശ്രീരാമസ്മൃതിയോടേ പറഞ്ഞുതുടങ്ങിനാൾ."

(രാമായണം)

ഈ കിളിപ്പാട്ടിൽ പതിന്നാലക്ഷരം വീതംഓരോവരിയില്ല

മുണ്ട്. വരികൾ കാണാതെ പഠിച്ച് രീതി മനസ്സിലുറപ്പിച്ചാൽ വളരെ വേഗം എഴുതാൻ കഴിയുമെന്നത് ഈ ഗാനത്തിനുള്ള പ്രത്യേകതയാണ്.

'ഉന്നതസൗഭാഗ്യത്തിൻ ശൃംഗത്തിൽ, കനിവിൻെറ
പൊന്നോടക്കുഴലുമായ് വർത്തിക്കും മഹാത്മാവേ!
താവകോജ്ജ്വല പാദപങ്കജങ്ങളിൽ സ്നേഹം
താവുമീ വിനീതോപഹാരം ഞാൻ സമർപ്പിപ്പൂ.'
(ചങ്ങമ്പുഴ)

'എന്തിഹ തിരുമുഖം താഴ്ത്തിക്കൊണ്ടിരിക്കുന്നു
നിന്തിരുവടിയമ്മേ; നിർവൃതം കരകയോ?'
(വള്ളത്തോൾ)

'മുണ്ടുവേണമോ മുണ്ട്, നാലണയ്ക്കാരെങ്കിലും
കൊണ്ടുകൊള്ളുവിനൊററച്ചില്ലി കൂടുതൽവേണ്ട.'
(ഉള്ളൂർ)

ഇനി മററു ചില ആശയങ്ങൾ എഴുതാം.

1. 'എന്നും ഞാൻ വാഴ്ത്തി സ്തുതിച്ചാദരിച്ചാരാധിക്കു-
മുന്നതപ്രഭാവിനീ കവിതേ! ദേവീ! തൊഴാം.
അങ്ങല്പം പ്രസാദിച്ചാൽ, മന്ത്രിയാകേണ്ടാ, വിത്ത-
ഭംഗിയും വേണ്ടാലോകപ്രസിദ്ധി സിദ്ധിച്ചീടാൻ,'

* * * *

2. ആരാമം തന്നിൽ പുഷ്പമിറുക്കും കുഞ്ഞിപ്പെണ്ണേ!
ആരാമസ്ഥാരേ വഴിക്കെങ്ങാനും നീ കണ്ടിതോ?
കുട്ടൻകാപ്പിയുമല്പം കപ്പ ചുട്ടതും തരാം
പെട്ടെന്നു പരമാർത്ഥമെന്നോടുചൊല്ലാമെങ്കിൽ.'

* * * *

3. 'ഹേ! കൃഷ്ണപക്ഷ ചന്ദ്ര! നീ ദിനംതോറുമേവം
'ശോഷി'ച്ചുപോയീടുവാനെന്തൊരു ഖേദം പററി.
മന്ത്രിയാകുവാനാശി'ച്ചെമ്മെല്ലേ'പദത്തിനു
മത്സരിച്ചതിൽ തോററുതൊപ്പീയിട്ടിതോ സഖേ!

അഞ്ചുരൂപയ്ക്കുവില്ക്കാമെന്നോർത്തു സൂക്ഷിച്ചനെ-
ല്ലപ്പടിപൊടിഞ്ഞിട്ടു നീയുമാനിലയാണോ?
പേർകെട്ട'താര'ങ്ങളിലൊന്നിനെ വേൾക്കാൻപാരം
മോഹിക്കെ മാനേജരേയവർപോയ് വരിച്ചെന്നോ.?
എന്തു സങ്കടം പററീ പറയൂ; പറയുവാൻ
കൊള്ളാത്തതായിട്ടാണോ!'കാറിൽ നീയൊളിക്കുന്നു.

* * * *

ചോദ്യം 15. അഞ്ചാം ചോദ്യത്തിൽ ഗാഥാരീതിയിലെഴുതിയ മഹാചിന്തകൻെറ കഥ, കിളിപ്പാട്ടു രീതിയിലെഴുതുക. ഇപ്രകാരമുള്ള പരിശീലനം ഏററവും പ്രയോജനകരമായിരിക്കും.

ഏകനാമൊരു പാന്ഥൻ തന്നോലക്കുടയുമായ്
പോകവേയയാളൊരു നദിതൻ തീരത്തെത്തി.
ഊക്കേറുമൊഴുക്കുള്ളൊരാനദിക്കെതിർക്കരെ
നൽത്തുടലാലെബന്ധിച്ചുള്ളൊരു വീരൻപട്ടി
ഉൽക്കടം കുരയ്ക്കവേ ഓല ദൂരെക്കളഞ്ഞി-
ട്ടക്കടക്കാലുമോങ്ങി നിന്നവൻ ചിന്താക്രാന്തൻ
ആററിലെവെള്ളം വേഗം വററി,യത്തുടലററ-
ക്കുററനെത്തിയാൽ'ക്കടിപററാതെ'സൂക്ഷിക്കേണ്ടേ?
അമ്പടാ! സഖാവേ! നിന്നുഗ്രമാമാലോചന
യമ്പരപ്പിക്കാം നൂനം ഐസക്കന്യൂട്ടനേയും

## ഭാഗം 15.

## കിളിപ്പാട്ട് (സുന്ദരകാണ്ഡത്തിൻെറ മട്ട്)

## കളകാഞ്ചി

"സകലശുക-കുലവിമല-തിലകിതക-ളേബരേ!
സാരസ്യ-പീയൂഷ-സാരസ-ർവ്വസ്വമേ!
കഥയമമ-കഥയമമ-കഥകളതി-സാദരം
കാകുൽസ്ഥ-ലീലകൾ-കേട്ടാൽമ-തിവരാ."

(എഴുത്തച്ഛൻ)

മുൻ ഭാഗത്തിലെഴുതിയ കിളിപ്പാട്ടിൻെറ ഏതാണ്ടൊരു ഇരട്ടിയാണിതിനുള്ളതെന്നുപറയാം. ഒന്നാമത്തെ വരിയിൽ പതിനെട്ടും രണ്ടാമത്തതിൽ പന്ത്രണ്ടുമാണ് അക്ഷരസംഖ്യ. ഒന്നാമത്തെ വരിയിൽ ബഹുഭൂരിപക്ഷവും 'ലഘു'ക്കളാണെന്നും (ദീർഘാക്ഷരമോ കൂട്ടക്ഷരമോ വളരെ കാണുകില്ലെന്നും) രണ്ടാമത്തതിൽ അധികമക്ഷരങ്ങളും ഗുരുക്കളാണെന്നും(രണ്ടാംവരിയിലെ ആദ്യക്ഷരം എപ്പോഴും ഗുരു)മനസ്സിലാക്കുക. സാവകാശത്തിൽ, വരയിട്ടിരിക്കുന്നിടത്ത് അല്പം നിത്തി വായിച്ച് രീതി മനസ്സിൽ ഉറപ്പിക്കുക. രീതി മനസ്സിൽ കിട്ടിയാൽ എഴുതാൻ പ്രയാസമില്ലെന്നും ബോധ്യപ്പെടും.

മേൽ എഴുതിയ വരികളിൽ ചില മാററങ്ങൾ വരുത്താം.

'സകലകുലയുവതിജനമണിയുമമ്പലാമണേ!
സരസ്യസാരമെഴും സാരസേക്ഷണേ!
കഥപറക, കഥപറക, മനതളിർതെളിഞ്ഞു നീ,
രാഷ്ട്രീയകാര്യങ്ങൾ കേട്ടാൽമതിവരാ.,

1. രാമായണത്തിൽ, ഹനുമാൻ രാവണനോടു പറയുന്ന ഒരു ഭാഗം ശ്രദ്ധിക്കുക.

"നിനവുതവമനസിപെരുതെത്രയുംനന്നനീ
നിന്നോടെതിരൊരു നൂറുനൂറായിരം
രജനിചരകുലപതികളായ് ഞെളിഞ്ഞുള്ളൊരു
രാവണന്മാരൊരുമിച്ചെതിർത്തീടിലും
നിയതമിതു മമചെറു വിരൽക്കുപോരാ പിന്നെ
നീയെന്തുചെയ്യുന്നിതെന്നോടു കശ്മല!"

ഇവിടെയും കുറെ വ്യത്യാസം വരുത്താം.

'മനസിമദമധികമെഴ മതിവികൃതിമാർമണേ!
നിന്നെജ്ജയിക്കുന്ന നൂറുനൂറായിരം
അതുലഭുജബലമുടയ—കുടിലത പെരുത്തുള്ള—
ചട്ടമ്പിമാരൊരുമിച്ചെതിർത്തീടിലും

കരുതിടുക മമ ചെറുവിൽക്കു പോരാ പിന്നെ
നീയെന്നോടെന്തോന്നു കാട്ടുന്നു കയ്മളേ!,

ഇനി മററു ചില കാര്യങ്ങൾ എഴുതാം.

1. 'മധുരമൊഴി! മലരവൽ പഴങ്ങൾ, പഞ്ചാരയും ,
ചേർത്തുയോജിപ്പിച്ചു തന്നാൽ മനോഹരം.
സരസ തരമതിന്നുപരി പാൽകുടിച്ചീടിലോ
ശക്കരപ്പന്തലിൽ തേൻ മഴ തന്നെയാം,

* * * *

2. 'ചെറിയമകനൊരു കുസൃതി, കളലളിതകോമളൻ
പൂമ്പട്ടുടുത്തു നൽപൂമാല ചാത്തിയും.
തരിവളകളണിയുമിരുകരമുപരി കൊട്ടിയും
മുററത്തു ചാഞ്ചാടി നിൽക്കുന്നു മോഹനം,

* * * *

ചോദ്യം 16. അടിയിൽ കുറിക്കുന്ന—അഥവാ നിങ്ങളുടെ ഭാവനയ്ക്കനുസരണമായ—ആശയം മേല്പറഞ്ഞ രീതിയിലെഴുതുക.

'ധനമലയിലധികസുഖമഹിത മണിമേടയിൽ
മാനം പുലത്തുന്ന മാനവപ്രൗഢരേ!
ശിശുവിനൊരു ചെറിയ പനി വരുമളവു ഡാക്കരേ
മദ്രാസിൽനിന്നു വരുത്തുന്ന ക്രൂരരെ!
സുതനു നവ വധു വരവെ, 'മധുവിധു, നുകർന്നിടാ—
നിംഗ്ലണ്ടിലേക്കയയ്ക്കുന്ന രസജ്ഞരേ!
തനയയുടെ പരിണയ സുമധുരിമ മിന്നുക്കുവാ—
നയ്യായിരം പവൻ തള്ളുന്ന യോഗ്യരേ!
അശനരുചികുറവു്, ജവമതുപരിഹരിക്കുവാൻ
തേനിനു പഞ്ചാരതൂകും മഹേന്ദ്രരേ!
വഴിയിലൊരു കുരുട'നരയണ്ണ'യതുകൊടുക്കുവാൻ
കീശചുമ്മാ, തപ്പിനോക്കും നയജ്ഞരേ!

വയർപൊരിയുമഗതി പരിസരമതിൽ വരാശ്ശതി-
ന്നാപ്പട്ടിയെ ഗാട്ട നിത്ത്യം ദയാഢ്യരേ!
മതിമഹിമ പട്ടതയിവയുടയൊരു കുബേരരേ!
മുന്നു പിന്നൊന്നു ശരിക്കനോക്കീടുവിൻ!
സ്ഥിതിഗതികളിനിയധിക ദിവസമിത്ഥ മാതിരി
മുന്നോട്ടുനീങ്ങുമോ? ചിന്തചെയ്തീടുവിൻ!,

## ഭാഗം 16.

"മലരണി-ക്കാട്ടുകൾ-തിങ്ങിവിങ്ങി
മരതക-കാന്തിയിൽ-മുങ്ങിമുങ്ങി
കരളുംമി-ഴിയുംക-വർന്നമിന്നി
കറയറെറാ-രാലസൽ-ഗ്രാമഭംഗി." (ചങ്ങമ്പുഴ)

ഈ വൃത്തത്തിനു് ഓരോവരിയിലും പതിനൊന്നു് അക്ഷരം വീതമുണ്ടു്. ചിലപ്പോൾ ഒരക്ഷരം കൂടുതലായിവരാം. ആദ്യത്തെ രണ്ടെണ്ണം ലഘുവായിരിക്കണമെന്നു് നിർബന്ധമാണു്.

വരയിട്ടിരിക്കുന്നിടത്തു് അല്പംനിർത്തി പല പ്രാവശ്യം വായിച്ചു്, രീതി മനസ്സിലുറപ്പിക്കുക.

ഇനി അതേ രീതിയിൽ ഏതാനും ആശയങ്ങൾ എഴുതാം.

1. 'കരിമുകിൽ മാനത്തു തിങ്ങിവിങ്ങി
പകലിൻെറ കാന്തിമയങ്ങിമങ്ങി
ഇടിമൂലം ഭൂമി പരം നടുങ്ങി
ഇട വിടാതുള്ള മഴ തുടങ്ങി
മലവെള്ളം നാടാകെ വന്നുപൊങ്ങി
നിമിഷം കൊണ്ടെൻെറ പറമ്പു മുങ്ങി,

x x x x x x

2. 'അയൽപക്കക്കാരൻ യുവാവൊരുത്തൻ
ഒരു നാരിതൻെറ സമീപമെത്തി
ഇറയത്തുകേറിയിരുന്ന ശേഷം
പരിതാപപൂർവ്വം പറകയായി.

ചെറിയമ്മ കേട്ടിതോവർത്തമാനം
മലയിലെ മാത്തൻ മരിച്ചുപോയി
ഒരു പനി വന്നതേഹേതുവുള്ള
മനുജന്റെ ജീവിതമെത്രതുച്ഛം.
അതുകേട്ടവർ മഹാചിന്തന്നിൽ
മുഴുകിയശേഷമിവണ്ണമോതി
അവനൊരു നല്ലവനായിരുന്നു
ഗുണവാനും ശക്തനുമായിരുന്നു
ശരി! സാരമില്ലിതിലേറെയെന്തോ
അവനവരേണ്ടതൊഴിഞ്ഞതാവാം!!,

## ഭാഗം 17

"മലയപ്പുലയനാ മാടത്തിൻ മുററത്തു
മഴവന്ന നാളൊരു വാഴവച്ചു."

(ചങ്ങമ്പുഴ)

ഈ വൃത്തത്തിനു് ഓരോവരിയിലുംപതിമ്മൂന്നും പതിനൊന്നും വീതം അക്ഷരങ്ങൾ ഉണ്ടു്. രണ്ടു വരിയിലും ആദ്യത്തെ രണ്ടക്ഷരം 'ലഘു' വായിരിക്കണം. പലപ്രാവശ്യം ചൊല്ലി രീതി മനസ്സിലാക്കുക.

മേലുദ്ധരിച്ച വരികൾ ഒരു സരസൻ അല്പം ഭേദപ്പെടുത്തിയെഴുതിയതു നോക്കുക.

'മലയപ്പുലയനാ പ്പാടത്തിൻ വക്കത്തു
മഴവന്ന നാളൊരു കൂടവച്ചു.'

ഇനി നമുക്കു് ചില ഭാഗങ്ങൾ എഴുതാം.

1. 'മലയിലെ മാത്തനാ മൂക്കിന്റെ താഴത്തു
പഴതാര പോലൊരു മീശവച്ചു.'

*  *  *  *  *

2. കളവാണി! മാധവി! ഞാൻചൊല്ലിവാസ്തവം,
കളവാ,ണിതെന്നു നിനയ്ക്കരുതേ!

*    *    *    *    *

3. ഘനവേണി! കല്ല്യാണി! കാതിലിരുമ്പാണി
കയറിയെന്നോക്കും നിൻ പാട്ടുകേട്ടാൽ.
കഴുതയട്ടത്തെങ്ങാനുണ്ടെങ്കിലായവ—
നിണയെന്നോർത്തോടിയട്ടത്തെക്കുമേ!

*    *    *    *    *

4. കവിതയെഴുതിയാൽ പലരേയും കാണിച്ചു
പിഴതിരുത്തേണ്ടതവശ്യമത്രേ.
പരിഹാസം പേടിച്ചു കീശയിലിട്ടേച്ചാ
ലതു പന്തിയാവില്ല കൂട്ടുകാരേ!

*    *    *    *

N. B. ചില വരികളിൽ, ചിലപ്പോൾ ഒന്നോ രണ്ടോ അക്ഷരം കൂടിപ്പോയെന്നു വരാം. ഒരു 'ഗുരു' രണ്ടു 'ലഘു' വാകുകയാണു് അവിടെ ചെയ്യുന്നതു്. രീതി (ഈണം) തെററാതെ ശ്രദ്ധിച്ചാൽ മാത്രം മതി.

ഉദാ: 'കരിനാക്കുകൊണ്ടൊന്നും പറയാതെ മൂശേട്ടേ!
കരിവള്ളോൻ കോപിച്ചൊരാജ്ഞനൽകി.
(ചങ്ങമ്പുഴ)

*    *    *    *

ചോദ്യം. ഏതെങ്കിലുമൊരു ചെറുകഥ മേൽകാണിച്ച രീതിയിലെഴുതുക. ഞാൻ എഴുതുന്ന 'ആട്ടിടയനും പുലിയും' എന്ന കഥ ശ്രദ്ധിക്കുക.

'ഒരുകാട്ടിലാടുമേയ്ക്കുന്ന ചെറുപയ്യൻ
പുലിവരുന്നേ' യെന്നു വെറുതേ ചൊന്നാൻ!
അതുകേട്ടയൽക്കാരൊ, ട്ടോടിയവിടെത്തി
അവനോ കരംകൊട്ടിപ്പരിഹസിച്ചു,

വികൃതിയവൻ വീണ്ടും ചില നാളിലീവണ്ണം
കളിയാക്കിനാ നട്ടുള്ളവരെ.
ഒരു നാളൊരു പുലി, ഘോരൻ ഭയങ്കരൻ
പരമാൎത്ഥമായ്ത്തന്നെ വന്നവിടെ
അവനുട'നയ്യോ! പുലിവരുന്നേ!' യെന്നാ–
യലറി; അതാരും ഗണിച്ചതില്ല.
പുലിയാ വികൃതിയെക്കൊലചെയ്തുവേഗത്തിൽ;
പറകൊല്ലേ കള്ളം കളിയായ്പോലും

## ഭാഗം 18

'രാമരാമ പാഹിമാം മുകുന്ദ രാമ പാഹിമാം
രാമപാദംചേരണേ! മനോഭിരാമ പാഹിമാം.'

(സന്ധ്യാനാമം)

മേലെഴുതിയ ഗാനം പലക്കും പരിചിതമാണ്. ഓരോ വരിയിലും പതിനഞ്ചക്ഷരം വീതം കാണും. ചിലപ്പോൾ ഒര ക്ഷരം കൂടിയെന്നു വരാം. നിഷ്പ്രയാസം എഴുതാവുന്ന വൃത്ത മാണിതു്. രീതി മനസ്സിൽ ഉറപ്പിച്ചുകൊണ്ടു പരീക്ഷിക്കുക.

'കൃഷ്ണ! കൃഷ്ണ! വാസുദേവ! നന്മയെന്നുമേകണേ!
വൃഷ്ണിവംശ ദീപമേ! ഹരേ മുകുന്ദകൈതൊഴാം;
'വിത്തവാനുമാകണം വിശേഷബുദ്ധി തോന്നണം
വിശ്വനായകാ! വിഭോമുകുന്ദരാമ പാഹിമാം.'

ഇനി ഈ രീതിയിൽ മറെറന്തും കാൎയ്യങ്ങൾ എഴുതാം.

1. ജോലി നല്ല രീതിയിൽ പരിശ്രമിച്ചു ചെയ്യണം
കൂലികിട്ടുമെന്നതിൽ പരിഭ്രമിക്ക വേണ്ട നാം.
നാളെയെന്നുപേക്ഷയോടു മാററിടുന്നതാവിധം.
നീളും, ആയതെന്നുമേനടക്കുവാൻ പ്രയാസമാം.

*    *    *    *

2. വിത്തിനിട്ടിരുന്ന തണ്ടു ചുട്ടതിന്നു ഭാവിയിൽ
കട്ടതിന്നുവാൻ ചിലക്കു വന്നിടുന്നു കൗതുകം

*   *   *   *

ചോദ്യം. ഇതേരീതിയിൽ ഒരു ഈശ്വരസ്തവമെഴുതുക.
ചോദ്യം. ഏതെങ്കിലുമൊരു ചെറുകഥയെഴുതുക

## ഭാഗം 19

# വച്ചുപാട്ട്

"അയ്യയ്യ! ത്തേത്തേത്തെ! തിത്തത്താ
തൈ തൈ താ!"

"പച്ചക്കല്ലൊത്തതിരുമേനിയും നിൻെറ
പിച്ചക്കളികളും കാണുമാറാകണം."

സാധാരണ 'വച്ചുപാട്ടി'ന്നു ഉപയോഗിച്ചുവരുന്ന രീതി ഇതാണു്. ഓരോ വരിയിലും പന്ത്രണ്ടക്ഷരം വീതമുണ്ടു്. ആദ്യക്ഷരം എപ്പോഴും 'ഗുരു'വായിരിക്കണം

'വൈക്കത്തൊരാന പറന്നുപോയെ തൈ തൈ!
ഗോപുരം തിങ്ങി രണ്ടീച്ച ചത്തേ തൈ തൈ
ടാർമഷി കൊണ്ടൊരാരം ഗോപിതൊട്ടേ തൈ തൈ
കാളൻകുടിച്ചപ്പോളോലനായേ തൈ തൈ.

ഈമാതിരി വരികൾ ഇതിൻെറ രീതി ഉറയ്ക്കുവാൻ പ്രയോജനപ്പെടും.

'ചിത്തിര രാജനാം നമ്മുടെ തമ്പുരാൻ
സുസ്ഥിരകാരുണ്യശാലി ജയിക്കണം.
നാട്ടിൽ പരിഷ്കൃതിയാലെ ജയധ്വജം
നാട്ടിയ വൈഭവ ശാലിജയിക്കണം.'

ഇപ്രകാരമുള്ള സ്തുതിഗീതങ്ങൾ വച്ചു പാട്ടിന്നു ആവശ്യമാണു്.

കവിതയെഴുതാൻ ശ്രമിക്കുന്നവർ, 'വായിൽ വരുന്നതെല്ലാം കോതയ്ക്കു പാട്ട്' എന്നപോലെ ചിന്തിക്കുന്നതും പറയുന്നതുമെല്ലാം ഏതു വൃത്തമെഴുതിക്കൊണ്ടിരിക്കുമ്പോ അ രീതിയിൽ സ്വീകരിക്കുന്നതു നന്നായിരിക്കും 'നാണിക്കു വിദ്യയില്ല' എന്ന നേരംപോക്ക് നാണിക്കു കവിതയില്ല' എന്ന് മാററി ചൊല്ലുന്നതും കൊള്ളാം.

അമ്മേ! വിശക്കുന്നു ചോറുവിളമ്പണം
ഹാ ഹാ! മണിയൊന്നടിച്ചതു കേട്ടിതോ

*      *      *      *      *

രാമനിതേവരെ യുണ്ണെഴീററില്ലയോ?
സൂര്യൻ കിഴക്കൻ, പടിഞ്ഞാറനായല്ലോ.'

*      *      *      *      *      *

പട്ടി മടിച്ചു കുരച്ചിട്ടുകുന്നേര-
മോടിയാൽ കാര്യം കുഴപ്പത്തിൽ വന്നിടും.
ധൈര്യമോടങ്ങിനെ നിന്നെതിർത്തീടണം
ധൈര്യമാണാക്കും വിജയത്തിനാസ്പദം.

*      *      *      *

## കവിതയെഴുതുമ്പോൾ

നിങ്ങൾ കവിതകളാദ്യമെഴുതവേ
ഭംഗിയായില്ലെന്നു താനേ നിനച്ചിടാം.
തെററുകൾ പററിടാം ചുമ്മാ ചിലജനം
കുററംപറകയും ചെയ്യുന്നു വന്നിടാം.
ഒന്നുകൊണ്ടും കുഴങ്ങേണ്ട, സത്തുസാഹി
തന്നേവിജയം വരിച്ചിടും നിശ്ചയം
പ്രായമധികം; കവിതയെഴുത്തിനു
പോയാൽ ഫലിക്കയില്ലെന്നു മുഴറൊലാ.
വാല്മീകിയാദ്യമാ പ്പദ്യം രചിച്ചതു
വാർദ്ധക്യകാലത്തിലെന്നു കേൾക്കുന്നു നാം.

കാളിദാസൻതന്നെ, വേളിക്കശേഷമാ—
ക്കാളിയമ്മച്ചി കവിയാക്കി വിട്ടപോൽ.
ഉന്നതമത്രേ കവിയെന്നൊരപ്പദം
നന്നായ് ശ്രമിപ്പിൻ ഫലിച്ചിടും കാമിതം.

ചോദ്യം. 'മേല്പറഞ്ഞ അഭിപ്രായത്തിനെതിരായി പരിശ്രമിച്ച് ഞങ്ങൾ കവികളാകും, എന്ന ആശയം വ്യക്തമാകത്തക്കവണ്ണം ഒരു കവിതയെഴുതുക.

## ഭാഗം 20.

## തിരുവാതിരപ്പാട്ട്. ഒരു കമ്മി.

'മതിമുഖി! മമ സഖി! മതിമതി ചതിവിനി
കൊതിപെരുത്തുകൊണ്ടു മതിമറന്നു.'

ഈ ഗാനത്തിന്റെ ഓരോ വരിയിലും യഥാക്രമം പതിനാലും പതിമ്മൂന്നും അക്ഷരങ്ങൾ വീതമുണ്ട്. ലഘു ഗുരുക്കൾക്കല്ല, രീതിക്കാണു് പ്രാധാന്യം.

മതിമുഖി—മമ സഖി!—മതിമതി—ചതി—വിനി
കൊതിപെരു—ത്തുകൊണ്ടു മതി—മറന്നു.

വരയിട്ടിട്ടുള്ള ഭാഗങ്ങളിൽ അല്പം നിറുത്തി പതിഞ്ഞ മട്ടിൽ ഇതു പാടാം. ഇരട്ടിയുടെ ചുവടുകൂടിയെടുത്തു് മേളക്കൊഴപ്പോടുകൂടി കളിക്കാവുന്ന രീതിയാണിതിനുള്ളതു്.

രീതി നല്ലതുപോലെ മനസ്സിലാക്കുക. പിന്നീടു മേൽവരികളിൽത്തന്നെ ചില ഭേദഗതികൾ വരുത്തുക.

മതിമുഖി സരസ്വതി മധുവാണി! മനോഹരി!
കൊതിപെരുത്തെവിടേയ്ക്കു നടന്നിടുന്നു.

ഇനി മററു ചില ആശയങ്ങൾ എഴുതാം:

1. സരസിജ മിഴിമാരെ! മുഴമതിമുഖിമാരേ!
സുരുചിരമൊഴിമാരെ! വരുവിൻ വേഗം
നമ്മളെല്ലാമൊത്തുകൂടി പലപല പാട്ടുപാടി
നന്മനോജ്ഞ നൃത്തമാടിക്കളിച്ചിടേണം.

*  *  *  *

2. തിരുവോണം തന്നെയിന്നു വരതരുണിമാർചേർന്നു
തിരുവാതിര കളിക്കാനൊരുങ്ങിടേണം.
മതിമുഖി! 'മനോരമേ!' വരൂ! മുത്തശ്ശി! നീ വേണം
മതിതെളിഞ്ഞാദ്യം രംഗത്തിറങ്ങീടുവാൻ
'മലയാളരാജ്യം' വേണം 'മാതൃഭൂമി'മുൻപിൽവേണം
'ഗോമതി'യും 'കൗമുദി'യുമടുക്കൽവേണം
'മലയാളി'യിറങ്ങണം 'ദേശബന്ധു'വേണമവരം
കടവയറുണ്ടെങ്കിലും മിടുക്കിയത്രേ.
ശുഭ'വർണ്ണ'ഗുണംകൂടി നവ'പദ'രസം തേടി
'അവതാള'മെന്യേ 'ചുവടെ'ടുത്തിടേണം.
ദേശനിലയുയരുന്ന–സാധുഗതിപുലരുന്ന–
ദേശീയഗാനങ്ങൾ പാടിക്കളിച്ചിടേണം.

* * * * *

ചോദ്യം. അടിയിലെഴുതുന്ന സംഭവം നിങ്ങൾ പാട്ടായി എഴുതുക. പിന്നീടു എന്റെ ഗാനം ശ്രദ്ധിക്കുക.

മഹാകവി മാഘൻ ആഹാരത്തിനുപോലും മാർഗ്ഗമില്ലാതെ വിഷമിച്ചു. ഒരു പദ്യമെഴുതിക്കൊടുത്തു് ഭാര്യയെ രാജസന്നിധിയിലേക്കയച്ചു. രാജാവു് അവളുടെ രണ്ടു കൈയ്യും നിറച്ചു് സ്വർണ്ണനാണ്യം വാരിക്കൊടുക്കയും ചെയ്തു. തിരിച്ചുപോരുംവഴി കൈ നീട്ടിയ ദരിദ്രർക്കെല്ലാം ഓരോന്നു കൊടുത്തു. ഒരെണ്ണം മാത്രം ബാക്കിവച്ചുകൊണ്ടു ഭർത്തൃസന്നിധിയിലെത്തി വസ്തുത ധരിപ്പിച്ചു. അതുകൂടി എന്തുകൊണ്ടു കൊടുത്തില്ല! എന്നായിരുന്നു കവിയുടെ ചോദ്യം.

* * * *

'മാഘമഹാകവി ചൊന്നാൻ, വൃദ്ധപത്നിയോടു, ഭദ്രേ!
ഭൂപാലനെക്കണ്ടു പദ്യം കൊടുത്തതില്ലേ?
ഒന്നുംതന്നില്ലെന്നോ? ചിന്താ–മണി പിശുക്കനായ്‌വന്നോ?
ഇന്നും ദൈവം പട്ടിണിക്കു ചീട്ടെഴുതിയോ?
സ്വർണ്ണനാണ്യമൊന്നു കൈയിൽ കൊടുത്തുകൊണ്ടു–
അവൾ ചൊല്ലി

തന്നതന്നു കൈനിറച്ചാ ദയാബ്ധിട്ടപൻ
പോരും വഴി ദരിദ്രരെൻ നേരേ കൈകരം നീട്ടി ഞാനീ-
യൊന്നൊഴിച്ചു ബാക്കിയെല്ലാം കൊടുത്തുപോയി
ശുദ്ധമന്ദസ്മിതത്തൊടാ സ്സിദ്ധാനതരംചെയ്തു മുശേധ!
എന്തുകൊണ്ടീനാംന്യംകൂടികൊടുത്തതില്ല?!!
കണ്ടോ കണ്ടോ കവിയുടെ ചിത്തനിലവാരം;, ലോക-
കണ്ടകരായ്ലുബ്ധു മൂത്ത—ധനികന്മാരേ!

ചോദ്യം. ഏതെങ്കിലുമൊരു ചെറുകഥ ഈ ഗാനരീതിയിലെ ഴുതുക.

# അദ്ധ്യായം 3.

## ഭാഗം 1.

ഏതാനും ഭാഷാവൃത്തങ്ങളെപ്പററി കഴിഞ്ഞ അദ്ധ്യായത്തിൽ എഴുതി. ചില സംസ്കൃതവൃത്തങ്ങളെപ്പററിയാണു് ഈ അദ്ധ്യായത്തിൽ വിവരിക്കാൻ ഉദ്ദേശിക്കുന്നതു്. മലയാളവും സംസ്കൃതവുമായുള്ള ബന്ധം എന്നും അഭേദ്യമാണു്. അതുകൊണ്ടു് സംസ്കൃതവൃത്തത്തിൽ എഴുതാനുള്ള പരിചയവും ഉണ്ടാകേണ്ടതു് ആവശ്യമത്രേ.

ഭാഷാവൃത്തങ്ങളെ അപേക്ഷിച്ചു് സംസ്കൃതവൃത്തങ്ങളിൽ കവിതയെഴുതുകസുകരമെന്നാണു് എനിക്കുതോന്നുന്നതു്. വൃത്തദാർഢ്യം കൂടുമെന്നുള്ളതും അതിനു് ഒരു കാരണമായിവരാം.

### അനുഷ്ടുപ്പ് വൃത്തം.

കാളിദാസകവീന്ദ്രൻെറ
കാൽ നഖേന്ദുമരീചികൾ
കാവ്യാദ്ധ്വാവിൽ സഞ്ചരിക്കു-
മെനിക്കു വഴികാട്ടണം."

(മഹാകവി കെ. സി. കേശവപിള്ള)

ഈ പദ്യത്തിൽ ഓരോവരിയിലും എട്ടക്ഷരം വീതം (ൻ. ൽ. ർ. ൾ. ൺ. ഈ ചില്ലുകൾ അക്ഷരമായി കണക്കാക്കരുതു്) 32 അക്ഷരങ്ങൾ ഉണ്ടു്. അക്ഷരസംഖ്യ ഒരിക്കലും വ്യത്യാസപ്പെടുകയില്ല.

അക്ഷരങ്ങളെ ലഘു, ഗുരു എന്നു് രണ്ടായിതിരിച്ചതു് പ്രത്യേകം ഓക്കണം. ഹ്രസ്വാക്ഷരം ലഘു. ദീർഘാക്ഷരം ഗുരു. ഒരു ഹ്രസ്വാക്ഷരത്തിൻെറ വലത്തുവശത്തു് അനുസ്വാരം (ം) വിസർഗ്ഗം (ഃ) ശക്തിയായി ഉച്ചരിക്കുന്ന ചില്ലു്, കൂട്ടക്ഷരം ഇവ വന്നാൽ ലഘുവും ഗുരുവായിത്തീരും എന്നു് മുൻപു് പറഞ്ഞിട്ടുണ്ടു്. വൃത്തശാസ്ത്രത്തിൻെറ കൂടുതൽ ഭാഗത്തിലേക്കു് ഇപ്പോൾ ഞാൻ കടക്കുന്നില്ല. കരിമ്പിൻെറ മുട്ടു് കടിച്ചിട്ടു് കരിമ്പു തിന്നാൽ പറയുന്നതുപോലെ നീരസം വന്നെങ്കിലോയെന്ന ഭയമാണു് കാരണം. കവിതയെഴുതാൻ വൃത്തശാസ്ത്രം പഠിക്കേണ്ടതില്ലെന്നും തെററു കണ്ടുപിടിക്കുവാൻ അതാവശ്യമാണെന്നും മുൻപുതന്നെ ഞാൻ സൂചിപ്പിച്ചിട്ടുണ്ടു്. വൃത്തനിബന്ധനകളെപ്പററി പ്രതിപാദിക്കുന്ന 'വൃത്തമഞ്ജരി' മുതലായ ഗ്രന്ഥങ്ങൾ നിങ്ങൾ പഠിക്കണം. അതു പിന്നീടു മതിയാകും.

അനുഷ്ടുപ്പ്വൃത്തത്തിൻെറ ആദ്യക്ഷരം ലഘുവോ ഗുരുവോ ആകാം.

മുൻപെഴുതിയ പദ്യത്തിലെ മൂന്നുവരിയിലെ ആദ്യക്ഷരങ്ങൾ ഗുരുവും നാലാം വരിയിലെ ആദ്യക്ഷരം ലഘുവുമാണെന്നു് പരിശോധിച്ചു് മനസ്സിലാക്കുക.

'ഗുരുത്വം കൂടിടും നല്ല
ഗുരുത്വം കൈവെടിഞ്ഞവൻ
അനർത്ഥമാർന്നുഴന്നീടും
പെരുത്ത വിഷമങ്ങളിൽ.'

ഈ പദ്യത്തിൻെറ ആദ്യക്ഷരമെല്ലാം ലഘുവാണു്.

"അച്ഛനില്ലാതെ ജീവിക്കും
കൊച്ചുങ്ങളുടെ സങ്കടം

കാഴ്ചയില്ലാത്ത കണ്ണിൻെറ
വാഴ്ചപോലായിരിക്കുമേ."

ഈ പദ്യത്തിലെ ആദ്യക്ഷരങ്ങളെല്ലാം ഗുരുവാണെന്നു മനസ്സിലാക്കണം. ഈ പദ്യങ്ങളെല്ലാം അഥവാ ഏതെങ്കിലും ഒന്നു് പലപ്രാവശ്യം വായിച്ച് അതിൻെറ രീതി മനസ്സിലുറപ്പിക്കുക.

ഇനി ഒന്നാം പദ്യത്തിൽ ചില ഭാഗങ്ങൾ വ്യത്യാസപ്പെടുത്താം.

കാളിദാസ കവീന്ദ്രൻെറ
കവിതാംബിക പാവനി
കാവ്യമാർഗ്ഗേണ പോയീട്ട-
മെനിക്കു തുണയ്ക്കണം.

കാളിദാസനെപ്പററി എന്തെങ്കിലും ഒരു പദ്യമെഴുതുക.

കാളിദാസൻ പുരാ ഭദ്ര-
കാളിതൻ വരവൈഭവാൽ
കവിഭൂഷണനായെന്ന
കഥ കേട്ടറിയുന്നു നാം.

അടിയിലെഴുതുന്ന പ്രസിദ്ധ പദ്യം ശ്രദ്ധിക്കുക.

"അഷ്ടാംഗഹൃദയവ്യാഖ്യേ!
നിന്നെക്കാണാഞ്ഞുഴന്നു ഞാൻ
മഞ്ഞളെല്ലാം 'വയമ്പാ'യീ
കർപ്പൂരം കൊടുവേലിയായ്."

അഷ്ടാംഗഹൃദയ വ്യാഖ്യാനത്തിൻെറ പേരു് 'സർവ്വാംഗസുന്ദരി'യെന്നാണു്. ഔഷധിവർഗ്ഗത്തിൽ രാത്രിയുടെ പര്യായങ്ങൾ മഞ്ഞളിനും, പകലിൻെറ പര്യായങ്ങൾ വയമ്പിനും നിലാവിൻെറ പര്യായങ്ങൾ കർപ്പൂരത്തിനും അഗ്നിയുടെ പര്യായങ്ങൾ കൊടുവേലിക്കും കൊടുത്തിരിക്കുന്നു. അവ ഓർമ്മിച്ചുകൊണ്ടു് അർത്ഥം പരിഗണിക്കുക.

'അല്ലയോ സർവ്വാംഗ സുന്ദരീ! നിന്നെ കാണാഴികയാൽ ഞാൻ വിഷമിച്ചു. രാത്രിയെല്ലാം പകലായി. (ഉറക്കമില്ലെന്ന് ആശയം.) പൂനിലാവ് ചുട്ടതീയായും മാറി.

ഈ ആശയം നമുക്കൊന്നു പദ്യത്തിലാക്കാം.

സർവ്വാംഗസുന്ദരീ! കാന്തേ!
നിന്നെക്കാണാഞ്ഞുഴന്നുഞാൻ
രാത്രിയോ പകലായ് മാറി
നിലാവു ചുട്ടതീയുമായ്.

ഇനി ഈ വൃത്തത്തിൽ ചില പദ്യങ്ങൾ എഴുതാം.

1. ഗുണപ്പെടാൻ, സദാകാലം
പരമൈശ്വര്യമേറുവാൻ
പ്രണമിക്കുവിനാമാതൃ-
പദപങ്കജമാദരാൽ.

* * * *

2. കടം, വാങ്ങിച്ചുപോകൊല്ലേ
കൊടുക്കയുമബദ്ധമാം
രണ്ടുകൊണ്ടും വിനഷ്ടംതൻ-
മിത്രമെന്നോർത്തുകൊള്ളണം.

* * * *

3. തന്നെ, താനുദ്ധരിക്കേണം
താഴ്ത്തീടരുതൊരിക്കലും
താൻതന്നെയാണന്യനല്ല
തൻശത്രു, നിജബന്ധുവും

## ഭാഗം 2

# വൃത്തം രഥോദ്ധത

"വെണ്ണതോൽക്കുമുടലിൽ സുഗന്ധിയാ-
മെണ്ണതേച്ചുരയിലൊററമുണ്ടുമായ്
തിണ്ണമേൽവിലസുമാ നതാംഗി മു-
ക്കണ്ണനേകി മിഴികൾക്കൊരുത്സവം."

(വള്ളത്തോൾ)

ഈ വൃത്തത്തിൽ ഓരോ വരിയിലും 11 അക്ഷരങ്ങൾ വീതമുണ്ട്.

എൻെറ മുൻ പ്രതീക്ഷകൾക്കു വിപരീതമായി വൃത്തനിബന്ധനകളെ അല്പംകൂടെ വിവരിക്കുന്നതു് ഉചിതമെന്നു തോന്നുന്നു. ക്ഷമയോടെ ശ്രദ്ധിക്കുക.

അക്ഷരങ്ങളെ ലഘു, ഗുരു എന്നു മുൻപുതന്നെ നാം തിരിച്ചു. മൂന്നക്ഷരംകൂടിയാൽ ഒരു 'ഗണം' എന്നു പറയുന്നു. അവ അടിയിൽ എഴുതാം.

| പേരു്. | ലക്ഷണം. |
|---|---|
| 1. 'യ' ഗണം. | ആദിലഘു. (മൂന്നക്ഷരംകൂടിയ 'യ' ഗണത്തിലെ ആദ്യക്ഷരം ലഘുവും മററു രണ്ടും ഗുരുവും ആയിരിക്കും. ഉദാ: കടാഹം. |
| 2. 'ര' ഗണം. | മദ്ധ്യലഘു. ഉദാ: മണ്ഡപം |
| 3. 'ത' ഗണം. | അന്ത്യലഘു. ഉദാ: കല്യാണി |
| 4. 'ഭ' ഗണം. | ആദിഗുരു. ഉദാ: തീയതി |
| 5. 'ജ' ഗണം. | മദ്ധ്യഗുരു. ഉദാ: കടുക്ക |
| 6. 'സ' ഗണം. | അന്ത്യഗുരു. ഉദാ: കഴുകൻ |
| 7. 'മ' ഗണം. | സർവ്വഗുരു. ഉദാ: പട്ടാളം (മൂന്നുംഗുരു) |
| 8. 'ന' ഗണം, | സർവ്വലഘു. (മൂന്നും ലഘു) ഉദാ: കഴുത. |

ഗണങ്ങൾ എട്ടേയുള്ളൂ. അവയുടെ പേരുകൾ മുൻപ് എഴുതിയവ കാണാതെ പഠിക്കണം.

ഗണം തിരിക്കാനുള്ള നിയമം പദ്യമായി അടിയിൽ എഴുതാം. 'വൃത്തമഞ്ജരി' നോക്കി കൂടുതൽ മനസ്സിലാക്കുന്നതു നന്നു്.

"ആദിമദ്ധ്യാന്തവർണ്ണങ്ങൾ
ലഘുക്കാം 'യരത'ങ്ങളിൽ
ഗുരുക്കൾ 'ഭജസ'ങ്ങൾക്കു്
'മനം' ഗുരുലഘുക്കളാം."

**വിവരണം.** 'യ, ര, ത' ഈ മൂന്നു ഗണങ്ങളിൽ ആദി, മദ്ധ്യം, അന്ത്യം ഈ അക്ഷരങ്ങൾ മുറയനുസരിച്ചു് ലഘുക്കളായിരിക്കും. അതായതു് 'യ' ഗണം ആദിലഘുവും 'ര' ഗണം മദ്ധ്യലഘുവും 'ത' ഗണം അന്ത്യലഘുവും ആയിരിക്കുമെന്നു് ധരിക്കണം. മേൽകൊടുത്തിട്ടുള്ള ഉദാഹരണം നോക്കുക.

അതുപോലെ 'ഭ, ജ, സ' ഈ മൂന്നു ഗണങ്ങൾ (ആദിമദ്ധ്യാന്തവർണ്ണങ്ങൾ എന്നു് അവിടെയും ഉദ്ധരിക്കണം.) 'ഗുരു'ക്കളായിരിക്കും. അതായതു് 'ഭ' ഗണം ആദിഗുരുവും 'ജ' ഗണം മദ്ധ്യഗുരുവും 'സ' ഗണം അന്ത്യഗുരുവും ആയിരിക്കുമെന്നു് മനസ്സിലാക്കണം. ഉദാഹരണംകൊണ്ടു് ഉറപ്പിക്കുക.

ഇനി രണ്ടു ഗണം ബാക്കിയുണ്ടു്. അതായതു് 'മ' ഗണവും 'ന' ഗണവും. അവയിൽ 'മ' ഗണം മുഴുവൻ—മൂന്നക്ഷരവും—ഗുരുവും 'ന' ഗണം മുഴുവൻ—മൂന്നക്ഷരവും—ഗുരുവും 'ന' ഗണം മുഴുവൻ—മൂന്നക്ഷരവും—ലഘുവും ആയിരിക്കും.

ഇത്രയും വിവരണങ്ങൾകൊണ്ടു് മേല്പറഞ്ഞ ഭാഗങ്ങൾ ചിലർക്കു് മനസ്സിലാവാതെ വരുന്നപക്ഷം, വൃത്തശാസ്ത്രമറിയാവുന്ന ഒരു 'പണ്ഡിത'നെ സമീപിച്ചു് ആ സംശയനിവൃത്തി വരുത്തണമെന്നല്ലാതെ എന്തു പറയട്ടെ.

മേൽപ്പറഞ്ഞ നിയമം വച്ചുകൊണ്ടു് പദ്യത്തിൻെറ ലക്ഷണനിർദ്ദേശം ചെയ്യാം. ഗുരുവായി തടിച്ച അക്ഷരമാണു് കൊടുത്തിരിക്കുന്നതു്

**വെണ്ണതോൽക്കുമുടലിൽസുഗന്ധിയാ-**
**മെണ്ണതേച്ചരയിലൊററമുണ്ടുമായ്**
**തിണ്ണമേൽവിലസമാനതാംഗിമു-**
**ക്കണ്ണനേകിമിഴികൾക്കൊരുത്സവം.**

നാലുവരികളിലും ഒന്ന്, മൂന്ന്, ഏഴ്, ഒൻപത്, പതിനൊന്ന് ഈ അക്ഷരങ്ങൾ ഗുരുക്കളും ബാക്കി ലഘുക്കളുമാകുന്നു.

ഇനി ഒരു വരിയെടുത്ത് ഗണമേതെല്ലാമെന്ന് നോക്കാം. മുമ്മൂന്ന് അക്ഷരങ്ങൾ പ്രത്യേകം എടുക്കണം.

**വെണ്ണതോ,ല്ക്കുമുട,ലിൽസുഗ,ന്ധിയാം.**

ആദ്യത്തെ മൂന്നക്ഷരം മദ്ധ്യലഘു. അതായത് 'ര' ഗണം.
അടുത്ത മൂന്നക്ഷരം മുഴുവൻ ലഘു. അപ്പോൾ 'ന' ഗണം.
അതിനടുത്ത മൂന്നക്ഷരം മദ്ധ്യലഘു. അപ്പോൾ 'ര' ഗണം.

ഇനി രണ്ടക്ഷരമേയുള്ളു. അതുകൊണ്ട് ഒരു ഗണം തികയുകയില്ല. ഒരു ലഘുവും ഒരു ഗുരുവും ബാക്കി.

ര-ന-ര എന്ന മൂന്നു ഗണങ്ങളും ഒരു ലഘുവും ഒരു ഗുരുവും ചേർന്നതാണ് 'രഥോദ്ധത' എന്നു പേരുള്ള ഈ വൃത്തം.

'രംനരംലഗുരുവും രഥോദ്ധത' എന്ന് വൃത്തമഞ്ജരിയിൽ ഇതിന് ലക്ഷണം നിർവ്വചിച്ചിരിക്കുന്നു. അതു കാണാതെ പഠിക്കണം.

മേൽപ്പറഞ്ഞ പദ്യം കാണാതെ പഠിച്ച് പല തവണ ചൊല്ലി രീതി മനസ്സിലുറപ്പിക്കുക. ഇനി ആ പദ്യത്തിൽ ചില ഭാഗങ്ങൾ മാററാം.

'വെണ്ണതോൽക്കുമുടലിൽ സുഗന്ധിയാ-
മെണ്ണതേച്ചു കുളിച്ചു ഭംഗിയായ്
തിണ്ണമേൽ വിലസുമെന്റെ, കുഞ്ഞു മൽ-
കണ്ണിണയ്ക്കധികമേകികൗതുകം.'

കുറച്ചുകൂടി ഭേദഗതി വരുത്തുകയും ആവാം.

'പൂവിനൊത്തമൃദുരമ്യമേനിയിൽ
സാരിചാർത്തി നവഭൂഷണാഢ്യയായ്
കോവിലിൻനടയിൽ നിൽക്കുമോമലാ-
ളേകിയെൻെറ മിഴികൾക്കൊരുത്സവം.'

**ഒരു അനുഭവം.** ഞാൻ ഈ ഭാഗം എഴുതിക്കൊണ്ടിരിക്കുമ്പോൾ, എൻെറ ഒരു മാന്യസുഹൃത്തായ ശ്രീ. ചെല്ലപ്പൻ പിള്ള അടുക്കൽ വന്നു. ഇതിലെ ഏതാനും ഭാഗം ശ്രദ്ധിച്ചു. ആ 36-ാംവയസ്സുകാരനോട് 'രഥോദ്ധത'വൃത്തത്തിൽ ഒരു പദ്യമെഴുതാമോ എന്നു് ഞാൻ ചോദിച്ചു. 'വെണ്ണതോൽക്കു മുടലിൽ' എന്ന പദ്യം പലതവണ വായിച്ചശേഷം അദ്ദേഹം നിർമ്മിച്ച കവിത അടിയിലെഴുതുന്നു.

'വർണ്ണമോടിതിരളുന്ന വേഷമ-
ർണ്ണമാൻറ സിനിമയ്ക്കുപോകുവാൻ
തിണ്ണമേൽമരുവിടുന്ന കാന്തനെ
ക്കണ്ണുകാട്ടിനടകൊണ്ടുസുന്ദരി.'

ആദ്യമെഴുതിയതിൽനിന്നു് അല്പം ഭേദഗതി വരുത്തിയതാണു് മേൽ കാണിച്ച പദ്യം. എന്നാൽ ആദ്യമെഴുതിയതിൽ വൃത്തഭംഗം ലേശമില്ലായിരുന്നുവെന്നതാണു് എനിക്കു് എടുത്തു പറയാനുള്ളതു്.

നിങ്ങൾ രഥോദ്ധതവൃത്തത്തിൽ ഏതാനും പദ്യങ്ങൾ എഴുതി ഒരു കവിയെക്കൊണ്ടു് പരിശോധിപ്പിക്കുക.

## ഭാഗം 3

# വൃത്തം സ്വാഗത

'മംഗലാംഗ! തവനന്മകൾ തൻ ചൊൽ
പൊങ്ങിടുന്നു പുകൾ സംഗതഭാസാ
തിങ്ങിവിങ്ങിയുലകങ്ങൾ കവിഞ്ഞി-
ട്ടങ്ങു നാകമതിലും പ്രസരിപ്പൂ.'

ഈ വൃത്തത്തിനും പതിനൊന്നക്ഷരമാണുള്ളതു്. ഇതിന്റെ ഗണമൊന്നു തിരിക്കാം.

**മംഗലാം, ഗതവ, നന്മകൾ, തൻ ചൊൽ.**

മധ്യലഘുവായ 'ര' ഗണവും സർവ്വലഘുവായ 'ന' ഗണവും ആദിഗുരുവായ 'ഭ' ഗണവും രണ്ടുഗുരുക്കളുമാണു് ഇതിലുള്ളതെ മനസ്സിലാക്കണം. (നന്മകൾ എന്നിടത്തു് 'ൾ' തീവ്രയത്നമുള്ളതല്ലാത്തതിനാൽ കകാരം ഗുരുവാകുന്നില്ല.)

ലക്ഷണം. സ്വാഗതയ്ക്കുരനഭംഗുരു രണ്ടും.

മേലെഴുതിയ പദ്യം പലതവണ വായിച്ചു് അതിന്റെ രീതി—ശയ്യ—മനസ്സിൽ ഉറപ്പിക്കുക. ആ പദ്യത്തിൽ അല്പം ഭേദഗതി വരുത്താം.

മംഗലാംഗി! തവനൻ, മകൾ പാരം
ഭംഗിയോടു ചില പാട്ടുകൾ പാടി
ഇങ്ങതിൻ പുകൾ വളൎന്നുകിളൎന്നി—
ട്ടങ്ങുനാകമതിലും പ്രസരിപ്പൂ.

ഇതിനെക്കാൾ വ്യത്യസ്തതയോടെ നിങ്ങൾതന്നെ ഒരു പദ്യം രചിക്കുന്നതുകൊള്ളാം.

ഇനി വേറെചില പദ്യങ്ങൾ എഴുതാം.

1. കാളവൂട്ട മഴകന്നു, മണിപ്പൂ—
മാലകെട്ടുമൊരു കാമിനിയാൾക്കും
കേളികേട്ട ധനികന്നുമൊരിക്കൽ
കാളരാത്രി വരുമോൎക്കുകവേണം

* * * *

2. മാന്യസോദര! ഭവൽശ്രമമൊന്നേ
നിന്നെനിൎഭരമുയൎത്തുകയുള്ളൂ.
നിന്റെ ബന്ധു, രിപുവും സഖ നീതാ—
നന്യരെ പഴികഥിപ്പതബദ്ധം.

* * * *

3. നാലുകെട്ടിലധികാരിപദത്തിൽ
കാലുനീട്ടി മടിപൂണ്ടു വസിച്ചാൽ
കാലം; ഇഷ്ട! പിറകോട്ടധികം മുഷ്-
ക്കാലെ തട്ടിയെറിയാ മിനിനിന്നെ.

ഇതുപോലെ ഏതാനും പദ്യങ്ങൾ എഴുതി പരിചിതരെക്കൊണ്ടു് പരിശോധിപ്പിക്കുക.

## ഭാഗം 4

## വൃത്തം. വസന്തതിലകം.

"ആലസ്യമാണ്ട മുഖമൊട്ടു കുനിച്ചു വേത്ത-
ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടുതാങ്ങി
ചേലഞ്ചി മിന്നുമൊരു വെൺ കുളിർകൽത്തറയ്ക്കു-
മേലങ്ങു ചാരുമുഖി ചാരിയിരുന്നിടുന്നു.

(ശ്രീ വള്ളത്തോൾ)

ഈ വൃത്തത്തിൽ ഓരോവരിയിലും പതിന്നാലക്ഷരങ്ങൾ ഉണ്ടു്. നാലുവരിയിലും അക്ഷരസ്വഭാവം ഒരുപോലെയാണു്. ഇതിൻെറ ലക്ഷണം ഒന്നു കണ്ടുപിടിക്കാം.

**ആലസ്യ, മാണ്ടമു, ഖമൊട്ടു, കുനിച്ചു, വേത്ത**

ആദ്യത്തെ മൂന്നക്ഷരം അന്ത്യലഘു, അതുകൊണ്ടു് 'ത' ഗണം. രണ്ടാമത്തെ മൂന്നക്ഷരം ആദിഗുരു, അതുകൊണ്ടു് 'ഭ' ഗണം. അടുത്ത മൂന്നക്ഷരം മധ്യഗുരു, അതിനാൽ 'ജ'ഗണം. അതിനടുത്ത മൂന്നക്ഷരവും മധ്യഗുരുവാകയാൽ 'ജ' ഗണമത്രേ. ബാക്കിയുള്ള രണ്ടക്ഷരവും 'ഗുരു'വാകുന്നു. (ചിലപ്പോൾ പതിനാലാമത്തെ അക്ഷരം ലഘുവായും വരാം.)

**ലക്ഷണം**

ചൊല്ലാം വസന്തതിലകം തഭജം ജ, ഗംഗം.
(ഗം ഗം, എന്നതു് രണ്ടു ഗുരുവെന്നു കാണിക്കുന്നു.)

ലക്ഷണം ധരിച്ചശേഷം പദ്യം പലപ്രാവശ്യം വായിച്ച രീതി (ശയ്യ) മനസ്സിലുറപ്പിക്കുക. അനന്തരം ഇപ്രകാരം ഭേദഗതി ചെയ്യാം.

അലസ്യമററ മുഖമൊട്ടു നിവർത്തു്, ധീര-
നീലേക്ഷണങ്ങളുരു ചിന്തയിലെക്കയത്തി
ചേലഞ്ചിമിന്നുമൊരു മേശയിലങ്ങുചാരി-
യാലോകവിക്രമനിതാ നിലകൊണ്ടിടുന്നു.,

മറെറാരുവിധത്തിൽ നിങ്ങൾ മാററിയെഴുതുന്നതു നന്നായിരിക്കും.

ഇനി ഈ വൃത്തത്തിലുള്ള മററു ചില പദ്യങ്ങൾ ശ്രദ്ധിക്കുക.

1. "കൈക്കാണമേകിയവരായതു വാങ്ങുമെന്നു
ലോകപ്രസിദ്ധമതുതെല്ലുമബദ്ധമല്ല
ഏറപ്പറഞ്ഞു ഫലമെന്തപരാധിയായി
ജൈലിൽകിടന്നു ജളനീച്ചരപിള്ള ചത്തു"

(വലിയകോയിത്തമ്പുരാൻ)

2. "വിദ്യാർത്ഥികൾക്ക നവയൗവനമപ്രകാരം
വിദ്യാർത്ഥിനീ മണികളും വിലസുന്ന കാലം
വിദ്യാലയത്തിലൊരുമിച്ചിവരെ പ്പഠിപ്പി-
ച്ചദ്യാപി 'നല്ലകൃതി'കൾക്കിടയാക്കിടുന്നു.,

(ശ്രീ പനങ്ങോട്ടു രാമപ്പണിക്കർ)

3. "പയ്യീച്ച പൂച്ച പുലിതണ്ടെലിവണ്ടു് പച്ച-
പ്പയ്യെന്നുതൊട്ടു പലമാതിരിയായ ജന്മം
പയ്യക്കഴിഞ്ഞു പുനരിപ്പുരുഷാകൃതിതാം
കയ്യിൽക്കിടച്ചവർ കളഞ്ഞു കളിച്ചിടൊല്ലെ."

(ശ്രീ നടുവം)

## ഭാഗം 5.

# വൃത്തം-വിയോഗിനി

"അറികില്ലനുരാഗമേറെയാം
അറിവോർതെററിട്ടമൊക്കെയൊക്കകിൽ
നിറവേറുകയില്ല കാമിതം
കുറയും ഹാ! സഖി! ഭാഗ്യശാലികൾ."

(ശ്രീ. കുമാരനാശാൻ)

ഈ വൃത്തത്തിനു് നാലു വരിയിലും അക്ഷരവും ഗണവും ഒരുപോലെയല്ല. ഒന്നും മൂന്നും വരി ഒരു പോലെയും രണ്ടും നാലും വരി ഒരുപോലെയും ഇരിക്കും. ഒന്നും മൂന്നും വരിയിൽ പത്തും, രണ്ടും നാലും വരിയിൽ പതിനൊന്നുമാണു് അക്ഷരങ്ങൾ. അതുകൊണ്ടു് ഒന്നും രണ്ടും വരിയിലെ ഗണങ്ങൾ തിട്ടപ്പെടുത്തണം.

അറികി,ല്ലനുരാ,ഗമേറെ,യാം
1 2 3
അറിവോർ, തെററിട്ട,മൊക്കെയൊ,ക്കകിൽ
1 2 3

ഒന്നാം വരിയിൽ, ഒന്നും രണ്ടും 'സ' ഗണങ്ങൾ മൂന്നാമത്തു് 'ജ' ഗണം. പിന്നെ ഒരു ഗുരുവും.

രണ്ടാം വരിയിൽ ഒന്നു് 'സ'ഗണം രണ്ടു 'ഭ' ഗണം. മൂന്നാമത്തു് 'ര' ഗണം. ബാക്കി ഒരു ലഘുവും ഒരു ഗുരുവും.

ലക്ഷണം.

വിഷമേ 'സസജം' 'ഗ'വും' സമേ
'സഭരം' 'ലം' ഗുരുവും വിയോഗിനി

(വൃത്തമഞ്ജരി)

ഈ ലക്ഷണം കാണാതെ പഠിക്കുക. ലക്ഷണം തന്നെ വിയോഗിനി വൃത്തത്തിലാണു്. പിന്നീടു് ആദ്യം എഴുതിയ പദ്യം പല തവണ വായിച്ചു് രീതി മനസ്സിൽ പതിയട്ടെ. തുടന്നു് ചില ഭേദഗതികൾ വരുത്താം.

അറികില്ല ജനിത്രിയാന്നൊരാ-
ദ്ദുരിതം മക്കൾ, അറിഞ്ഞുവെങ്കിലും
നിറവേറുകയില്ലകാമിതം
കുറവു നമ്മ ജഗത്തിലാകവേ.

സുതരേ! സുതരേ! സുധാരുചി-
സ്മിതരേ! മംജുളവാഗ്വിലാസരേ!
ഇതരേച്ഛയിവർക്ക സൽഗ്ഗുണാ-
ന്വിതരേ! നാസ്തി വരുന്നുകൂടെ ഞാൻ.

(ഉമാകേരളം)

കൊട്ടവാൾ മുന ചൂണ്ടിയാകിലും
കനകക്കട്ടകൾ കാഴ്ചവയ്ക്കിലും
ശുഭനീതി സുധർമ്മനിഷ്ഠയും
സതിമാർ കൈവെടിയില്ലൊരിക്കലും

(മണിപ്പുഴ വാസുദേവൻ നായർ)

## ഭാഗം 6.

## വൃത്തം വസന്തമാലിക

"മലയാളമിതിൽ പ്രസിദ്ധമായ് ശ്രീ-
മലർമാതിൻെറ വിഹാരരംഗമായി
മലബാർമഹി വർണ്ണ്യഗണ്യ പുണ്യാ-
മലസൽക്കീർത്തിയൊടുല്ലസിച്ചിടുന്നു."

ഈ വൃത്തത്തിൽ ഒന്നും മൂന്നും വരികളിൽ പതിനൊന്നും രണ്ടും നാലും വരികളിൽ പന്ത്രണ്ടും വീതമക്ഷരങ്ങളുണ്ട്. അതായത് മുൻപു കണ്ട 'വിയോഗിനി'യെക്കാൾ ഓരോ അക്ഷരം കൂടുതൽ. ഇതിൻെറ ഗണം തിരിച്ച് ലക്ഷണം കണ്ടുപിടിക്കാം.

**മലയാളമിതിൽ പ്രസിദ്ധമായ് ശ്രീ**

**മലർ മാതിൻെറ വിഹാരരംഗമായി.**

ഒന്നാം വരിയിൽ, 'സസജം'ഗണങ്ങളും രണ്ടു ഗുരുവും രണ്ടാം വരിയിൽ, 'സഭരയ' ഗണങ്ങൾ മാത്രം.

ലക്ഷണം

വിഷമേ 'സസജം' 'ഗഗം'; സമത്തിൽ
'സഭരേ'ഫം'യ' 'വസന്തമാലിക'യ്ക്കു്

(വൃത്തമഞ്ജരി)

N. B. എല്ലാ സംസ്കൃതവൃത്തങ്ങളുടേയും ലക്ഷണങ്ങൾ അതതു വൃത്തത്തിൽത്തന്നെയെഴുതിയിരിക്കുന്നുവെന്നു് എപ്പോഴും ഓക്കണം.

മുകളിലെഴുതിയ പദ്യം പല തവണ വായിച്ചു് രീതി മനസ്സിൽ പതിഞ്ഞു കഴിഞ്ഞാൽ അതിൽ അല്പം വ്യത്യാസങ്ങൾ വരുത്താം.

മലയാളികളേറെബ്ബുദ്ധിമാന്മാർ
മലർമാനിന്റെ കടാക്ഷമേററമാന്നോർ
പല നാടിച്ചുമത്ഭുതപ്രഭാവോ-
ജ്വലരായിപ്പൊഴുതുല്ലസിച്ചിടുന്നു.

ഇനി വേറെ ചില പദ്യങ്ങൾ ശ്രദ്ധിക്കുക.

മുടിയും ഭുവനങ്ങളൊക്കെയെന്നാൽ
മുടിയട്ടേ നരനത്ര ഭീരുവാണോ?
ചൊടിക്കുടമവന്നുതൻ ജയിച്ചു-
ങ്കൊടി പാറിക്കണമിന്ദ്രനാട്ടിലോളം.

(വള്ളത്തോൾ)

കുളവേ,ഷണി, വർഗ്ഗചിന്തയിത്യാ-
ദികൾ നാടാകെ വിതച്ചതിന്റെ ശേഷം
ഖലർദ്ദൊരവിപത്തുകൊയ്തു കൂട്ടു-
ന്നിതു, കാലം കലി, ഭാവിയെന്തുതാനോ?

## ഭാഗം 7.

# വൃത്തം പുഷ്പിതാഗ്ര

"കവിയശസി ദുരാശപൂണ്ടു പൊട്ട-
ക്കവിത ചമച്ചുമഹാജനത്തിനീ ഞാൻ
ചെവിരുജ തടവിച്ച പാപമാവാ-
മവിനയനാം മമകണ്ണുരോഗഹേതു."

ഈ വൃത്തത്തിൽ ഒന്നും മൂന്നും വരികളിൽ പന്ത്രണ്ടും രണ്ടും നാലും വരികളിൽ പതിമ്മൂന്നും അക്ഷരങ്ങൾ വീതമുണ്ടു്. വസന്തമാലികയേക്കാൾ ഓരോ അക്ഷരം കൂടുതൽ. വിയോഗിനി, വസന്തമാലിക, പുഷ്പിതാഗ്ര ഈ മൂന്നും സഹോദരങ്ങളാണ്. ഓരോ വയസ്സിന്റെ വ്യത്യാസമെന്നു പറഞ്ഞാൽ യോജിക്കയും ചെയ്യും. മൂവരും വേഗം വശപ്പെടുന്നവരും ചൊടിയും ഭംഗിയും കൂടുന്നവരും ആണെന്നുകൂടി മനസ്സിലാക്കുന്നതു കൊള്ളാം.

ഇതിന്റെ ഗണം തിരിച്ചു് ലക്ഷണം കണ്ടുപിടിക്കാം.

കവിയ, ശസിദു, രാശപൂ, ണ്ടുപൊട്ട,-
ക്കവിത, ചമച്ചു, മഹാജ, നത്തിനീ, ഞാൻ

ഒന്നാം വരി-'നനരയ' എന്നു നാലു ഗണങ്ങൾ മാത്രം രണ്ടാം വരിയിൽ, 'നജജര' ഗണങ്ങളും ഒരു ഗുരുവും.

ലക്ഷണം

'നനരയ'വിഷമത്തില്ലും, സമത്തിൽ
പുനരിഹ'നം ജജരം' 'ഗ' പുഷ്പിതാഗ്രാ

ലക്ഷണവും പദ്യവും കാണാതെ പഠിച്ചു് പല തവണ വായിച്ചു് രീതി മനസ്സിൽ പതിഞ്ഞശേഷം പതിവുപോലെ ആദ്യപദ്യത്തിൽ ഭേദഗതി വരുത്താം.

കവിയശസിദ്ധരാശലേശമെന്യേ—
ക്കവിത ചമച്ച മഹാജനത്തിനെല്ലാം
ചെവികുതുകമുയത്തിടും മഹാത്മൻ!
കവികുലനാഥ! ഭവാൻ ജയിക്കമേല്യം.

ഇനി ഇതുപോലെയുള്ള ചില പദ്യങ്ങൾ ശ്രദ്ധിക്കുക.

കവിതകൾ വിരവിൽ ചമയ്ക്കുവാനായ്
സമുചിത'വാസന'യാദ്യമായി വേണം
ശ്രമമതിനനുയോജ്യമായ് തുടൎന്നുവെന്നാൽ
കവികുലഭൂഷണനെന്ന കീൎത്തിനേടാം.

കടലിനടിയിൽ മുങ്ങിടുന്നു നന്നാ—
യടവിയതിൽപ്പണിചെയ്തിടുന്നു മർത്യൻ
അടരിനുബത! നേത്തിടുന്നിതെല്ലാം
ദ്ധമൊരു ചാൺവയറിന്റെ 'ജാല മല്ലീ.

ഏതാനും ഒററശ്ലോകങ്ങൾക്കു പുറമേ ചില ചെറുകഥകൾ എല്ലാ വൃത്തങ്ങളിലും എഴുതുന്നതു നന്നു്. 'നല്ല കഴിവു്' ഉള്ള വരെക്കൊണ്ടു് പരിശോധിപ്പിക്കണമെന്ന കാര്യം മറക്കയും അരുതു്.

## ഭാഗം 8

## വൃത്തം. മാലിനി

"നളിന വിശിഖ വീര പ്രാഭവ പ്രൗഢിതേടും
കളലളിതവിലാസശ്രേണികൊണ്ടുൗഢമാനം
നളിന മിഴികവന്നാൾ മാനസംമാനവാനാം
നളനഖിലവധൂനാം ചിത്തതാരെന്നപോലെ."

(നൈഷധം ചമ്പു)

ഈ വൃത്തത്തിൽ ഓരോവരിയിലും പതിനഞ്ചക്ഷരങ്ങൾ വീതമുണ്ടു്. അതായതു് മൂന്നക്ഷരങ്ങൾ വീതമുള്ള അഞ്ചു ഗണങ്ങൾ മാത്രം. അതിന്റെ ലക്ഷണം കണ്ടുപിടിക്കാം.

നളിന, വിശിഖ, **വീരപ്രാ,ഭവപ്രൗ,ഢിതേട്ടം,**
1 2 3 4 5

ഇതിൽ ഒന്നും രണ്ടും ഗണങ്ങൾ സർവ്വലഘുവായതിനാൽ 'ന' ഗണങ്ങൾ. മൂന്നാമത്തേതു് സർവ്വഗുരുവായതിനാൽ 'മ' ഗണം. നാലും അഞ്ചും ആദിലഘുവായതിനാൽ 'യ' ഗണങ്ങൾ. ഇപ്രകാരം ഈ വൃത്തത്തിലെ ഗണങ്ങൾ, 'നനമയയ.' എന്നാകുന്നു.

ലക്ഷണം

'നനമയയുഗമെട്ടിൽ തട്ടണം മാലിനിക്കു്.'

(വൃത്തമഞ്ജരി)

ലക്ഷണത്തിൽ 'യയുഗ'മെന്നതു് രണ്ടു 'യ' എന്നും 'എട്ടിൽ തട്ടണം' എന്നതിനു് എട്ടക്ഷരം കഴിയുമ്പോൾ 'യതി' അഥവാ ഒരു ചെറിയ നിർത്തു് വേണമെന്നും മനസ്സിലാക്കണം.

പദ്യം വായിച്ചു് രീതി ഉറപ്പിക്കുക. അനന്തരം കുറെഭാഗം മാററുക.

നളിന വിശിഖനേരെപ്രാഭവം കാട്ടുവോര-
ക്കളലളിതവിലാസം മൂലമാലോലലീലം
നളിന മിഴികൾ ചൂടും മാധവിക്കുട്ടിയാമ-
ക്കിളിമൊഴി,യുവചിത്തം നിസ്തുലാഭം കവന്നു.

മററു ചില പദ്യങ്ങൾ ശ്രദ്ധിക്കുക.

"ദയയൊരു ലവലേശംപോലുമില്ലാത്തദേശം
പരമിഹ പരദേശം പാക്കിലത്യന്തമോശം
പറകിൽ നഹികലാശം പാക്കിലങ്ങേകദേശം
സുമുഖി! നരകദേശംതന്നെയാണപ്രദേശം."

ശശിസരസമുദിച്ചു, ട്ടു, നിലാവിൽ കളിച്ചു,
പ്രിയസുതരെ വിളിച്ചു, നാലുകെട്ടിൽ ഗമിച്ചു,
ജനനിയിലകം വച്ചു, ഞങ്ങൾ ചോറാഹരിച്ചു,
സരസമഥ ശയിച്ചു, നിദ്രയും സംഭവിച്ചു.

## ഭാഗം ൭

## വൃത്തം. മന്ദാക്രാന്ത.

പാലിക്കാനായ് ഭുവന മഖിലം ഭൂതലേജാതനായ-
ക്കാലിക്കൂട്ടം കലിതകുതുകം കാണൊത്ത കണ്ണന്നുഭക്ത്യാ
പീലിക്കോലൊന്നടിമലരിൽ നീകാഴ്ചയായ് വച്ചിടേണം
മൗലിക്കെട്ടിൽ തിരുകുമതിനെത്തീർച്ചയായ്

ഭക്തദാസൻ.

(മയൂരസന്ദേശം.)

ഈ പദ്യത്തിൽ ഓരോവരിയിലും പതിനേഴ് അക്ഷരങ്ങൾ വീതമുണ്ട്. ഇതിന്റെ ഗണം തിരിച്ചുനോക്കാം.

**പാലിക്കാ,നായ് ഭുവ,ന മഖി,ലം ഭൃത,ലേ ജാത,നായ**

1 2 3 5

ഒന്നാമത്തേതു് സർവ്വഗുരുവാകയാൽ 'മ' ഗണവും രണ്ടാമത്തേതു് ആദിഗുരുവാകയാൽ 'ഭ' ഗണവും മൂന്നാമത്തേതു് സർവ്വലഘുവാകയാൽ 'ന' ഗണവും നാലും അഞ്ചും അന്ത്യലഘുവാകയാൽ 'ത' ഗണങ്ങളും ആണു്. ബാക്കിയുള്ളതു് രണ്ടുഗുരുക്കളും. അപ്പോൾ മഭനതത, ഗുഗു. എന്നു കിട്ടുന്നു.

<u>ലക്ഷണം,</u> 'മന്ദാക്രാന്താ മഭനതത' ഗനോലുമാറേ-
ഴുമായ് ഗം.

അടുത്തതായി പദ്യം കാണാതെപഠിച്ച് പലപ്രാവശ്യം വായിക്കുക. ചിലപ്പോൾ തെറ്റുവരാവുന്ന വൃത്തമാകയാൽ രീതി നല്ലപോലെ മനസ്സിൽ ഉറയ്ക്കണം. സന്ദേശകാവ്യങ്ങൾ അധികവും ഈ വൃത്തത്തിലാകയാൽ ഇതിനെ സന്ദേശവൃത്തമെന്നും പറയാറുണ്ടു്.

ഈ പദ്യത്തിൽ ചില വ്യത്യാസങ്ങൾ വരുത്താം.

'പാലിക്കാനായ് ധരയിതു്; ജനം വോട്ടുനൾകിജ്ജയിപ്പി-
ച്ചാലക്ഷ്യത്തോടിവിടെ മരുവീടുന്ന മന്ത്രിക്കുഭക്ത്യാ
ഗാലിപ്പോലപ്പൊതി സരഭസംകാഴ്ചവയ്ക്കേണമെന്നാൽ
കാലേകാര്യം സഫലതരമാക്കീടുമാ നീതിദാസൻ.

ഇനി മററു ചില പദ്യങ്ങൾ ശ്രദ്ധിക്കുക.

'രണ്ടും മൂന്നും തവണ കൃഷിയേററുന്ന കണ്ടങ്ങളേയും
വണ്ടും ഞണ്ടും വടിവൊടു കളിക്കുന്ന കമരങ്ങളേയും
തണ്ടും കെട്ടിത്തരമൊടു ചരിക്കുന്ന വള്ളങ്ങളേയും
കണ്ടും കൊണ്ടച്ചെറുപുഴകൾതൻ തീരമാർഗ്ഗേണ പോക.'

(മായൂരസന്ദേശം)

'ആനക്കുഞ്ഞേ! തടിയിതു വലിച്ചിട്ടു തന്നേച്ചുപോമോ
ഞാനക്കാര്യത്തിനു പനയതും കൈതയും തീററിനൽകാം
ആനക്കാരൻ വളരെ വഷളൻ തല്ലുമെന്നാധിവേണ്ടാ
ഞാനന്നേരം തറുതല പറഞ്ഞോട്ടിയോടിച്ചുകൊള്ളാം.'

(ഒരു വിദൂഷകൻ)

ചേണൊന്നുള്ളോരതിനെയതിലംഘിച്ചു മുന്നോട്ടു
ചെന്നാൽ
കാണാം കാഴ്ചയ്ക്കരിയ'തിരുവല്ലാ'ഖ്യ കൈക്കൊണ്ടദേശം
ആണായുള്ളോൎക്കധിവസതിയായ് അഗ്ര്യമാം
കേരളത്തിൽ
ത്തുണായുള്ളോരതിനുശരിയായ് മറ്റൊരു ദേശമില്ല.

(ഉമാകേരളം)

ഭാഗം 10

## വൃത്തം ദ്രുതവിളംബിതം

"രമണി നൻമണിമേടകളാദിയിൽ
ഭ്രമമുദിച്ചു മദിച്ചലയാതിനി
വിമലമാമലവാസിപദം ഭജി-
ച്ചുമരണം വരുവോളവും"

(ഒരു ഭക്തൻ)

ഈ പദ്യത്തിൻെറ ഓരോവരിയിലും പന്ത്രണ്ടക്ഷരങ്ങൾ വീതമുണ്ട്. നാലുവരിയിലും ഒരുപോലെയാണ്. ഗണംതിരിച്ച് ലക്ഷണം നിർവ്വചിക്കാം.

രമണി, നൻമണി, മേടക, ളാദിയിൽ
1 2 3 4

ഒന്നാമത്തേതു് സർവ്വലഘുവാകയാൽ 'ന' ഗണവും രണ്ടാമത്തേതും മൂന്നാമത്തേതും ആദി ഗുരുവാകയാൽ 'ഭ' ഗണങ്ങളും നാലാമത്തതു് മദ്ധ്യലഘുവാകയാൽ 'ര' ഗണവുമാകുന്നു.

ലക്ഷണം ദ്രുതവിളംബിതമാം 'നഭ'വും 'ഭരം'

പ്രയാസംകൂടാതെ എഴുതാവുന്ന വൃത്തമാണിതു്. 'യമകം' പ്രയോഗിക്കാനുള്ള സൗകര്യം നിമിത്തം 'യമകവൃത്ത'മെന്നു് ഇതിനു പേരുണ്ടു്. അർത്ഥഭേദം വരത്തക്കവണ്ണം അക്ഷരക്കൂട്ടത്തെ ആവർത്തിക്കുന്നതാണു് യമകം. മേലെഴുതിയ പദ്യത്തിന്റെ നാലാം വരിയിൽ, 'അമരണം മരണം' എന്നതു ശ്രദ്ധിക്കുക. അതിൽ ആദ്യക്ഷരം തള്ളുമ്പോൾ 'മരണം' എന്നു വരുന്നു. ആ വാക്കുതന്നെ അർത്ഥഭേദത്തോടുകൂടി ആവർത്തിക്കുന്നു. യമകം മററു വൃത്തങ്ങളിലും വേറെ രീതിയിലും പ്രയോഗിക്കാം. അതിനെക്കുറിച്ചു് 'പ്രാസ'ത്തെപ്പററി വിവരിക്കുന്ന അദ്ധ്യായത്തിൽ, കൂടുതൽ പ്രസ്താവിക്കാം.

പദ്യം പലതവണ വായിച്ചു് രീതി (ശയ്യ) മനസ്സിൽ ഉറപ്പിക്കുക. ചില ഭേദഗതികൾ വരുത്താം.

രമണി നൻമണിഭൂഷകളാദിയിൽ
ഭ്രമമിയന്നു നടന്നലയാതിനി
വിമലമാം പല വേലകൾ ചെയ്തുകൊ-
ണ്ടമരുമോ? മരുമോ, നിനിയെങ്കിലും.

ഈ വൃത്തം ആദ്യമായി ഉപയോഗിക്കുന്നവർ യമകം വേണമെന്നു് നിർബന്ധം കാട്ടേണ്ടതില്ല. വൃത്തഭംഗം കൂടാതെ ആശയം ഉൾക്കൊള്ളിക്കണമെന്നതായിരിക്കണം പ്രധാന ചിന്താവിഷയം.

ഉടുതുണിക്കിണയില്ല, കിടക്കവാ-
നൊരിടമില്ല സഹായികളില്ലഹോ!
ഉരിയരിക്കൊരു മാർഗ്ഗവുമില്ലിതേ-
പടിജനം വലയുന്നു പലേടവും.

*　*　*　*

പരമുഷസ്സിലെഴീററു കുളിച്ചുന-
ല്പടയ ചായകുടിച്ചു സകൗതുകം
എഴുതുവാൻ മുതിരുന്ന കവിക്കനൽ-
കവിത നാവിലുദിക്കമനസ്സുളം.

## ഭാഗം 11

## വൃത്തം ശാർദ്ദൂലവിക്രീഡിതം. 19 അക്ഷരം.

ചെല്ലുംകൊണ്ടു നടക്കയില്ല പൊതികെട്ടിക്കൊണ്ടുമൊ-
ട്ടുംനട-
ക്കില്ലാകാശ്ശുകൊട്ടത്തുവാങ്ങിടുകയും ചെയ്യില്ല പൊയ്യല്ല-
ഞാൻ
നിർല്ലജ്ജംനിലവിട്ടൊരാളൊട്ടമിരക്കാറില്ല സമ്മാനമായ്
വല്ലോരും വെറുതേതരുന്നൊരു മുറുക്കാനേ മുറുക്കുള്ളു ഞാൻ
(ഒരു നമ്പൂരി)

ഈ വൃത്തത്തിലുള്ള പദ്യങ്ങളുടെ നാലുവരികളിലും 19 അക്ഷരങ്ങൾ വീതമുണ്ട്. ഗണം തിരിക്കാൻ നിങ്ങൾക്കിപ്പോൾ കഴിവ് കാണും. ഒരുവരിയെഴുതി, ലഘു ഗുരുക്കൾ തിരിച്ച് ഗണവും നിർണ്ണയിക്കുക.

അപ്പോൾ, 'മസജ സതത' എന്ന് ആറുഗണവും ഒരു ഗുരുവും ഉൾപ്പെടെ 19 അക്ഷരമെന്ന് ബോധ്യപ്പെടും.

ലക്ഷണം.

'പന്ത്രണ്ടാൽ 'മസജം സതംത' ഗുരുവും
ശാർദ്ദൂല വിക്രീഡിതം'
(വൃത്തമഞ്ജരി)

ഇനി മേലെഴുതിയ പദ്യമോ ആ വൃത്തത്തിലുള്ള പദ്യങ്ങളോ ധാരാളം (പലതവണ) വായിച്ച് രീതി മനസ്സിലുറപ്പിക്കുക.

അടുത്തതായി ആദ്യപദ്യത്തിൽ ചില വ്യത്യാസങ്ങൾ വരുത്താം.

‘ചെല്ലം കൊണ്ടുനടക്കയില്ല, പൊതികാണും കയ്യിലി-
ലല്ലെങ്കിലോ
മെല്ലെക്കാശ്ശുകൊടുത്തു വാങ്ങുമതിനും സൗകര്യമില്ലായ്കിലോ
നിർല്ലജ്ജാ നിലവിട്ടോരാളൊടുമിരക്കാറില്ല, കാര്യം ധരി-
ച്ചുള്ളോരാ,ത്മരസാൽ തരുന്നൊരുമുറുക്കാനേ മുഴക്കെള്ളു ഞാൻ
“പണ്ടത്തെക്കൃതി ഭാഷയാക്കുമവരെത്തല്ലീടുവോനല്ല ഞാൻ
വേണ്ടുന്നോരവരോടു നാടകമെഴുത്തായാലടിക്കില്ല ഞാൻ
വീണ്ടും വൈദുഷിയുണ്ടു് തെറ്റുമെഴുതിപ്പോയെങ്കിലും-
പോട്ടെടാ
വണ്ടിക്കാളകണക്കുവന്ന കവിമണ്ടന്മാർക്കു മണ്ടയ്ക്കടി.”
(മുൻഷി രാമക്കുറുപ്പ്.)

* * * * *

മിണ്ടാതൊന്നൊരു മൂകനാം, പാകിലോ വായാടിയെ-
ന്നോതിടും,
തണ്ടൻ താൻ ശുഭവേഷമേന്തുകില,തില്ലാഞ്ഞാൽ പി-
ശുക്കൻ പരം
കണ്ടാലും ജനമേതിലും പഴിപറഞ്ഞിടും, പ്രവർത്തിക്ക ഭീ-
തീണ്ടാതുത്തമനാര്യമായനുദിനം, ലോകാപവാദം തൃണം.
(സ്വാന്തം)
പൂമെത്തമേലെഴുനേററിരുന്നു ഭയിതേ പോകുന്നു ഞാനെ-
ന്നുകേ-
ട്ടോമൽക്കണ്ണിണ നീരണിഞ്ഞ വദനപ്പൂവോടു ഗാഢം തദാ
പൂമേനിത്തളിരോടു ചേർത്തഹമിനിക്കാണുന്നതെന്നെ-
ന്നക-
പ്പൂമാലോടളിവേണി ചൊന്ന മധുരച്ചൊല്ലിന്നു കൊല്ലു-
ന്നുമാം.
(നമ്പൂരി)
മല്ലാരിപ്രിയയായ ഭാമ സമരം ചെയ്തീലയോ, തേർതെളി-
ച്ചില്ലേ പണ്ടു സുഭദ്ര പാരിതു ഭരിക്കുന്നില്ലേ വക്റ്റോറിയാ

മല്ലാക്ഷീമണിമാക്കു പാടവമിയ്യെല്ലാം ഭവിച്ചീടുകിൽ
ചൊല്ലേറും കവിതയ്ക്കു മാത്രമവരാളല്ലെന്നു വന്നീടുമോ.

(തോട്ടക്കാട്ട് ഇക്കാവമ്മ)

## ഭാഗം 12.

## വൃത്തം സ്രഗ്ദ്ധര. 21 അക്ഷരം.

"പേരോക്കുന്നീല കൃത്യപ്പിഴ പിണയുകയാലാദ്യമായി-
ട്ടൊരാണ്ടേ-
ക്കാരോമൽ കാന്തവേറിട്ടപഗതമഹിമാവായ് നിജസ്വാ-
മിശാപാൽ
ഓരോരോമാമരപ്പൂന്തണലൊടവനിജാസ്നാനസംശുദ്ധ-
മാംത-
ണ്ണീരോലും രാമഗിര്യാശ്രമനിരയിലുഴന്നീടിനാൻ യക്ഷ-
നേകൻ."

(ജീ. ശങ്കരക്കുറുപ്പ്)

ഈ വൃത്തത്തിനു് 21 അക്ഷരങ്ങൾ ഉണ്ടു്. മൂന്നക്ഷരങ്ങൾ വീതമുള്ള ഏഴുഗണങ്ങൾ. ഇതിന്റെ ലക്ഷണം കണ്ടുപിടിക്കാം.

**പേരോക്കു,ന്നീലകൃ,ത്യപ്പിഴ, പിണയു,കയാലാ,
ദ്യമായി,ട്ടൊരാണ്ടേ,-**

ഇതിൻപ്രകാരം 'മരഭനയയയ' എന്നു ഏഴുഗണം.

<u>ലക്ഷണം</u>— 'ഏഴേഴായ് മൂന്നുഖണ്ഡം മര ഭന യയയം
സ്രഗ്ദ്ധരാവൃത്തമാകും, (വൃത്തമഞ്ജരി)

മുകളിലെഴുതിയ പദ്യവും ലക്ഷണവും കാണാതെ പഠിക്കണം. പലകുറി വായിച്ചു് രീതി മനസ്സിൽ നല്ലപോലെ പതിയട്ടെ.

ഇനി സാധാരണ ചെയ്യാറുള്ളതുപോലെ ചില വ്യത്യാസങ്ങൾ വരുത്താം.

'പേരോക്കുന്നീല്ലുറക്കപ്പിഴ പിണയുകയാ, "ലിൻഷ്യ"–
ലേതാണ്ടു 'ജീ'യെ–
ന്നാരോമൽ കാന്തികൈക്കൊണ്ടുപചിത മഹിമാവായ്–
തിളങ്ങുന്നു മുന്നിൽ.
ഓരോരോഹൃദ്യ പദ്യക്കനിചിതറുമൊരാസൽക്കവിസദ്രർ–
ദ്രുമത്തിൻ
ചാരേചെന്നാരസാസ്വാദനലഹരിയോടേകൈവണങ്ങി–
പ്പുകഠംത്താം.

ഇനി മററു ചില പദ്യങ്ങഠം ശ്രദ്ധിക്കുക.

"അമ്മാ! നോക്കേണമേയിശ്ശിശുവിനെദയയോടക്കരിക്കാ–
ടിതെല്ലെ–
ന്നമ്മച്ചീ! നൽകണേ'യെന്നഗതി ധനികയോടായിരക്കു–
ന്നനേരം
ധമ്മം നഠംകുന്നതാദുർഘട ഘടനയെഴും പട്ടിതൻ ദംഷ്ട്ര–
യാലായ്
സന്മാർഗ്ഗം കാട്ടകേറീ 'ശിവശിവ! മഴപെയ്യാത്തതും–
കുററമാണോ?' "
(സ്വന്തം)

'പന്തിക്കിപ്പാരകൊള്ളാമശനമതിനുപോയ് കാച്ചിൽ–
മാന്തേണമല്ലോ
ഒന്തിത്തോൽനന്നുതന്നെ ദിനമനുതവ മുഠംക്കാട്ടിലെത്താ–
മസത്തിൽ
ഭ്രാന്തിപ്പെണ്ണെന്നപോലെ തരുവതിലനിശം ചാരവും പൂ–
ശിനിൽപ്പൂ
ചിന്തിച്ചാലേതുകൊണ്ടും 'തവ മലമകളേ! ജാതകം ജാ–
തിതന്നെ;'
(സ്വന്തം)

മേൽ കാണിച്ച രണ്ടു പദ്യങ്ങളിൽ, 'ശിവശിവ മഴ പെ
യ്യാത്തതും കുററമാണോ' എന്നും 'തവമലമകളേ ജാതകം ജാതി

തന്നെ' എന്നും ഉള്ള രണ്ടു സമസ്യകൾ പൂരിപ്പിച്ചിരിക്കുന്ന തുകാണാം. നിങ്ങളും അപ്രകാരം ചില പൂരണങ്ങൾ സാധിക്കുന്നതു നന്നായിരിക്കും.

## ഭാഗം 13.

## വൃത്തം. കുസുമമഞ്ജരി.

"കൊണ്ടൽവേണിയൊരുരണ്ടുനാലടി നടന്നതില്ലതിനുമുൻ-
പുകാൽ-
ത്തണ്ടു ദർഭമുനയേററുവെന്നുവെറുതേനടിച്ചുനിലകൊണ്ടുതാൻ
കണ്ണമൻപൊട്ട തിരിച്ചുനോക്കുകയുമങ്ങുചെയ്തുതരുശാഖയിൽ
കൊണ്ടുടക്കുമൊരുവല്കലത്തെവിടുവിച്ചിടുന്നകപടത്തൊടേ'
(ശാകുന്തളം)

ഇതിന്റെ വൃത്തം കണ്ടുപിടിക്കാം. ഓരോ വരിയിലും 21 അക്ഷരമുണ്ടു്.

**കൊണ്ടൽവേ, ണിയൊരു, രണ്ടുനാ, ലടിന, ടന്നതി, ല്ലതി —**

| 1 | 2 | 3 | 4 | 5 | 6 |
| --- | --- | --- | --- | --- | --- |
| ര | ന | ര | ന | ര | ന |

**നു, മുൻപുകാൽ,**

7
ര

ഒന്നാമത്തേതു് മധ്യലഘുവാകയാൽ 'ര, ഗണം. ('ണ്ട'യുടെ വലത്തുവശത്തു് ചില്ലക്ഷരമുണ്ടെങ്കിലും 'തീവ്രയത്നാ'മില്ലാത്തതിനാൽ 'ഗുരു'വല്ല) രണ്ടാമത്തേതു് സർവ്വലഘുവാകയാൽ 'ന' ഗണം ബാക്കി അഞ്ചുഗണങ്ങളും ഒന്നിടവിട്ടു് ഇപ്രകാരം ആവർത്തിക്കയാണു്. അങ്ങിനെ ഇതിൽ 'ര ന ര ന ര ന ര' എന്നു് 7 ഗണമുണ്ടു്. .

ലക്ഷണം.

'രംനരം നരനരം' നിരന്നുവരുമെങ്കിലോ കുസുമമഞ്ജരി.'

N. B. സംസ്കൃതത്തിൽ ഇനിയും വളരെ വൃത്തങ്ങളുണ്ടു്. അവ തല്ക്കാലം ഇവിടെ വിവരിക്കുന്നില്ല. ഇതുവരെ സിദ്ധിച്ച

പരിചയത്തിലൂടെ അവയും കൈകാര്യം ചെയ്യാൻ കഴിയു മെന്നു് വിശ്വസിക്കുന്നു.

തെറ്റു പാറാതെ എഴുതാൻ കഴിയുന്ന വലിയവൃത്തമാ ണിതു്. പലപ്രാവശ്യം വായിച്ചു് 'രീതി' മനസ്സിൽ ഉറപ്പി ക്കുക. പിന്നീടു് ഇപ്രകാരം ഭേദഗതി വരുത്താം.

'കൊണ്ടൽവേണിയൊരു മൂന്നുനാലടികൾ പോയതില്ലതിനു–
മുൻപുതാൻ
കൊണ്ടു കാലിലൊരു കൊച്ചുകല്ലിതിനടിച്ചുകൊണ്ടവിടെ –
നില്ക്കയായ്
കണ്ണുമങ്ങിനെ തിരിച്ചുനോക്കുകയുമങ്ങുചെയ്തു 'ചെറുവേലി'–
മേൽ
കൊണ്ടുടക്കുമൊരു പട്ടുസാരി വിട്ടുവിച്ചിടുന്ന നടനത്തൊടേ.'

അടുത്തതായി മററു ചില പദ്യങ്ങൾ ശ്രദ്ധിക്കുക.

'പണ്ടു യൗവനവിലാസ വേളയിലുദഗ്രദന്തിവരമസ്തകം
രണ്ടടിക്കുപൊടിയാക്കി, ഭൂകിടാകുലുക്കിതവിടാക്കി ഞാൻ
വേണ്ടിവണ്ണമിനിചിന്ത, വൃദ്ധഹരിവീര! കാലമതുപോ–
യി, മേൽ
മിണ്ടിടാതൊരു ഗുഹയ്ക്കകത്തുനിവസിക്കമൊനമതുതന്നെതേ.'
(സ്വന്തം)

"വർത്തമാനമഖിലത്തിനും പുനരെഴുത്തയച്ചവിവരത്തിനും
എത്തി കത്തു മമ പത്തനത്തിലതു ചിത്തമോദമൊടു വാ–
ങ്ങി ഞാൻ
അത്രയല്ലതുവിടുർത്തുകണ്ട സമയത്തിലെന്റെ ഹൃദയത്തിലെ
കത്തലിന്നുബത! പത്തുനൂറുതലയൊത്തവൻ പറകിലെ–
ത്തുമോ?"
(അജ്ഞാത നാമാ.)

മുകളിലെഴുതിയ പദ്യത്തിൽ തുടർച്ചയായി കാണുന്ന പ്രാ സഭംഗിക്കുടി ശ്രദ്ധിച്ചു് അതുപോലൊരു പദ്യമെഴുതുവാൻ ശ്രമിക്കുക.

'ദുരാശമൂത്ത ഒരു പാന്ഥൻ ധനപരമായി വളരെ വിഷമിച്ച് നടന്നുപോകവേ, ദൈവമേ! ഈ വഴിയിലെങ്ങാനും കിടന്ന് എനിക്ക് ആയിരം രൂപകിട്ടിയാൽ അതിൽ പകുതി ഞാൻ ദേവാലയത്തിൽ അവിടേയ്ക്കുവേണ്ടി 'നേർച്ച' കഴിക്കാമെന്നു പ്രാത്ഥിച്ചു. അപ്പോൾ, പറയുന്നതുപോലെ ചെയ്യുക പതിവില്ലാത്ത തൻെറ വാഗ്ദാനം സവ്വജ്ഞനായ ദൈവം അവിശ്വസിച്ചെങ്കിലോ എന്നു കരുതി, അങ്ങ് പകുതി നേരത്തെയെടുത്തുകൊണ്ട് ബാക്കി തന്നേക്കുക. അപ്പോൾ പേടിക്കേണ്ടല്ലോ എന്നുകൂടി ഉൽബോധിപ്പിച്ചുപോലും.'

ഈ ആശയം ഞാൻ കുസുമമഞ്ജരിവൃത്തത്തിൽ എഴുതുന്നു. കുറച്ചുകൂടി ഭാഗിയായി നിങ്ങൾ എഴുതുമെന്ന് ഞാൻ വിശ്വസിക്കുന്നു.

'രൂപയായിരമെനിക്കു റോഡിലിവിടെക്കിടന്നുടനെ കി-
ട്ടിയാൽ
ദൈവമേ! പകുതി നേർച്ചകൾക്കു, മടിവിട്ടു ഞാൻ ചിലവ-
ഴിച്ചിടാം
സംശയം ചെറുതിവൻെറ പേരിലുളവാകിലാപ്പകുതിയ-
ങ്ങെടു-
ത്താശു ബാക്കി തരണേ! ഭയപ്പെടുവതിന്നു പിന്നെ വഴിയെ-
ന്നുവാൻ,
(സ്വ.തം)

# അദ്ധ്യായം 4
## ശബ്ദാലങ്കാരം (പ്രാസം)

മനുഷ്യക്കെന്നപോലെ കവിതയ്ക്കും അലങ്കാരം ആവശ്യമാണ്. അലങ്കാരത്തിന്, അത്ഥാലങ്കാരം, ശബ്ദാലങ്കാരമെന്ന് രണ്ട് പിരിവുണ്ട്. ഉപമ, ഉൽപ്രേക്ഷ, രൂപകം, മുതലായവയാണ് അത്ഥാലങ്കാരങ്ങൾ. അവ ഇന്ന സ്ഥലത്ത് ഇന്ന

വിധത്തിൽ പ്രയോഗിക്കണമെന്നു് നിർദ്ദേശം നൽകുക സാധ്യമല്ലാത്തതിനാൽ രണ്ടാമത്തെ വിഭാഗത്തിലേക്കു നമുക്കു കടക്കാം.

ശബ്ദാലങ്കാരം എല്ലാ ഭാഷകളിലുമുണ്ടു്. എന്നാൽ മലയാളത്തിലെപ്പോലെ വിവിധത്വവും പരിപുഷ്ടിയും മറെറാരുഭാഷയ്ക്കുണ്ടെന്നു തോന്നുന്നില്ല. ക്ഷുദ്രകവിതയ്ക്കുപോലും ശബ്ദാലങ്കാരം അഥവാ പ്രാസം കൃത്രിമഭംഗിയുണ്ടാക്കുമെങ്കിൽ, അതു് ഉത്തമകവിതയുടെ സാരസ്യത്തിന്റെ മാററു് എത്രമാത്രം വർദ്ധിപ്പിക്കുമെന്നു് പറയേണ്ടതില്ലല്ലോ.

മലയാളത്തിൽ പലമാതിരി പ്രാസങ്ങൾ ഉണ്ടു്. അവയിൽ 'ദ്വിതീയാക്ഷര പ്രാസ'ത്തിനു് എങ്ങിനെയോ പ്രാധാന്യം വന്നുകൂടി. അതു'കൈരളീമഹിളതൻ മംഗല്യ' മെന്നുപോലും കേരള കാളിദാസനായിരുന്ന വലിയകോയിത്തമ്പുരാൻ വിധികല്പിച്ചു, രാജരാജവർമ്മകോയിത്തമ്പുരാൻ, കെ. സി. കേശവപിള്ള മുതലായവർ അതിനോടു വിയോജിച്ചു. അതിനെ അടിസ്ഥാനപ്പെടുത്തി കുറേക്കാലം മുൻപു് ഒരു സമരംതന്നെ നടന്നു. ആ അവസരത്തിൽ എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ ദ്വിതീയാക്ഷരപ്രാസത്തേക്കുറിച്ചുമാത്രമല്ല, കവിതയിൽ ശ്രദ്ധിക്കേണ്ട എല്ലാഭാഗത്തേയും സ്പർശിച്ചു പ്രസ്താവിച്ചതു് അടിയിലെഴുതാം.

'പാദം നാലിലുമൊത്തുവെന്നു വരണം രണ്ടാമതാമക്ഷരം
വൃത്തം പൂർത്തിവരായ്കിലോ വിടവടച്ചീടാം നിരർത്ഥാ
കതിയാൽ
യതിക്കേണ്ടയതിക്കു, സംസ്കൃതപദം കുത്തിച്ചെലുത്താം
നിറ-
ച്ചു, ത്ഥംചേന്നുവരും മുറയ്ക്കുതന്നിയേ
ശ്ലോകം ചമച്ചേക്കണം.'

എന്ന സമ്പ്രദായം കവികൾ ഉപേക്ഷിച്ചു്.

"അന്യൂനാനതിരക്തിമായ് വിലസണം
ശബ്ദങ്ങളത്ഥങ്ങളും
പ്രാസാദ്യാഭരണങ്ങൾ വാങ്ങുവതിനാ
യത്ഥം കളഞ്ഞിടൊലാ

ദോഷംനീക്കി, വളച്ചുകെട്ടുകളൊഴി–
ച്ചൗചിത്യമോർത്തോതണം
സൽക്കാവ്യോചിതമായ വസ്തു വിവിധം
വ്യംഗ്യം വിളങ്ങുംവിധം"

എന്ന ആദർശം അംഗീകരിക്കുവാൻ അദ്ദേഹം ഉപദേശിച്ചു. അതു് സ്വീകൃതവുമായിയെന്നു വേണം പറവാൻ. അർത്ഥത്തെ ബലികഴിച്ചും ദ്വിതീയാക്ഷരപ്രാസം ദീക്ഷിക്കണമെന്ന നിർബന്ധം ഉപേക്ഷിക്കണമെന്നേ ആ സാഹിത്യപരിഷ്കാരകാരൻ അഭിപ്രായപ്പെട്ടുള്ളു.

സംസ്കൃത–ഭാഷാവൃത്തങ്ങളിൽ രണ്ടാമത്തെ അക്ഷരം ഒരുപോലെ പ്രയോഗിക്കുന്നതാണല്ലോ.

## 1. ദ്വിതീയാക്ഷരപ്രാസം

ഉദാ:–

"നല്ലവാക്കർഭകൻപോലും
ചെല്ലിയാലതെടുക്കണം
അല്ലാതജ്ഞൻ പറഞ്ഞാലും
പുല്ലുപോലതു തള്ളണം."

എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ ആദിയായ പ്രാചീനമഹാകവികൾ ദ്വിതീയാക്ഷരപ്രാസം നിർബന്ധപൂർവ്വം ഉപയോഗിച്ചിരുന്നു. നമ്പ്യാരുടെ തുള്ളൽക്കഥകളിലെ ദ്വിതീയാക്ഷരപ്രാസഭംഗി ആരേയും വിസ്മയിപ്പിക്കുകതന്നെ ചെയ്യും. കഴിഞ്ഞുപോയ കവികളെല്ലാവരും അതിനെ അനുകരിച്ചിരുന്നു. ഇന്നു്, പേരും പെരുമയും കൈക്കൊണ്ടു് കൈരളീസേവനം അനുഷ്ഠിച്ചുപോരുന്ന മഹാകവി വള്ളത്തോൾ, ജി. ശങ്കരക്കുറുപ്പു് ആദിയായ സാഹിത്യസവ്യസാചികളും ദ്വിതീയാക്ഷരപ്രാസത്തെ ഇഷ്ടപ്പെടുന്നവരാണു്. പക്ഷേ, തദ്വിഷയകമായ മക്കടമുഷ്ടിയവർക്കില്ല.

"ആററിലേക്കച്യുതാ! ചാടൊല്ലേ ചാടൊല്ലേ
കാട്ടിലെ പൊയ്കയിൽ പ്പോയിനീന്താം."

(വള്ളത്തോൾ)

"അന്തിക്കാർമുകിലുകൾ ദൂരചക്രവാളത്തി-
ലങ്ങിങ്ങുചോരക്കട്ടപോലവേ കിടക്കുന്നു."
(ജി. ശങ്കരക്കുറുപ്പ്)

ദ്വിതീയാക്ഷരപ്രാസമില്ലാഴികയാൽ ഈ കവിതകൾക്ക് യാതൊരു കുറവുമില്ലെന്ന് കാണാവുന്നതാണല്ലോ.

കവിതാരചനയ്ക്കൊരുങ്ങുന്ന സുഹൃത്തുക്കൾ അർത്ഥഹാനി നേരിടാതെ കഴിവതും ദ്വിതീയാക്ഷരപ്രാസമുപയോഗിക്കുവാൻ ശ്രമിക്കണമെന്നേ എനിക്കു പറയുവാനുള്ളൂ. അതു് കൂടുതൽ പദസ്വാധീനമുണ്ടാകുവാൻ സഹായിക്കയും ചെയ്യും.

ദ്വിതീയാക്ഷരപ്രാസം കഴിഞ്ഞാൽ ആദിപ്രാസം തൃതീയാക്ഷരപ്രാസം മുതലായവയും കൈരളിക്കു ഭംഗി കൂട്ടുന്നവയാണ്. അവയും പരിശീലിക്കുന്നതു നന്നു്.

ഉദാഹരണം.

## 2. ആദിപ്രാസം.

"വാരുറേറാരു നവീനയുഗത്തിൽ
വാഴത്തോപ്പുകൾ വിരിയട്ടെ."
(വൈലോപ്പിള്ളിൽ ശ്രീധരമേനോൻ)

"പുലരിപ്രകാശം പോൽ ദിക്കെങ്ങും പരന്നതു
പുളകോൽഗമം ചേർത്തിതാര്യരാം സൂരീന്ദ്രരിൽ."
(വെണ്ണിക്കുളം)

"മുററത്തുമുററുമീവൃത്തികേടൊക്കയും
മാററിത്തളിക്കുമിത്തുച്ഛകാരി
...................................................
...................................................
നാടാകെ രാഷ്ട്രീയം പാടിനടക്കുന്ന
നാരീമണികളെ നാണിപ്പിക്കും."
(മണിപ്പുഴ വാസുദേവൻനായർ)

3. തൃതീയാക്ഷരപ്രാസം

"ഇന്ദുപ്രഭാകര,രാദിവ്യവൃന്ദത്തിൽ
മന്ദപ്രഭരായിനിന്നുമിന്നി."

(എൻ. ഗോപാലപിള്ള)

"കരയിലടുത്തെഴും കുലശേഖരക്ഷേത്രം
കരയുംപോലെ കേൾക്കായ് ക്ഷീണമാംമണിനാദം."

(ജി. ശങ്കരക്കുറുപ്പ്)

"അവനീശതവേണമാഢ്യനർവ്വീ-
ധവനാശിപ്പതുചക്രവത്തിയാവാൻ
അവനോളവനാധിപത്യലുബ്ധൻ
ശിവനേ! മർത്യനതൃഷ്ണതീരലുണ്ടോ?"

(വള്ളത്തോൾ)

"ക്ഷണത്തിൽചെന്നു തെരുങ്ങി പ്രപഞ്ചംനിന്നഹോ!
ഹിമ-
കണത്തിൽ ബിംബിച്ചുകാണും കാനനംപോലെ."

(കുമാരനാശാൻ)

4. അനുപ്രാസം.

ഒരേ അക്ഷരം അടുത്തടുത്തു് പല പ്രാവശ്യം ആവത്തിക്കുന്നതാണു് അനുപ്രാസം. കവിതയ്ക്കു് കണക്കിൽ കവിഞ്ഞ കമനീയത കൈവരുത്തുവാൻ ഇതിനു കഴിയും.

ഉദാഹരണം.

"ലീലാഗോപാലനാംബാലൻ
സകലംമാലകററണം."

(രാജരാജവമ്മതമ്പുരാൻ)

"ലീലാവിലാസകലിതാമലബാലരാജ-
കോലാഹലാകുലിതമൂലന്റ പാലമൗലി."

(ഒ. എം. ചെറിയാൻ)

"ചിന്തയ്ക്ക, വിന്ത,യ്ക്ക,മന്തയ്ക്കപാധമോ-
പാസനാവാസനായാസനാദഘചഹം
സാധിതാസാധിതാ,സാധുതാസാധുതാ,
കിന്തയാചിന്തയാചിന്തയാമശ്ശിവം."

(ഒരു സംസ്കൃതമഹാകവി)

കുസുമമഞ്ജരിവൃത്തത്തിലുള്ള ഒരു പദ്യത്തിൻെറ നാലാം പാദം മാത്രം.

"തക്കമോടഹഹ! വെക്കമോടിമലപുക്കിടാതെ-
തലപൊക്കിടാം."

(രാജരാജവമ്മ കോയിത്തമ്പുരാൻ)

പുഷ്പിതാഗ്രവൃത്തത്തിൻെറ ഉത്തരാദ്ധം.

"നലമൊട്ടനവമാംവയസ്സിലോമൽ
കുലലലനാമണി ലീലലാലസിച്ചു."

(സ്വന്തം)

ഗാഥാരീതി.

"ആലോലപേശലശീലവിലാസിനി
മാലിനി, മേലന്തക്രലതാനോ?"

(മണിപ്പുഴ വാസുദേവൻനായർ)

## 5. അന്ത്യപ്രാസം.

ഒടുവിലത്തെ അക്ഷരങ്ങൾ ഒരുപോലെ വരുന്നതാണ് അന്ത്യപ്രാസം. പല ഭാഷകളിലും ഇതു നടപ്പുണ്ട്. സഹൃദയാഹ്ലാദം ഉളവാക്കുവാൻ ഒരു പ്രത്യേകവൈഭവം ഇതിനുണ്ടെന്നു അനുഭവം ബോദ്ധ്യപ്പെടുത്തും.

1. തിരുവാതിരനാളിലാവധൂടീ-
കുലമാനന്ദസമേതമൊത്തുകൂടി
പലമാതിരി നല്ല പാട്ടുപാടി
പ്പരമാനന്ദമിയന്നുനൃത്തമാടി.

(മണിപ്പുഴ വാസുദേവൻനായർ)

2. "ദയയൊരുലവലേശംപോലുമില്ലാത്തദേശം
പരമിഹപരദേശംപാക്കിലത്യന്തമോശം
പാരകിൽനഹികലാശംപാക്കിലഞ്ഞേകദേശം
സുമുഖി! നരകദേശംതന്നെയാണപ്രദേശം."

'പരദേശം വളരെ മോശമാണ്. അവിടെ ദയ ലേശമില്ല. അതൊരു നരകദേശമാണെന്നുകൂടി പറയണം.' മേലെഴുതിയ പദ്യത്തിൽ ഇത്രയുമേ കാര്യമുള്ളു. എന്നാലും അന്ത്യമദ്ധ്യപ്രാസങ്ങൾ അതിനുളവാക്കുന്ന ഒരാകർഷകത്വം ഒന്നു വേറേ തന്നെയെന്നു സമ്മതിക്കാതെ തരമില്ല.

ഭാഷാവൃത്തങ്ങൾ.

3. ഓടിക്കേറും കാലത്തിരമേ-
ലോണത്തപ്പൻ ചാഞ്ചാടി,
ഓളംവെട്ടും ചിങ്ങപ്പൊലിമയി-
ലോണപ്പൂക്കളുയർന്നാടി
മിന്നിപ്പൂരം പാടംതോറും
കന്നിക്കതിരുകൾ നടമാടി.

(പാലാ നാരായണൻനായർ)

4. 'കരിമുകിൽമാനത്തു തിങ്ങിവിങ്ങി
പകലിന്റെ കാന്തിമയങ്ങിമങ്ങി
ഇടിമൂലം ഭൂമിപരം നടുങ്ങി.
ഇടവിടാതുള്ള മഴ തുടങ്ങി.
മലവെള്ളം നാടാകെ വന്നുപൊങ്ങി
നിമിഷംകൊണ്ടെന്റെ പറമ്പുമുങ്ങി, (സ്വന്തം)

* * * *

5. താരാട്ട്.

പ്രാവേ! നീ വന്നു പടിക്കൽ—നില്പൂ.
വന്നാലും വേഗമടുക്കൽ.
സൽക്കരിക്കാൻ പരിമോദം—നാട്ടു-
കാർക്കുണ്ടതുനിർവിവാദം.

(മണിപ്പുഴ വാസുദേവൻനായർ)

(വഞ്ചിപ്പാട്ടുരീതി.) ഭാരതമാതാവിനോട്,
"പാരതന്ത്ര്യക്കറനീങ്ങി പാരിലെല്ലാം കീർത്തി തിങ്ങി
സൈ്വരതരം നീ വിളങ്ങീടുന്നു രമ്യാംഗി."

സ്രഗ്ദ്ധരാവൃത്തം.

"പാരീരേഴം കലുങ്ങീ, ശിവശിവകടുതാ-
യബ്ധിയേഴും കലങ്ങീ
സുരൻപാരാതെമങ്ങീകലഹരസികനാം
നാരദൻ ഹാ നടുങ്ങീ
ചക്രാസ്ത്രങ്ങൾ പിണങ്ങീട്ടണയുമളവിലാ-
ശ്ശബ്ദമെങ്ങും മുഴങ്ങീ
ശീഘ്രം ബ്രഹ്മൻ കുഴങ്ങീട്ടധികതരഭിയാ
ചിന്തതന്നിൽ കുടുങ്ങീ."

(സ്വന്തം)

ശ്രീകൃഷ്ണനയച്ച സുദർശനചക്രവും അർജ്ജുനൻ പ്രയോഗിച്ച പാശുപതാസ്ത്രവും തമ്മിൽ കുട്ടിമുട്ടാൻ തുടങ്ങുന്ന രംഗം വർണ്ണിക്കുന്ന ഈ പദ്യത്തിൻെറ ഗാംഭീര്യത്തെ അന്ത്യപ്രാസം അത്യധികം പരിപുഷ്ടിപ്പെടുത്തുമെന്നു് ആരും സമ്മതിക്കുമല്ലോ.

## 6. യമകം.

യമകത്തെക്കുറിച്ചു്, അല്പംമുൻപു് പറഞ്ഞിട്ടുണ്ടു്. അർത്ഥഭേദം വ്യക്തമാകത്തക്കവണ്ണം അക്ഷരക്കൂട്ടം ആവർത്തിക്കുന്നതാണു് യമകം.

"അമരണംമരണം വരുവോളവും"

എന്നു് മുൻപെ ഉദാഹരണം കാണിച്ചു. ഒന്നാമത്തെ അക്ഷരം തള്ളി മൂന്നക്ഷരം ആവർത്തിക്കയാണു് അതിൻെറ സ്വഭാവം.

"അ, വനിതാ, വനിതാ, മുടിമാലികേ."

രണ്ടു വനിതാ വരുന്നുണ്ടെങ്കിലും അർത്ഥഭേദം വ്യക്തമാണല്ലോ.

1. "ഇവിടനീ വിടനീതി നടത്തൊലാ."

2. "വിളറിയാളറിയാത്തവിധത്തിലായ്"

വിളറി ആളു് അറിയാത്തവിധത്തിലായിയെന്നു് ആശയം.

3. "നലമെഴും ചടുകാപ്പി, പരിഷ്കൃതി
ഒപ്പോലിമചേർന്നോരു ചായയിവററയിൽ
വലിയൊരാശപെടായ്കിലുടൻവധൂ-
കുലമണേ! ലമണോഡം കുടിക്കെടോ."

(സ്വന്തം)

കവിയുടെ കഴിവനുസരിച്ച് ഒരു വരിയിൽതന്നെ കൂടുതൽ യമകങ്ങൾ പ്രയോഗിക്കാം

"വരണമാ,രണമാ,രണമാ,രണം."

(ഉള്ളൂർ)

'അരണമാരണം, ആ രണം വരണം' എന്നു അന്വയം ബ്രാഹ്മണ (സജ്ജന) നാശകരമായ ആ യുദ്ധമുണ്ടാകണമെന്നാശയം.

ദ്രുതവിളംബിതമല്ലാത്ത വൃത്തങ്ങളിൽ മററു വിധത്തിലും യമകം പ്രയോഗിക്കാറുണ്ട്.

"കല്പദ്രു കല്പദ്രു പദേന്ദ്രപുത്രീ
സാരസ്യ സാരസ്യ നിവാസഭൂമീ
നാളീക നാളീക ശരാർദ്ദിതാസാ
മന്ദാക്ഷ മന്ദാക്ഷ രമേവമൂചേ."

കല്പദ്രുവിനു (കല്പവൃക്ഷത്തിനു) കല്പയും (തുല്യയും) സരസതയുടെ സാരത്തിനു നിവാസഭൂമിയും (ഇരിപ്പടവും) ആയ ദ്രുപദേന്ദ്രപുത്രി (പാഞ്ചാലി) നാളീകനാളീക (കാമദേവ) ശരാർദ്ദിതയായിട്ട് (കാമപീഡിതയായിട്ട്) മന്ദാക്ഷം (ലജ്ജ) കൊണ്ടു മന്ദമായ അക്ഷരം, ഏവം ഊചേ. (ഇപ്രകാരം പറഞ്ഞു.)

അർത്ഥപുഷ്ടിയോടുകൂടിയ യമകഭംഗി ഈ പദ്യത്തിൽ കാണാം.

"നിത്യംകൂപ്പാമടികളം ഗണപതിവിട്ടുവാനായ്
മടികളംമടികളം."

സ്രഗ്ധരവൃത്തത്തിലുള്ള ഈ പദ്യത്തിലെ യമകം എത്ര ഹൃദയാവർജ്ജകമായിരിക്കുന്നു നോക്കുക.

# അദ്ധ്യായം 5

## തർജ്ജമ അഥവാ വിവർത്തനം

ഇന്ന് പ്രാബല്യത്തിലിരിക്കുന്ന ഭാഷകളെല്ലാംതന്നെ സ്വയം അഭിവൃദ്ധിപ്പെട്ടിട്ടുള്ളവയല്ല. അന്യഭാഷകളുടെ സഹായം ഓരോന്നിനുമുണ്ടായിട്ടുണ്ട്. സാഹിത്യത്തിൻെറ കാര്യമാണെങ്കിൽ പറയേണ്ടതുമില്ല. ഇന്ന് പരിഷ്കാരത്തിൻേറയും പ്രചാരത്തിൻേറയും കൂടുതൽകൊണ്ട് മുന്നണിയിൽ 'ഇംഗ്ലീഷ്' വിവർത്തന പ്രഭാവംകൊണ്ടു കൂടിയാണ് ഈ നിലയിൽ എത്തിയിട്ടുള്ളത്. ശാകുന്തളത്തിൻെറ എട്ടു പത്തു തർജ്ജമ ആ ഭാഷയിലുണ്ടെന്നാണ് എൻെറ അറിവ്. മലയാളത്തിൽനിന്നുതന്നെ മദനമഞ്ജരി, മറിയം മുതലായവ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തിട്ടുണ്ടല്ലോ. അതതു ഭാഷകളിലെ മഹാന്മാരുടെ കൃതികൾ വിവർത്തനം ചെയ്യുകിൽ മാത്രമേ ഇതരഭാഷകളിലെ സാധാരണക്കാർക്ക് അതിൻെറ രസവും നന്മയും പ്രയോജനപ്പെടുത്തുവാൻ സാധിക്കയുമുള്ളു. അതിനാൽ തർജ്ജമ ചെയ്‌വാനുള്ള പരിചയവും താല്പര്യവും അവശ്യമെന്നേ പറയേണ്ടു.

നമ്മുടെ മലയാളഭാഷ വളൎന്നതുതന്നെ സംസ്കൃതത്തിൻെറ തണലിൽക്കൂടിയാണ്. ഏതാനും കൊല്ലങ്ങളായിട്ട് ഇംഗ്ലീഷ് ഭാഷയിൽനിന്നും കിട്ടിയിട്ടുള്ള സംഭാവനയും കൃതജ്ഞതാപൂർവ്വം സ്മരിക്കത്തക്കതുതന്നെ. മററു പല ഭാഷകളുടെ സഹായവും മലയാളത്തിനു കിട്ടിയിട്ടുണ്ടെന്നുള്ള കാര്യവും എടുത്തു പറയേണ്ടിയിരിക്കുന്നു.

ആദ്യമായി ഇംഗ്ലീഷിൽ നിന്നും ചില പദ്യങ്ങൾ വിവർത്തനം ചെയ്‌വാൻ നമുക്കു ശ്രമിക്കാം.

ഒരു ആംഗ്ലേയ മഹാകവി ബാലനായിരുന്ന കാലത്ത് അദ്ദേഹത്തിൻെറ പിതാവ്, കവിതയെഴുതിയ കുററത്തിനു, മകനെ ശിക്ഷിച്ചുപോലും. മേലാൽ താൻ അപ്രകാരമൊരു കുററം

ചെയ്യുകയില്ലെന്നു് കരഞ്ഞുകൊണ്ടു് പിതാവിനെ അറിയിച്ചതു് കവിതയിൽ തന്നെയായിരുന്നു. അതാവിതു്,

'Papa, Papa, pity take,
Poetry I shall never take.'

ആ പദ്യം നമുക്കൊന്നു വിവൎത്തനം ചെയ്യാം.

'അച്ഛാ! അച്ഛാ! ദയ സ്വീകരിക്കണേ! മേലാൽ ഞാൻ പദ്യം എഴുതുകയില്ല.' എന്നാണല്ലോ അതിന്റെ ആശയം. ഇംഗ്ലീഷിനോടു ഏതാണ്ടു സാമ്യമുള്ള വൃത്തം നമുക്കുള്ളതു് ഇവിടെ ആദ്യമായി സ്വീകരിക്കാം.

1. 'അച്ഛ! അച്ഛ! ദയവേണേ!
പദ്യം മേലാലെഴുതാ ഞാൻ.'

* * * *

2. 'അച്ഛ! അച്ഛാ! ദയവേണേ!
പദ്യം ഞാനിനിയെഴുതീടാ.'

അന്ത്യപ്രാസം വരുത്തി ഇപ്രകാരവും എഴുതാം.

അച്ഛാ! അച്ഛാ! ദയ കാട്ടു
പദ്യമെഴുത്തിത! ഞാൻ വിട്ടു,

* * * *

അന്നനട (കണ്ണുപൎവ്വതരീതിയിലും എഴുതാം.)

'പ്രിയപിതാവേ! നീ ദയ കാണിക്കണേ!
കവിത മേലിൽ ഞാനെഴുതിടാ നൂനം.'

* * * *

നിങ്ങൾ വേറെയേതെങ്കിലും വൃത്തത്തിൽ ഇതൊന്നു് വിവൎത്തനം ചെയ്തു നോക്കുക.

ഇനി ഒന്നാം ഫാറത്തിലെ പാഠപുസ്തകത്തിലുള്ള പദ്യം അടിയിൽ എഴുതുന്നു.

'Rain, rain go away,
Come again another day,
Little Ramu wants to play,
Rain, rain go away.'

1. 'മഴയേ! മഴയേ! ദൂരപ്പോ
പിന്നൊരു നാളിൽ വരാമല്ലോ
രാമൻകുഞ്ഞു കളിച്ചോട്ടെ
മഴയേ മഴയേ ദൂരപ്പോ,

* * * * *

2 അന്നന്ന രീതിയിൽ

മഴയേ ദൂരപ്പോ! മഴയേ ദൂരപ്പോ!
ഇനിയൊരുനാളിൽ വരാം നിനക്കെടോ
കളിച്ചുകൊള്ളട്ടെ ശിശുവാമീരാമൻ
മഴയേ ദൂരപ്പോ! മഴയേ ദൂരപ്പോ!

നിങ്ങളും ഏതെങ്കിലുമൊരു വൃത്തത്തിൽ ഈ ആശയം തർജ്ജമ ചെയ്തു നോക്കണം.

'കരോളിൻ സതി'യെന്ന ആംഗലേയ കവയിത്രിയുടെ മരണത്തിനോട്ട് എന്ന കവിതയുടെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു.

"Come not in terror clad
To claim an unresisting prey,
Come like an evening shadow, Death !
So stealthily, So silently.

..........................................

What need to clutch with iron grasp
What gentlest touch may take ?"

(Caroline Sonthey)

മരണം ആർക്കും ഒഴിച്ചു വയ്യാവുന്നതല്ല. അതിൽ ഭയപ്പെടുന്നതുകൊണ്ട് വിശേഷമൊന്നുമില്ല. ജീവിതത്തിൽ ചെയ്യേണ്ടതെല്ലാം ചെയ്തു. കിട്ടേണ്ടതു കിട്ടി. അനന്തരം നമ്മുടെ കവയിത്രി സന്തോഷപൂർവ്വം മരണത്തെ സ്വാഗതം ചെയ്യുന്നു. എന്നാൽ ഭയങ്കര രൂപത്തിലുള്ള മരണത്തിൻെറ വരവ് അവർ ഇഷ്ടപ്പെടുന്നില്ല. ശാന്തമായും നിശ്ശബ്ദമായും വന്ന് കൊണ്ടുപൊയ്ക്കൊള്ളാൻ അവർ ആവശ്യപ്പെടുന്നു.

(മുൻ എഴുതിയ മലയപ്പുലയൻ എന്ന രീതി തന്നെ)

"എതിരിടാത്തുള്ളോരെക്കൊണ്ടു പോവാൻ
അതിഘോരമീരൂപമെന്തിനാണോ?
ഒരു പകലത്തെ നിഴലുപോലെ
മരണമേ! പോരൂ പതിയെമെല്ലെ.
.......................................
.............................................
വെറുതേ വിളിച്ചാൽ വരുന്നവരെ
കയറിട്ടു കെട്ടുന്നതെന്തിനാണോ?"

(മണിപ്പുഴ രാമചന്ദ്രൻനായർ)

ഇവയോ മറ്റേതെങ്കിലും ഇംഗ്ലീഷ് കവിതകളോ നിങ്ങൾ മലയാളത്തിലേക്കു വിവത്തനം ചെയ്യുക.

എമേഴ്സൻ എന്ന അമേരിക്കൻകവിയുടെ 'ഗുഡ് ബൈ' എന്ന ചെറു കവിതയുടെ ആദ്യത്തെ നാലു വരിയാണ് അടിയിൽ കാണുന്നതു്.

"Good bye, proud world! I am going home
Thou art not my friend, and I am not thine,
Long through thy weary crowds I voum,
A river-art on the ocean brine."

R. W. Emerson.

ലോകജീവിതത്തിന്റെ വിഷമതകളാൽ നിരാശനായ കവി, മരണശേഷമുള്ള സ്വാസ്ഥ്യതയെപ്പററി ചെയ്യുന്ന ഭാവനയാണിതു്.

(മലയപ്പുലയനാ മാടത്തിൻ മുററത്ത് എന്ന മട്ട്)

"വല്യതെന്നു ഭാവിക്കും ലോകമേ, പോകുന്നെൻ-
ഭവനത്തിലേക്കു, വിട തരുനീ.
സഖിയായിരുന്നില്ല നീയെനിക്കിന്നോള
മതുപോൽ ഞാൻ നിന്നെയും സ്നേഹിച്ചില്ല.

വളരെ നാളായി ഞാൻ മനുജന്റെ കൂട്ടത്തിൽ
വിവശനായ് നിത്യമുഴന്നിടുന്നു.
അലയാഴിതന്നിലറിയാതകപ്പെട്ടി-
ട്ടലയുമൊരു ചെറു തോണിപോലെ."

(മണിപ്പുഴ രാമചന്ദ്രൻനായർ)

ഭാഷയുടെ വ്യത്യാസം മൂലം മൂലത്തിലെ നാലുവരി മലയാളത്തിൽ എട്ടു വരിയായി വിവർത്തനം ചെയ്യേണ്ടിവന്നു.

മഹാകവി കീററ്സിന്റെ കവിതയിൽനിന്ന് സുപ്രസിദ്ധമായ രണ്ടു വരി അടിയിൽ എഴുതുന്നു.

'Beauty is truth, truth beauty,' that is all
Ye know on earth, and all ye need to know.

(Keats)

സൌന്ദര്യം സത്യമാകുന്നു. സത്യം സൗന്ദര്യവുമത്രേ. അതു് നീയറിയുക. ലോകത്തിലറിയാനുള്ളതുമതുതന്നെയാകുന്നു.)

(തർജ്ജമ കിളിപ്പാട്ടു രീതി.)

"സൗന്ദര്യം സത്യമത്രേ സത്യമോ സൗന്ദര്യവും
അത്രയേ നീയറിയൂ, അറിയാനുമത്രേയുള്ളൂ."

(മണിപ്പുഴ രാമചന്ദ്രൻ നായർ)

ഇനി മററു ചില രീതിയിൽ ഈ ആശയമെഴുതാം.

(മാവേലി നാടു വാണീടും കാലം എന്ന മട്ട്)

1. 'സൗന്ദര്യമാകുന്നു ചാരുസത്യം.
സത്യമോ സൗന്ദര്യമാണു നൂനം
ആയതറിയുക നീ, ജഗത്തി-
ലായതൊന്നേയറിയാനുമുള്ളൂ.'

*　*　*　*

2. (കുറച്ചുകൂടെ വിശദമായിട്ട് വഞ്ചിപ്പാട്ടു രീതിയിൽ)

"ഒരു കാര്യം പ്രധാനമായറികനീ, ഭൂമിയിതി-
ലറിയാനുമത്രേയുള്ളു വാസ്തവമായും.

സൗന്ദര്യമെന്നതു സത്യമാണല്ലാതെയൊന്നല്ല
സത്യം സൗന്ദര്യത്തിനുള്ള മറെറാരു പേരും."

3. (അനുഷ്ടുപ്പ് വൃത്തത്തിൽ)

'സൗന്ദര്യമെന്നതോ സത്യം
സത്യം സൗന്ദര്യമൊന്നുതാൻ.
അറിഞ്ഞീടുകനീ' ഭൂവി-
ലിതൊന്നാണറിയേണ്ടതും.'

ഇനി ഏതാനും സംസ്കൃതപദ്യങ്ങളെ മലയാളത്തിലേക്കു വിവർത്തനം ചെയ്വാൻ ശ്രമിക്കാം. ആദ്യം ഒരു പദ്യത്തിന്റെ രണ്ടു വരി മാത്രമെടുക്കാം.

"കാലഃ ശുഭക്രിയായോഗ്യോ
മുഹൂർത്ത ഇതി കഥ്യതേ."

'ശുഭക്രിയയ്ക്കു യോഗ്യമായ കാലം 'മുഹൂർത്ത'മെന്നു പറയപ്പെടുന്നു' അഥവാ നല്ല കാര്യങ്ങൾ ചെയ്യുവാൻ പററിയ സമയത്തെ 'മുഹൂർത്ത'മെന്നു പറയുന്നു. എന്താണിതിന്റെ അർത്ഥം. ഈ ആശയം ഏതു വൃത്തത്തിൽ—രീതിയിൽ—എഴുതണമെന്നു തീരുമാനംകൂടി ചെയ്യണം. 'മൂല'ത്തിലെ പദത്തിന്റെ മുറ നോക്കേണ്ടതില്ല. ആശയം നാം ഉദ്ദേശിക്കുന്ന വൃത്തത്തിൽ ഉൾക്കൊള്ളിക്കണമെന്നുള്ളതായിരിക്കണം ലക്ഷ്യം. ഇവിടെ മൂലത്തിലെ വൃത്തമായ അനുഷ്ടുപ്പ് ഛന്ദസ്സ് തന്നെ എടുത്തു നോക്കാം.

1. ശുഭക്രിയയ്ക്കു യോജിച്ച
കാലം തന്നെ മുഹൂർത്തമാം.

* * * *

2. ശുഭക്രിയയ്ക്കു യോജിച്ച
തായകാലം മുഹൂർത്തമാം.

* * * *

3. നല്ല കാര്യങ്ങൾ ചെയ്തീടാൻ
തക്കനേരം മുഹൂർത്തമാം.

*    *    *    *

4. സൽക്കർമ്മയോഗ്യമായോരു
സമയം സുമുഹൂർത്തമാം.

ഇപ്രകാരം പല വിധത്തിൽ വിവർത്തനം ചെയ്‌വാൻ കഴിയും.

അടുത്തതായി ലോകത്തിലെ വലിയ പരമാർത്ഥങ്ങൾക്കു മുടിചൂടുന്ന ഗീതയിലെ ഒരു പദ്യമെടുക്കാം.

"ഉദ്ധരേദാത്മനാത്മാനം
നാത്മാനമവസാദയേൽ
ആത്മൈവ ഹ്യാത്മനോബന്ധു
ആത്മൈവരിപുരാത്മനഃ"

ഇതിന്റെ അർത്ഥം

ആത്മനാ ആത്മാനം ഉദ്ധരേൽ = ആത്മാവിനാൽ ആത്മാവിനെ ഉദ്ധരിക്കണം. അതായതു് അവനവൻതന്നെ അവനവനെ ഉയർത്തണം.

ആത്മാനം ന അവസാദയേൽ–ആത്മാവിനെ ക്ഷീണിപ്പിക്കരുതു്. (തന്നെ താഴ്ത്തരുതു്)

ആത്മന = ബന്ധു = ആത്മാ ഏവ അപി = തന്റെ ബന്ധു, താൻ തന്നെ ആകുന്നു നിശ്ചയം.

ആത്മന = രിപുഃ ആത്മാ ഏവ=തന്റെ ശത്രുവും താൻ തന്നെയാകുന്നു.

'അവനവൻതന്നെ അവനവനെ ഉയർത്തണം. സ്വയം താഴ്ത്തരുതു്. തന്റെ വലിയ ശത്രുവും ബന്ധുവും താൻതന്നെയാകുന്നു.' ഒരിക്കലും മററാരാളല്ല.

മൂലത്തിലെ വൃത്തത്തിൽതന്നെ ഇതൊന്നു തർജ്ജമ ചെയ്യാം.

തന്നെ താനങ്ങുയർത്തേണം
താഴ്ത്തീടരുതൊരിക്കലും
താനത്രേ തന്റെ സൽബന്ധു
താൻ തന്നെ തന്റെ ശത്രുവും.

മറെറാരു വിധത്തിലും ഇതു വിവൎത്തനം ചെയ്യാം.

'ഉയൎത്തിടേണം തന്നെ, താൻ
താഴ്ത്തുവാൻ വഴി നോക്കൊലാ
അന്യരല്ലല്ല! താൻ തന്നെ
തന്റെ നൽബന്ധു; ശത്രുവും'

ഗാഥാരീതിയിൽ, അല്പംകൂടെ ആശയം ചേൎത്തു്,

'താൻതന്നെ തന്നെയുയൎത്തണമിഷ്ടംപോൽ
താന്തനായ് താഴ്ത്തുവാൻ നോക്കരുതേ
തന്നുടെ ബന്ധുവും ശത്രുവും താനത്രേ
അന്യരെന്നോൎത്തുക സൎവ്വാബദ്ധം.'

'മാവേലി നാടുവാണിടുംകാലം' എന്ന മട്ടു്.

'താൻതന്നെ, തന്നെയുയൎത്തിടേണം
താഴ്ത്തുവാനായ് വഴി നോക്കരുതേ.
താനാണു് തന്നുടെ ബന്ധുവെപ്പോൽ
താനത്രേ ശത്രുവുമോൎത്തു കണ്ടാൽ.'

ആശയം വ്യക്തമാവാൻവേണ്ടി അല്പം സ്വാതന്ത്ര്യമുപയോഗിച്ചും വിവൎത്തനം സാധിക്കാം.

കിളിപ്പാട്ടുരീതി.

'എന്നുമെൻ സഹോദരാ! നിന്നെ നീയുയൎത്തേണ-
മന്യഥാചിന്തമൂലം താഴ്ത്തുവാൻ ശ്രമിക്കൊല്ലേ!
നീതന്നെ നിന്റെ ബന്ധു, അന്യന്മാരാരുമല്ല
നീതിയോടോർക്കു നീന്റെ ശത്രുവും നീ തന്നെയാം'

നിങ്ങൾ ഏതെങ്കിലും രീതിയിൽ മേല്പറഞ്ഞ പദ്യം സ്വയം വിവൎത്തനം ചെയ്യുന്നതുകൊള്ളാം.

ഇനി മറെറാരു ചെറുപദ്യമെടുക്കാം. വിജയശ്രീലാളിതനായി അയോദ്ധ്യയിൽ തിരിച്ചെത്തിയ ശ്രീരാമൻ, ഹനുമാനു് യാത്രയരുളുന്ന സന്ദൎഭത്തിൽ പറഞ്ഞതാണിതു്.

'മയ്യേവ ലീനതാം യാതു
യത്ത്വയോപകൃതം കപേ!

നരഃപ്രത്യുപകാരാത്ഥീ
വിപത്തി മഭിവാഞ്ഛതി.'

ഹേ! കപേ! അങ്ങുചെയ്ത ഉപകാരമെല്ലാം എന്നിൽതന്നെ ലയിച്ചുപോകട്ടെ. (ഞാൻ വിസ്മരിക്കട്ടെ.) എന്തുകൊണ്ടെന്നാൽ പ്രത്യുപകാരം ചെയ്യുവാൻ ആഗ്രഹിക്കുന്ന ആൾ, തന്റെ മിത്രത്തിനു് ആപത്തുണ്ടാകുവാൻ കൂടി ഇഛിക്കുന്നുണ്ടല്ലോ.

പലരും ചിന്തിച്ചിട്ടില്ലാത്ത ഒരു വലിയ പരമാത്ഥം ഈ പദ്യത്തിലുണ്ടു്. ഒരാൾ നമുക്കു പല സഹായവും ചെയ്തു. അതിനുപകരം അങ്ങോട്ടു സഹായം ചെയ്യാൻ നാം മോഹിക്കുന്നു. അതു നടക്കണമെങ്കിൽ ആ മിത്രത്തിനു് എന്തെങ്കിലും വിഷമം നേരിടണമെന്നു് വ്യക്തമാണല്ലോ. അതുകൊണ്ടാണു് ശ്രീരാമൻ പറയുന്നതു്; അല്ലേ! ഹനുമാൻ! അങ്ങു ചെയ്ത സഹായങ്ങൾ ഞാൻ മറക്കട്ടെയെന്നു്. മറക്കാതിരുന്നാൽ പ്രത്യുപകാരേച്ഛ നിൽക്കും. അതു നടക്കണമെങ്കിൽ നിനക്കു് ആപത്തുവരണം. അപ്രകാരമൊരു ഘട്ടം പോലും നിനക്കുണ്ടാകാതിരിക്കട്ടെയെന്നാണു് ഇവിടെ ആശയം സിദ്ധിക്കുന്നതു്.

1. അങ്ങുചെയ്ത സഹായങ്ങൾ
 വിസ്മരിക്കട്ടെ ഞാൻ കപേ!
 പകരം ചെയ്യുവാനോക്കും
 നര,നാപത്തിനത്ഥിയാം.

വൃത്താനുവൃത്തമായ ഈ തർജ്ജമയിൽ ഉത്തരാദ്ധം (രണ്ടാമത്തെ പകുതി നന്നായില്ല.) അതുകൊണ്ടു് മറെറാരു വൃത്തത്തിൽ തർജ്ജമചെയ്തുനോക്കാം. (മാലിനിവൃത്തം)

2. പലവലിയ സഹായം ചെയ്തിതങ്ങാ,യതെല്ലാ–
 മരിമയൊട്ടമറന്നീടട്ടെ ഞാൻ വായുപുത്രാ!
 പകരമൊരുപകാരം ചെയ്വതിന്നോക്കുവോനാ–
 പ്രിയനു വിഷമമുണ്ടാവാനുമാശിക്കയല്ലീ.......?

ഇനി ഭാഷാവൃത്തത്തിൽ — ഗാഥാരീതിയിൽ ഇതു് വിവത്തനം ചെയ്യാം.

3. ഏറെസ്സഹായങ്ങൾ ചെയ്ത കപേ! ഭവാ,
നായതു വിസ്മരിച്ചീടട്ടെ ഞാൻ
പ്രത്യുപകാരത്തിനാശിപ്പോൻ, മിത്രത്തി–
നത്യാപത്തിനും കൊതിക്കയല്ലീ...?

നിങ്ങൾ ഏതെങ്കിലും രീതിയിൽ ഇതു തർജ്ജമ ചെയ്യ നോക്കണം.

അടുത്തതായി മറെറാരു പദ്യം നോക്കുക.

"പ്രഥമ വയസിദത്തം തോയമല്പംസ്മരന്ത-
ശ്ശിരസിനിഹിതഭാരാ:നാളികേരാ:നരാണാം
സലില മമൃതകല്പം ദദ്യുരാജീവനാന്തം
നഹികൃതമുപകാരം സാധവോ വിസ്മരന്തി"

നാം തെങ്ങിൻ തൈനട്ട് ആദ്യം വെള്ളം കോരുന്നു. അതു വളൻറ് ദീർഘകാലം അമൃതിനു തുല്യമായ വെള്ളം (കരിക്കിൻ നീർ) നമുക്കു തരുന്നു. ഈ വസ്തുത നമുക്ക് അറിയാം. അതു് ഒരു കവിയുടെ ഭാവനയിൽ വന്നതാണു് ഈ പദ്യം.

'തെങ്ങുവൃക്ഷങ്ങൾ, തങ്ങൾക്ക് ആദ്യവയസ്സിൽ (ശൈശവത്തിൽ) ആരോ ഒരാൾ കുറച്ചുവെള്ളം കൊടുത്തുവെന്നതിനെ സ്മരിച്ച് പിന്നീട് ആജീവനാന്തം എല്ലാവക്കും അമൃതതുല്യമായ ജലം കൊടുത്തുകൊണ്ടേയിരിക്കുന്നു. സാധുക്കൾ, ഒരു കാലത്തും അനുഭവപ്പെട്ട ഉപകാരം വിസ്മരിക്കയില്ല.'

(മാലിനിവൃത്തം)

'ശിശുതയിലുദകം തെല്ലേകിയെന്നോത്തു തെങ്ങിൻ–
നിര യമൃതസമാനം വെള്ളമേന്തിശ്ശിരസ്സിൽ
മനുജനുബഹുകാലം നൾകിടുന്നു യഥേഷ്ടം;
സുകൃതികളുപകാരം വിസ്മരിക്കില്ല നൂനം.'

ഇനി ഭാഷാവൃത്തത്തിൽ — 'മലയപ്പുലയനാമാടത്തിൻ മുററത്തു്" എന്ന രീതിയോടു അല്പം മാത്രം വ്യത്യാസമുള്ള മാതൃകയിൽ —ഇതെഴുതാം.

'ശിശുതയിലുദകം തെല്ലേകുകകാരണ–
മമൃതൊത്ത വെള്ളമിത്തെങ്ങു നീണാൾ
തലയിൽ വഹിച്ചു മനുഷ്യനുനൾകുന്നു
സുജനങ്ങളുപകാരമോക്കുമെന്നും.'

ഇനി കാളിദാസൻെറ മേഘസന്ദേശത്തിലെ ആദ്യത്തെ പദ്യം ശ്രദ്ധിക്കുക.

"കശ്ചിൽകാന്താവിരഹഗുരുണാ സ്വാധികാരപ്രമത്ത:
ശാപേനാസ്തം ഗമിത മഹിമാ വർഷഭോഗ്യേണ ഭർത്തു;
യക്ഷശ്ചക്രേ ജനകതനയാസ്നാനപുണ്യോദകേഷു
സ്നിഗ്ദ്ധച്ഛായാ തരുഷു വസതിം രാമഗിര്യാശ്രമേഷു."

സംസ്കൃതപദ്യങ്ങളുടെ അന്വയവും അന്വയാർത്ഥവും ധരിപ്പിച്ചശേഷം അർത്ഥമെഴുതുന്നതാണ് നല്ലതെന്ന് എനിക്കറിയാമെങ്കിലും ഗ്രന്ഥവിസ്തൃതിയെ ഭയന്നാണ് അതിനു മുതിരാത്തതു്. അപ്രകാരം ഗ്രഹിക്കാൻ സൗകര്യമുള്ളവക്ക് ഒരു പ്രേരണക്കൂടിയാണിതു്.

'ഒരിക്കൽ ഒരു യക്ഷൻ ഏതോ ദുസ്വാതന്ത്ര്യം (അപരാധം) കാണിക്കയാൽ അയാളുടെ നാഥൻ (യക്ഷരാജാവ്) 'നീ ഭാര്യയെ വേർപെട്ടു് ഒരുവർഷക്കാലം വിഷമിക്കട്ടെ' യെന്നു് ശപിച്ചു. അതുമൂലം എല്ലാ മഹിമയും നശിച്ച അയാറം, സീത നീരാടുകയാൽ പുണ്യംപൂണ്ട ജലവും ശീതളച്ഛായയോടുകൂടിയ തരുക്കളുമുള്ള രാമഗിരി മലകളിൽ കഴിച്ചുകൂട്ടാനിടയായി.'

ആശയം വളരെ ശ്രദ്ധിച്ചു് മനസ്സിലാക്കിയശേഷം, രാജരാജവർമ്മ തിരുമേനി, നിർമ്മിച്ച വിവർത്തനം നോക്കുക.

"എന്തോ താൻ പിഴചെയ്കയാൽ ദയിതയും ശ്രീയും
പിരിഞ്ഞേകനാ-
യോരാണ്ടോളമരണ്യവാസമരചൻ കല്പിക്കയാലാതുരൻ
ആരോമൽക്കുളിർ കാവണിക്കുടികളിൽ, ശ്രീ സീത
നീരാടിനോ-
രോമൽതീർത്ഥമെഴുന്ന രാമഗിരിമേൽ മേവീടിനാൻ
ഗുഹ്യകൻ."

മഹാകവി ജി. ശങ്കരക്കുറുപ്പവർകറം തൻെറ 'മേഘച്ഛായ' എന്ന കൃതിയിൽ ഇരുപത്തിയൊന്നക്ഷരമുള്ള 'സ്രഗ്ധര' വൃത്തത്തിൽ ഈ പദ്യത്തിൻെറ വിവർത്തനം എങ്ങിനെ ചെയ്തിരിക്കുന്നുവെന്നു് അടിയിൽ കാണിക്കാം.

"പേരോക്കുന്നീല കൃത്യപ്പിഴ പിണയുകയാ-
ലാദ്യമായിട്ടൊരാണ്ടേ-
ക്കാരോമൽ കാന്തവേറിട്ട പഗതമഹിമാ
വായ് നിജസ്വാമിശാപാൽ
ഓരോരോ മാമരപ്പൂന്തണലൊടവനിജാ-
സ്നാനസംശുദ്ധമാം ത-
ണ്ണീരൊല്ലും രാമഗിര്യാശ്രമനിരയിലല-
ഞ്ഞീടിനാൻ യക്ഷനേകൻ."

കവികുലകൂടസ്ഥനായ കാളിദാസരുടെ വിശ്വവിശ്രുതമായ ഒരു കാവ്യത്തിലെ ആദ്യപദ്യത്തിന് വശ്യവചസ്സുകളായ രണ്ടു മഹാകവികൾ ചെയ്ത വിവർത്തനം നമ്മുടെ മുൻപിലുണ്ട്. രണ്ടിനെപ്പററിയും അഭിപ്രായപ്രകടനം എന്നെ സംബന്ധിച്ചിടത്തോളം അനധികൃതവുമാണ്. എന്നാൽ രണ്ടാമത്തതിൽ കാണുന്ന കൂടുതൽ ലാളിത്യവും സ്പഷ്ടതയും, തജ്ജ്ഞമയെപ്പററി പഠിക്കുന്ന നിങ്ങൾക്കു നോക്കാവുന്നതത്രേ.

മൂലത്തിലെ 'സ്നാനപുണ്യോദകേഷു' എന്നതിന് 'സ്നാനസംശുദ്ധമാം' എന്ന രണ്ടാമത്തതിലെ വിവർത്തനം അധികം അനുയോജ്യമായിട്ടുണ്ട്. അടുത്തതായി കാളിദാസൻ 'രാമഗിര്യാശ്രമേഷു' എന്നു ബഹുവചനം പ്രയോഗിച്ചതിനു 'രാമഗിര്യാശ്രമനിരയിൽ' എന്നു 'ജി' ഉപയോഗിച്ചിരിക്കുന്നതും ശ്രദ്ധാർഹമാണ്. അതുപോലെ ആദ്യം 'പേരോക്കുന്നീല' എന്ന പ്രയോഗം കൂട്ടുതൽ സാരസ്യമുളവാക്കുന്നതായും തോന്നാതെ വരികയില്ല.

ഇനി അല്പം ചെറിയ വൃത്തത്തിൽ ഈ ആശയം എഴുതുവാൻ ശ്രമിക്കാം.

മാലിനിവൃത്തം

'ചില പിഴകൾനിമിത്തം കാന്തവേറിട്ടൊരാണ്ടേ-
ക്കാധിപതിയുടെ ശാപഗ്രസ്തനാം യക്ഷനേകൻ
ഉഴറി, വളരെവൃക്ഷച്ഛായയിൽ, സീതനീരാ-
ടിയശുഭജലമോലും രാമഗിര്യാശ്രമത്തിൽ.,

ഭാഷാവൃത്തം.–കിളിപ്പാട്ടുരീതി.

'ഏതോ വൻപിഴമൂലം കാന്തവേറിട്ടൊരാണ്ടു–
വാഴ്വാ നധിനാഥശാപത്താലൊരു യക്ഷൻ
ഉഴറി പലവൃക്ഷഛായയിൽ, സീതാസ്നാന–
സംശുദ്ധജലമോലും രാമഗിര്യാശ്രമത്തിൽ.'

ഒരു സംസ്കൃതവൃത്തത്തിലും ഭാഷാവൃത്തത്തിലും സ്വ
യം നിങ്ങൾ ഈ പദ്യം വിവൎത്തനം ചെയ്യുക.

"മാതാനിന്ദതി, നാഭിനന്ദതിപിതാ; ഭ്രാതാനസംഭാഷതേ
ഭൃത്യഃകുപ്യതി, നാനുരഞ്ജതിസുത: കാന്താനചാലിംഗതേ.
അൎത്ഥപ്രാൎത്ഥന ശങ്കയാ നകുരുതേ പ്യാലാപമാത്രം സുഹൃത്
തസ്മാദൎത്ഥ സമാൎജ്ജനം കുരുസഖേ! വിത്തേനസൎവ്വംവശം."

ധനസമ്പാദത്തിൻെറ ആവശ്യം വ്യക്തമാക്കുന്ന സുപ്ര
സിദ്ധമായ ഒരു പദ്യമാണിതു്.

ധനമില്ലാത്തവനെ, അമ്മ നിന്ദിക്കുന്നു. അച്ഛൻ അഭി
നന്ദിക്കുന്നില്ല. സഹോദരൻ കാണുകപോലുമില്ല. ഭൃത്യൻ എ
തിൎക്കും. പുത്രൻ അനുരംജിക്കയില്ല. ഭാൎയ്യ ആലിംഗനം ചെയ്ക
യില്ല. കണ്ടാൽ ധനമാവശ്യപ്പെട്ടമെന്നു കരുതി കൂട്ടുകാർ നേ
രേവന്നു കാണാതെ ഒഴിഞ്ഞുമാറും. അതുകൊണ്ടു് ഹേ! സഖേ!
ധനം സമ്പാദിക്കാൻ ശ്രമിക്കൂ. ഈ ലോകത്തിലുള്ള സകലതും
വിത്തത്തിനു് വശംവദമാണു്.

(ശാർദ്ദൂലവിക്രീഡിത വൃത്തം)

നന്ദിക്കാജനകൻ, ജനിത്രിമുഷിയും ഭ്രാതാവു നോക്കില്ലഹോ
നിന്ദിക്കും നിജഭൃത്യരാത്മജരടുത്തിടാവെറുക്കും പ്രിയാ,
തന്നോടൎത്ഥമിരക്കുമെന്നു കരുതിക്കാണ്മീലതൻ കൂട്ടുകാ–
രിന്നേതിന്നു മവശ്യമേ ധനമതാൎജ്ജിക്കാൻ ശ്രമിക്കൂ സഖേ!,

(സ്വന്തം)

സൗന്ദര്യമെന്നതു സത്യമാണല്ലാതെയൊന്നുമല്ല
സത്യം സൗന്ദര്യത്തിനുള്ള മറെറാരു പേരും."

3. (അനുഷ്ടുപ്പ് വൃത്തത്തിൽ)

'സൗന്ദര്യമെന്നതോ സത്യം
സത്യം സൗന്ദര്യമൊന്നുതാൻ.
അറിഞ്ഞീടുകനീ' ഭൂവി-
ലിതൊന്നാണറിയേണ്ടതും.'

ഇനി ഏതാനും സംസ്കൃതപദ്യങ്ങളെ മലയാളത്തിലേക്ക വിവൎത്തനം ചെയ്വാൻ ശ്രമിക്കാം. ആദ്യം ഒരു പദ്യത്തിൻെറ രണ്ടു വരി മാത്രമെടുക്കാം.

"കാലഃ ശുഭക്രിയായോഗ്യോ
മുഹൂൎത്ത ഇതി കഥ്യതേ."

'ശുഭക്രിയയ്ക്കു യോഗ്യമായ കാലം 'മുഹൂൎത്ത'മെന്നു പറയപ്പെടുന്നു' അഥവാ നല്ല കാൎയ്യങ്ങൾ ചെയ്യുവാൻ പററിയ സമയത്തെ 'മുഹൂൎത്ത'മെന്നു പറയുന്നു. എന്താണിതിൻെറ അൎത്ഥം. ഈ ആശയം ഏതു വൃത്തത്തിൽ—രീതിയിൽ—എഴുതണമെന്നു തീരുമാനംകൂടി ചെയ്യണം. 'മൂല'ത്തിലെ പദത്തിൻെറ മുറനോക്കേണ്ടതില്ല. ആശയം നാം ഉദ്ദേശിക്കുന്ന വൃത്തത്തിൽ ഉൾക്കൊള്ളിക്കണമെന്നുള്ളതായിരിക്കണം ലക്ഷ്യം. ഇവിടെ മൂലത്തിലെ വൃത്തമായ അനുഷ്ടുപ്പു ഛന്ദസ്സ് തന്നെ എടുത്തുനോക്കാം.

1. ശുഭക്രിയയ്ക്കു യോജിച്ച
കാലം തന്നെ മുഹൂൎത്തമാം.

* * * *

2. ശുഭക്രിയയ്ക്കു യോജിച്ച
തായകാലം മുഹൂൎത്തമാം.

* * * *

3. നല്ല കാൎയ്യങ്ങൾ ചെയ്യുീടാൻ
തക്കനേരം മുഹൂൎത്തമാം.

# ഗവണ്മെൻറ് അംഗീകരിച്ച
# വിദ്യാർത്ഥിമിത്രം പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| ജീവിതമര്യാദകൾ | ജി. കൃഷ്ണപിള്ള | 1 50 |
| വിദ്യാർത്ഥിമിത്രം മലയാളനിഘണ്ടു—കോശി ജോൺ | | 2 00 |
| വാൾട്ടയർ | ജി. കൃഷ്ണപിള്ള | 1 00 |
| സുഭാഷ് ചന്ദ്രബോസ് | പ്രസന്നൻ മുല്ലശ്ശേരി | 1 25 |
| മഹത്വമുദ്രകൾ | അനുജൻ. തിരുവാങ്കുളം | 1 00 |
| കെ. സി. മാമ്മൻമാപ്പിള | വാസുദേവൻകർത്താ | 1 25 |
| മഹാദേവഗോവിന്ദ റാനഡേ | പ്രസന്നൻ മുല്ലശ്ശേരി | 0 50 |
| വിവേകാനന്ദൻ | ,, | 0 50 |
| ശ്രീരാമകൃഷ്ണപരമഹംസൻ | ,, | 0 50 |
| പണ്ഡിത രമാഭായി | ,, | 0 50 |
| സ്വാമി ദയാനന്ദസരസ്വതി | ,, | 0 50 |
| രാജേന്ദ്രപ്രസാദ് | ,, | 0 50 |
| ഈശ്വരചന്ദ്രവിദ്യാസാഗർ | ,, | 0 50 |
| ബാലഗംഗാധരതിലക് | ,, | 0 50 |
| ഗോപാലകൃഷ്ണഗോഖലെ | ,, | 0 50 |
| ഏബ്രഹാം ലിങ്കൺ | ,, | 0 50 |
| സർ ജെ. സി. ബോസ് | ,, | 0 50 |
| ഷേക്സ്പീയർകഥകൾ | ചന്ദ്രശേഖരൻനായർ | 0 50 |
| ടോൾസ്റ്റോയികഥകൾ ഒന്നാംഭാഗം—മാടശ്ശേരി | | 0 75 |
| ടോൾസ്റ്റോയികഥകൾ രണ്ടാംഭാഗം | ,, | 0 75 |
| യവനകഥകൾ | ചന്ദ്രശേഖരൻനായർ | 0 50 |
| യവനകഥാസൂനങ്ങൾ I | മാത്യുലൂക്ക് | 0 50 |
| യവനകഥാസൂനങ്ങൾ II | ,, | 0 50 |
| യവനകഥാസൂനങ്ങൾ III | ,, | 0 50 |
| ബാലകഥകൾ | ചന്ദ്രശേഖരൻനായർ | 0 50 |
| പൗരസ്ത്യകഥകൾ | ,, | 0 75 |
| ഗള്ളിവറുടെ സഞ്ചാരകഥകൾ—നാലാങ്കൽ കൃഷ്ണപിള്ള | | 0 75 |
| കുഞ്ഞുകഥകൾ | ഭാഗീരഥിയമ്മ | 0 75 |
| തീസ്യൂസിൻെറ കഥ | മാത്യു ലൂക്ക് | 0 50 |
| പഞ്ചതന്ത്രകഥകൾ | ആർ. കെ. മേനോൻ | 1 25 |
| ആലീസ് കണ്ട അത്ഭുതലോകം | ഡി. ശ്രീമാൻ നമ്പൂതിരി | 1 00 |

ISLAM HIGH SCHOOL
Date
ERNAKULAM

വിദ്യാർത്ഥിമിത്രം ബുക്കഡിപ്പോ, കോട്ടയം.

# കവന കലാസരണി

പയ്യംപെള്ളിൽ ഗോപാലപിള്ള

വിദ്യാർത്ഥിമിത്രം പ്രസ്സ് & ബുക്കുഡിപ്പോ
കോട്ടയം

Indic Digital Archive Foundation
gpura.org